V മേശപ്പുറത്തുവച്ച കടലാസ്സുകൾ

2010-ലെ സാമ്പത്തിക അവലോകനം

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, 2010-ലെ സാമ്പത്തിക അവലോകനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ.എ. ഷുക്കൂർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇനിയൊരു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ 14 ദിവസം മാത്രമാണുള്ളത്.

മി. സ്പീക്കർ : കൃത്യമായ വിവരം ശ്രീ. എ.എ. ഷുക്കൂറിന് കിട്ടിയോ?

ശ്രീ. എ. എ. ഷുക്കൂർ : എന്തായാലും സ്പോർട്ട്സ് വകുപ്പുമന്ത്രി ഇന്നലെ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും യാത്രയയപ്പ് നൽകിക്കഴിഞ്ഞു. അതുതന്നെ അതിന്റെ സൂചനയാണ്. 14 ദിവസമെന്നുപറയുന്നത് 336 മണിക്കൂറുകൾ മാത്രമാണ്. ഈ 336 മണിക്കൂറുകൾകൊണ്ട് എന്തൊക്കെ ചെയ്യുമെന്നുള്ളത് പറയുന്നതിനുപകരം ഒരു നയപ്രഖ്യാപനമായി ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് അവതരിപ്പിച്ച നടപടിയോട് യോജിക്കാൻ കഴിയുന്നില്ല. എന്തായാലും അത് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമായി കാണാൻ കഴിയുന്നില്ല. ഇതൊരു തെരഞ്ഞെടുപ്പ് പ്രകടന പത്രികയായി മാത്രമേ നമുക്ക് കാണാൻ കഴിയൂ. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. മിനിഞ്ഞാന്ന് മുതൽ നടന്ന ചർച്ചയിൽ അവാർഡുകളെക്കുറിച്ചാണ് ഈ ഗവൺമെന്റ് കൂടുതൽ കാര്യങ്ങൾ പറഞ്ഞത്. അവാർഡുകളെക്കുറിച്ച് പറയുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അവാർഡുകൾ സൂചിപ്പിച്ചു. എന്നാൽ മറ്റൊരു അവാർഡുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതായത് 2008 ഫെബ്രുവരി 8-ന് അമേരിക്കയിലെ വാഷിംഗ്ടണിൽനിന്ന് ലോകബാങ്കിന്റെ ഒരു അവാർഡ് ഈ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ. എന്നുപറയുന്ന പ്രവർത്തനത്തിനാണ്. അത് നമ്മുടെ ലോകബാങ്കിന്റെ അവാർഡാണ്. ഈ അവാർഡ് 2008 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡി.സി.-യിൽ ലോകബാങ്ക് ഓഫീസിൽ നടന്ന പ്യൂപ്പിൾസ് ഫസ്റ്റ് അവാർഡ് എന്ന പേരിലാണ്. മത്സരത്തിൽ KRWSA-ക്ക് (Kerala Rural Water Supply and Sanitation Agency) ഫസ്റ്റ് റണ്ണർ അപ് സ്ഥാനം ലഭിച്ചിട്ടുണ്ട്. 23-ാമത്തെ ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ജനകീയ കോടതിയുടെ അവാർഡുകളെക്കുറിച്ച് ഈ ഗവൺമെന്റ് ഒന്നും പറയുന്നില്ല. കഴിഞ്ഞ നാലുവർഷക്കാലം നമ്മുടെ സംസ്ഥാനത്തുണ്ടായ വിവിധ ജനകീയ കോടതികളുടെ വിധി എന്തായിരുന്നു? ഞാൻ ആലപ്പുഴ ജില്ലക്കാരനാണ്. ഒരു കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോട്ടകൊത്തളങ്ങളിൽപ്പെട്ട ഒരു ജില്ലയായിരുന്നു അത്. ആ ജില്ലയിലെ തുറവൂർ, കുമാരപുരം, പാണാവള്ളി എന്നി വിടങ്ങളിൽ കഴിഞ്ഞ 60 വർഷക്കാലം മാർക്സിസ്റ്റ് പാർട്ടി പൂർണ്ണമായി ഭരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരുന്ന പഞ്ചായത്തുകൾ തകർന്നടിയുകയാണ്. അവിടെ യു.ഡി.എഫ്. വരികയാണ്. കോൺഗ്രസ് ഭരണം മുന്നേറുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വിജയവും ഇനിവരാൻ പോകുന്നതും ഞങ്ങളുടെ വിജയമാണ്. ഇരുട്ടുകൊണ്ട് ഓട്ടയടച്ചുപോകാമെന്ന് ധരിക്കരുത്. ....(ബഹളം)............ അവിടെ ഞാൻ പറയാം. അതിലേക്കാണ് വരുന്നത് ....(ബഹളം)............

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ആലപ്പുഴ ജില്ലയിലെ മൂന്നുനാല് പഞ്ചായത്തുകളുടെ പേരാണ് സി.പി.ഐ.(എം)-ന് ഒരു മെമ്പർപോലുമില്ലാത്ത 57 പഞ്ചായത്തുകളും ഒരു മെമ്പർ മാത്രമുള്ള 67 പഞ്ചായത്തുകളും കേരളത്തിലുണ്ട്. 117 നിയമസഭാ മണ്ഡലങ്ങളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി പുറകിലാണെന്നുള്ളകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എ. ഷുക്കൂർ : ഉണ്ട്. എന്റെ സമയം കളയരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : ബഹുമാനപ്പെട്ട ടി.എൻ. പ്രതാപനും എ. എ. ഷുക്കൂറും പറഞ്ഞുകൊണ്ടിരിക്കുന്നത് ....

മി. സ്പീക്കർ: ശ്രീ. എ. എ. ഷുക്കൂർ അങ്ങയുടെ സമയം...........

ശ്രീ. വി. എസ്. സുനിൽ കുമാർ : യു.ഡി.എഫ്. വലിയ വിജയം നേടിക്കൊണ്ടിരിക്കുന്നുവെന്ന് അങ്ങ് പ്രസംഗിക്കുകയാണല്ലോ. ഞാനൊരു ചോദ്യം ചോദിക്കുകയാണ്, എന്റെ മണ്ഡലത്തിലെ വല്ലച്ചിറ, അവിണിശ്ശേരി പഞ്ചായത്തുകളിൽ ബി.ജെ.പി.-യുമായി ചേർന്ന് മുന്നണിയുണ്ടാക്കി അവിടെ പ്രസിഡന്റ് സ്ഥാനത്തിരിക്കുകയാണ്. ശ്രീ. ടി.എൻ. പ്രതാപന് അറിയാവുന്ന കാര്യമാണ്. ഈ രണ്ട് പഞ്ചായത്തുകൾ ഉൾപ്പെടെ കേരളത്തിലെ നിരവധി പഞ്ചായത്തുകളിൽ ബി.ജെ.പി.-യുമായി കൂട്ടുചേർന്നുകൊണ്ടുള്ള ഭരണത്തെ കുറിച്ച് അങ്ങ് വിശദീകരിച്ചാൽ വളരെ നന്നായിരിക്കും.

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാനപ്പെട്ട ശ്രീ. വി.എസ്. സുനിൽ കുമാർ പറയുന്നത് 100 ശതമാനവും അടിസ്ഥാനരഹിതമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ശശികുമാർ]

ബി.ജെ.പി.യുമായി യു.ഡി.എഫ്-നോ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോ യാതൊരു തരത്തിലുമുള്ള രാഷ്ട്രീയ ബന്ധമോ തെരഞ്ഞെടുപ്പ് ബന്ധമോ ഇല്ല. പ്രഖ്യാപിതമായി ഞങ്ങളുടെ ശത്രു ബി.ജെ.പി.യാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ശ്രീ. എ. എ. ഷുക്കൂറിന് അത് അറിയാമല്ലോ.

ശ്രീ. എ. എ. ഷുക്കൂർ : ബി.ജെ.പി.യുമായി ചേർന്നുകൊണ്ടുള്ള ഭരണം യു.ഡി.എഫ്-ന് ഇല്ല. യു.ഡി.എഫ്. ഒരിടത്തും ബി.ജെ.പി.-യുമായി ചേർന്നിട്ടില്ല. നിങ്ങൾ മനസ്സിലാക്കേണ്ട മറ്റൊന്നുകൂടി പറയാം; ബി.ജെ.പി-യും എൽ.ഡി.എഫ്-ഉം രണ്ടാംസ്ഥാനത്തുവന്ന സ്ഥലങ്ങളിൽ യു.ഡി.എഫ് ഒന്നാംസ്ഥാനത്തും എൽ.ഡി.എഫ്. മൂന്നാംസ്ഥാനത്തുമാണ്. അങ്ങനെ എത്രയോ സ്ഥലം ചൂണ്ടിക്കാണിക്കാം. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിലേക്ക് പോകുന്നില്ല. എന്റെ പ്രസംഗത്തിലേക്ക് കടക്കുകയാണ്. ഇതാണ് അവാർഡുകളുടെ സ്ഥിതി. എനിക്ക് ഈ നിയമസഭയിലേക്ക് കടന്നുവരാൻ സാധിച്ചത് ഒരു ഉപതെരഞ്ഞെടുപ്പിലൂടെയാണ്. ആ ഉപതെരഞ്ഞെടുപ്പിൽ ചർച്ചാ വിഷയമായിരുന്നത് ആസിയാൻ കരാറായിരുന്നു. ഈ നയപ്രഖ്യാപനത്തിലും ആസിയാൻ കരാർ പറയുന്നുണ്ട്. അത് ഞാൻ പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. ആസിയാൻ കരാർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഗുണകരമായി എന്ന് പറയാനുള്ള മാന്യത കാണിക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. തേങ്ങയുടെ വില എത്രയാണ്? വെളിച്ചെണ്ണയുടെ വില 100 രൂപയാണ്. ഏത് മലഞ്ചരക്കിനാണ് വില കൂടാത്തത്. മത്തിയുടെ വില എത്രയാണ്? എന്റെ മണ്ഡലത്തിലെ തീരപ്രദേശത്ത് ബഹുമാന്യരായ ശ്രീ. എസ്. ശർമ്മയും ഡോ. തോമസ് ഐസക്കും തെരഞ്ഞെടുപ്പിൽ എന്നെ പരാജയപ്പെടുത്താൻ ആസിയാൻ കരാറിനെ കുറിച്ചാണ് പറഞ്ഞത്. ഈ കരാർ നടപ്പിലാക്കിയാൽ നിങ്ങൾ പിടിച്ചുകൊണ്ടുവരുന്ന മത്തി കടലിൽ കൊണ്ടുപോയി തട്ടേണ്ടിവരും എന്ന് പാവപ്പെട്ട മത്സ്യത്തൊഴിലാളികളോട് പറഞ്ഞു. ഈ കരാർ നടപ്പാക്കിയിട്ട് വർഷങ്ങൾ കഴിയുന്നു. ഇപ്പോൾ എന്താണ് വില? മത്തിയുടെ വില കിലോയ്ക്ക് 30 രൂപ, അയിലയുടെ വില ഒന്നിന് 15 രൂപ. ഇത് സാധാരണക്കാരനെ ബാധിച്ച നിസാര പ്രശ്നമാണ്. പഞ്ചസാരയ്ക്ക് വിലകൂടാതിരുന്നത് കേന്ദ്ര ഗവൺമെന്റ് പഞ്ചസാര ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചപ്പോഴാണ്. നമ്മുടെ നാട്ടിലുള്ള വലിയ മിഠായി കച്ചവടക്കാർ, മിഠായി ഉൽപ്പാദകർ ഇന്ത്യയിലെ പഞ്ചസാര എടുക്കാൻ പാടില്ല, വിദേശത്തുപോയി വാങ്ങിക്കൊള്ളൂ എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇതെല്ലാം ആസിയൻ കരാറിന്റെ ഭാഗമാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗത്തിന് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു. ആർക്കും കൂടുതൽ സമയം നൽകുന്നതല്ല.

ശ്രീ. എ. എ. ഷുക്കൂർ : നമ്മുടെ നയപ്രഖ്യാപനത്തിൽ പറയുന്നു 2000-ങ്ങളിലെ ആദ്യ വർഷങ്ങളിലെപ്പോലെ വിലയിടിവിന് ഒരു മുഖ്യഭീഷണിയായി ആസിയാൻ കരാർ നിലകൊള്ളുന്നുവെന്ന്. ഇത് പിൻവലിക്കേണ്ടതല്ലേ? ഈ ഗവൺമെന്റ് ഇത് പിൻവലിക്കേണ്ട കാര്യമല്ലേ? ആസിയാൻ കരാർ ഇതാണ്. രണ്ടാമതായി കുട്ടനാട് കാർഷിക പാക്കേജിനെ കുറിച്ച് പറയാതിരിക്കാൻ പറ്റില്ല.

മി. ചെയർമാൻ : സമയം കഴിഞ്ഞിരിക്കുന്നു. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എ.എ. ഷുക്കൂർ : ഇന്നലെ നാല് മിനിട്ടുവരെ എല്ലാവർക്കും അധികം കൊടുത്തു. ഞാൻ ഏതാണ്ട് മുപ്പത്തിനാല് സെക്കൻഡ് മാത്രമാണ് അധികമെടുത്തത്.

മി. ചെയർമാൻ : ഇന്ന് ഒട്ടും കൊടുക്കുന്നില്ല.

ശ്രീ. എ.എ. ഷുക്കൂർ : മൂന്ന് വർഷമായി കുട്ടനാട് കാർഷിക പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ട്. അതിനാവശ്യമായ ഡി.പി.ആർ. കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത് ഈ കഴിഞ്ഞ മാസം മാത്രമാണ്. കുട്ടനാട് കാർഷിക പാക്കേജിന്റെ ഭാഗമായി വെള്ളപ്പൊക്ക നിവാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നിരുന്നുവെങ്കിൽ ഈ അടുത്തകാലത്തുണ്ടായ കാലവർഷക്കെടുതി ഇല്ലാതാക്കാൻ കഴിയുമായിരുന്നു. പാടശേഖരങ്ങളുടെ പുറംബണ്ട് കെട്ടാനും കായൽ നിലങ്ങളുടെ ബണ്ട് ബലപ്പെടുത്താനും നടപടി ഉണ്ടായിരുന്നുവെങ്കിൽ കുട്ടനാട്ടിൽ കൃഷിനാശം ഉണ്ടാകുമായിരുന്നില്ല. ഇവിടെ മറ്റൊരു കാര്യം കൂടി ഈ ഗവൺമെന്റ് അവകാശപ്പെടുന്നു. നെല്ലിന്റെ സംഭരണവില പതിമൂന്ന് രൂപയാക്കിയെന്ന് ഇപ്പോഴും നമ്മുടെ ഭക്ഷ്യ വകുപ്പുമന്ത്രി പറയുന്നു. സംഭരണവില പതിമൂന്ന് രൂപയായപ്പോൾ അരിയുടെ വില ഇരുപത്തിയാറ് രൂപയാണ്. ഏഴ് രൂപ അമ്പത് പൈസ ആയിരുന്നപ്പോൾ അരിയുടെ വില പതിനൊന്ന് രൂപയാണ്. അങ്ങനെയാണെങ്കിൽ ഇരുപത്തിയാറ് രൂപ വിലയുള്ളപ്പോൾ എത്ര രൂപ സംഭരണവില കൊടുക്കണം. ഇത് ഈ ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയുന്ന ഒന്നാണോ? അപ്പോൾ കർഷകരെ വഞ്ചിക്കുന്ന, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയാത്ത കർഷക കടാശ്വാസ പദ്ധതി നടപ്പിലാക്കിയെന്നാണ് ഈ ഗവൺമെന്റ് പറയുന്നത്.

മി. ചെയർമാൻ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എ. എ. ഷുക്കൂർ : ഞാൻ ചുരുക്കുന്നു. ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. എം. ചന്ദ്രൻ : സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ഭരണം കേരളചരിത്രത്തിലെ ഒരു സുവർണ്ണ കാലഘട്ടമാണെന്നാണ് ഇവിടെ ബഹുമാന്യനായ ഗവർണ്ണർ അവതരിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാന ഭാഗത്ത് പറഞ്ഞിട്ടുള്ളത്. ഇത് നിഷേധിക്കാൻ പ്രതിപക്ഷത്തുള്ള ആർക്കും കഴിഞ്ഞിട്ടില്ല. 121 ഖണ്ഡികകളിലായി ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള ഒറ്റ കാര്യവും പ്രതിപക്ഷത്തുനിന്നും പ്രസംഗിച്ച ആരും നിഷേധിച്ചിട്ടില്ല. അതിനുപകരം മറ്റെന്തൊക്കെയോ നിങ്ങൾ പറഞ്ഞു. ഈ കാലഘട്ടത്തിൽ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റും മറ്റ് സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളുമൊക്കെ അവലംബിച്ച നയങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു നയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ നടപ്പിലാക്കിയത്. പൊതുമുതൽ കൊള്ളയടിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനും പാവപ്പെട്ടവരുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാനുമുള്ള സമീപനങ്ങളാണ് കേന്ദ്രവും മറ്റ് സംസ്ഥാന ഗവൺമെന്റുകളും ഒക്കെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എന്നാൽ ഈ ഗവൺമെന്റ് പൊതുമുതൽ കൊള്ളയടിക്കാൻ ആരെയും അനുവദിച്ചിട്ടില്ല. ഒരു മാഫിയാ സംഘങ്ങൾക്കും ഇവിടെ പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടില്ല. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ഭദ്രമാണ്. ഒന്നും സ്വകാര്യവൽക്കരണ ഭീഷണിയെ നേരിടുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഒരു പുതിയ നികുതിയും സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരന്റെമേൽ അടിച്ചേൽപ്പിച്ചിട്ടില്ല. മാത്രവുമല്ല പണക്കാരിൽ നിന്നും സംഭരിച്ച് പാവപ്പെട്ടവന് ആനുകൂല്യങ്ങൾ നൽകുന്ന ഒരു സമീപനമാണ് ഇവിടെ എടുത്തിട്ടുളളത്. നേരെമറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം പാവപ്പെട്ടവരിൽനിന്നും കൂടുതൽ പിരിച്ചെടുത്ത് സമ്പന്നരെ വളർത്തിയെടുക്കലാണ്. അതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവിടെ 2004-ൽ ശതകോടീശ്വരന്മാരുടെ എണ്ണം ഒമ്പതായിരുന്നു. പക്ഷേ ഇപ്പോൾ ആ സ്ഥാനത്ത് അമ്പത്തിരണ്ടായി വർദ്ധിച്ചു. അതേസമയം ഡോ. അർജുൻ സെൻ ഗുപ്ത കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത് ഇവിടത്തെ എഴുപത്തിയേഴ് ശതമാനം ആളുകളും ഇരുപത് രൂപയിൽ താഴെ വരുമാനമുള്ളവരായി മാറിയെന്നുള്ളതാണ്. ഇത് ഒരു സത്യമല്ലേ? എന്നാൽ ഇവിടെയോ? കേരള സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു സമീപനമല്ലല്ലോ ഈ ഗവൺമെന്റ് എടുക്കുന്നത്. ഇവിടത്തെ സാധാരണക്കാരുടെ പുരോഗതിയെ കുറിച്ച് നിങ്ങൾ മനസ്സിലാക്കണമെങ്കിൽ ഈ നയപ്രഖ്യാപനത്തിൽ ഒരു കാര്യം പറയുന്നുണ്ട്. ഗ്രാമീണമേഖലയിലെ ശുചീകരണത്തിന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ പുരസ്കാരമാണ് നിർമ്മൽ പുരസ്കാരം. മറ്റ് പുരസ്കാരങ്ങളെ സംബന്ധിച്ചൊക്കെ ഇവിടെ പറഞ്ഞു. ഇവിടെ 978 പഞ്ചായത്തുകളിൽ 951 എണ്ണത്തിനും നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഞാൻ പറയട്ടെ, ശ്രീ.ടി.എൻ. പ്രതാപൻ ഒന്ന് കേൾക്കുക, ഇന്ത്യാ രാജ്യത്തിലെ മറ്റ് സംസ്ഥാനങ്ങളിൽ ഈ പുരസ്കാരം കൊടുക്കാൻ കഴിയുന്നില്ല. കോൺഗ്രസ് അറുപത് കൊല്ലം ഭരിച്ച ഒരു സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്. ഞാൻ പാലക്കാടുനിന്നും ഡൽഹിക്ക് യാത്ര ചെയ്യുമ്പോൾ കെ. കെ. എക്സ്പ്രസിലാണ് പതിവായി പോകാറുള്ളത്. രാത്രി 9 മണിക്ക് പാലക്കാടുനിന്നും കയറിയാൽ രാവിലെ ഗുണ്ടൂർ സ്റ്റേഷനിലാണ് ആ വണ്ടി ചെല്ലുന്നത്. രാവിലെ ഷട്ടർ തുറന്ന് നോക്കിയാൽ നൂറുകണക്കിന് ആളുകളാണ് റെയിലിമേൽ കയറിയിരിക്കുന്നത്. ഇത് കേരളത്തിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയില്ല. ഞാൻ ഈയിടെ വിജയവാഡയിൽ പോയപ്പോൾ ആന്ധ്രാപ്രദേശുകാരോട് ചോദിച്ചു, എന്താണ് നിങ്ങളുടെ പ്രദേശത്ത് ഇങ്ങനെയൊരു സ്ഥിതിയുള്ളത്, രാവിലെ റെയിലിന്മേൽ കയറുന്നതെന്ന്. അപ്പോൾ അവർ പറഞ്ഞു, അത് ഞങ്ങളുടെ ഒരു സംസ്കാരത്തിന്റെ ഭാഗമാണ്. ഞങ്ങൾ രാവിലെ ആ ഇരുപ്പിലാണ് നാട്ടുകാര്യങ്ങളൊക്കെ കൈകാര്യം ചെയ്യുന്നത്. പിന്നെ ആണും പെണ്ണും ഒരുമിച്ചിരിക്കുന്നതുകൊണ്ട് പ്രേമമൊക്കെ അവിടുന്നാണ് ഉത്ഭവിച്ചുവരുന്നത്. അതിനുള്ള സൗകര്യമാണ് ആ ഇരുപ്പ് എന്നാണ് അവർ പറഞ്ഞത്. പിന്നെ അവിടെ നിർമ്മൽ പുരസ്കാരം കിട്ടുമോ ? നിങ്ങൾ അറുപത് വർഷം ഭരിച്ച സംസ്ഥാനമല്ലേ? അതാണ് ഇവിടത്തെ ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ജീവിത പുരോഗതിയും പശ്ചാത്തല സൗകര്യങ്ങളും. 1957 മുതൽ ഇടയ്ക്കിടെ ഇവിടെ കമ്മ്യൂണിസ്റ്റുകാർ ഭരിച്ചതിന്റെ ഭാഗമായി ജനങ്ങൾക്ക് സ്വന്തമായി ഭൂമി കൊടുത്തു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി. എല്ലാവർക്കും കക്കൂസ് കൊടുത്തു. ഇപ്പോൾ അഞ്ച് ലക്ഷം ഭവനങ്ങളാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഈ സാധാരണക്കാർക്ക് കെട്ടിക്കൊടുക്കുന്നത്. അതിലൊക്കെ കറണ്ടും കൊടുത്തു.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.575/ഇ.ബി./11/ലെജി. തീയതി, 30-9-2011) നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവർക്കും ഇലക്ട്രിസിറ്റി, കുടിവെള്ളം, റോഡുകൾ. ഒക്കെയായി. ഈ പശ്ചാത്തല സൗകര്യങ്ങൾ ഒന്നും നിങ്ങൾ അറുപതുകൊല്ലം അടക്കിഭരിച്ച ഉത്തരേന്ത്യയിലെ സംസ്ഥാനങ്ങളിലോ ആന്ധ്രാപ്രദേശിലോ മറ്റ് സംസ്ഥാനങ്ങളിലോ കാണാൻ കഴിയില്ല. ഇവിടത്തെ പുരോഗതി കോൺഗ്രസ് ഉണ്ടാക്കിയതല്ല. അതാണ് ഇടതുപക്ഷത്തിന്റെ ബദൽ നയം.

ഈ നയപ്രഖ്യാപനത്തിൽ ഒരു കാര്യം പറയുന്നുണ്ട്. വയനാട്ടിൽ ഒരു പുതിയ ഐസ് പ്ലാന്റ് സ്ഥാപിക്കുമെന്ന്. എനിക്ക് ഗവൺമെന്റിനോട് ഒരു ശുപാർശയുള്ളത് മലപ്പുറത്ത് ഒരു ഐസ്ക്രീം പ്ലാന്റെങ്കിലും സ്ഥാപിക്കണമെന്നുള്ളതാണ്. അതില്ലാത്തതുകൊണ്ടാണ് കുട്ടികളെല്ലാം ഐസ്ക്രീമിനുവേണ്ടി അന്വേഷിക്കുന്നത്. ഞങ്ങൾ ലീഗിന്റെ നേതാക്കന്മാരെ സംബന്ധിച്ച് ഒരു അപവാദവും ഇവിടെ ഉന്നയിക്കുന്നില്ല. ശ്രീ. സി. പി. മുഹമ്മദും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ഇവിടെയില്ല. രണ്ടുപേരും മാന്യന്മാരല്ലേ ? രാത്രി 12 മണിക്കും പെൺകുട്ടികളെ അവരുടെ കൂടെ അയയ്ക്കാൻ ഒരു രക്ഷിതാവിനും ഭയമില്ല. പക്ഷേ ഭയമുള്ള ചിലരുണ്ട്. *** അവരെ ചുമന്നിട്ടാണ് ഇവർ ഷെർപ്പകളെപോലെ നട്ടെല്ലൊടിഞ്ഞവരായി മാറിയത്. കോൺഗ്രസ് ഇപ്പോൾ അവരെ സഹായിക്കുകയാണ്. എന്താണ് കാരണം? *** രണ്ടും നാറുന്നുണ്ട്. ട്രേഡ് അപകടത്തിൽപ്പെട്ടവരാണ് അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാരിൽ പലരും. ചിലർക്ക് കാർക്കിച്ച് തുപ്പാനും കഴിയില്ല ഇറക്കാനും കഴിയില്ല. ചിലർ അതിനെ ന്യായീകരിക്കുകയാണ്. യു.ഡി.എഫ്.-ൽപ്പെട്ടവർ അതിനെ ന്യായീകരിക്കുകയാണ്. ....(ബഹളം)...... ഞാൻ നിങ്ങളുടെ നേതാവിനെ സംബന്ധിച്ചൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം വിമാനത്തിലേ ചില പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുള്ളൂ. ഞാൻ പറയാത്ത കാര്യത്തിനൊന്നും നിങ്ങൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ട കാര്യമില്ല.

ശ്രീ. മോൻസ് ജോസഫ് : പോയിന്റ് ഓഫ് ഓർഡർ, ... അദ്ദേഹം ഉപയോഗിച്ച പദപ്രയോഗം ഏത് പാർട്ടിയിൽപ്പെട്ട നേതാക്കൾക്കെതിരെ ആയാലും അത് ഒരിക്കലും സഭയിൽ ഉപയോഗിക്കാൻ പാടില്ലാത്ത വാക്കുകളാണ്. അത് അൺ പാർലമെന്ററിയാണ്. അത് സി.പി.ഐ.(എം.), കോൺഗ്രസ്സ്, ലീഗ്, കേരളാ കോൺഗ്രസ് ഏത് പാർട്ടിയിൽപ്പെട്ട നേതാക്കൾക്കെതിരെ ആയാലും. അദ്ദേഹം ഉപയോഗിച്ച വാക്കുകൾ സഭാ നടപടികൾക്ക് നിരക്കാത്തതാണ്. അതുകൊണ്ട് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ അൺ പാർലമെന്ററിയായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യാം.

ശ്രീ. എം. ചന്ദ്രൻ : ഇതിനുമുമ്പുള്ള രേഖകളിൽ ഇത് ഉന്നയിച്ചിട്ടുണ്ട്. അന്ന് അത് നീക്കം ചെയ്തിട്ടില്ല. സഭാ രേഖകളിൽ അത്തരം പദങ്ങൾ കിടക്കുന്നുണ്ട്. അത് പരിശോധിച്ചിട്ട് ചെയ്താൽ മതി. കേരള നിയമസഭയുടെ ചരിത്രത്തിൽ ഈ രൂപത്തിലുള്ള വാചകങ്ങൾ ഇല്ലെങ്കിൽ ഞാൻ പിൻവലിക്കും. ഉണ്ടെങ്കിൽ എന്റെ വാചകം ഇതിൽ തന്നെ കിടക്കണം. കോൺഗ്രസ്സും ലീഗും ഒരുമിച്ച് നാറിയതുകൊണ്ടാണ് ഇത് പേറാൻ നിൽക്കുന്നത്. യു.ഡി.എഫ്.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയെ പേറാൻ നിൽക്കുന്നത് ? അത് അപമാനമല്ലേ? പേറിയിട്ടില്ലെങ്കിൽ കോൺഗ്രസ്സിന് എന്തോ പ്രശ്നമുണ്ട്. എന്റെ നാട്ടിൽനിന്നും ഒരു പെൺകുട്ടിയെ കായലോരത്തേക്ക് കല്യാണം കഴിച്ചുകൊണ്ടു പോയി. അവിടെ ചകിരി പൂഴ്ത്തുന്ന സ്ഥലമാണ്. ഭയങ്കര ദുർഗന്ധമാണ്. 30 ദിവസം കഴിഞ്ഞിട്ടാണ് പെൺകുട്ടിയുടെ അമ്മ അങ്ങോട്ട് പോയത്. അവിടെ ചെന്നപ്പോൾ പെൺകുട്ടിയോട് അമ്മ പറഞ്ഞു എന്ത് ദുർഗന്ധമാണിവിടെ, സഹിക്കാൻ കഴിയില്ലല്ലോ മോളേ എന്ന്. അപ്പോൾ പെൺകുട്ടി പറഞ്ഞു ഞാൻ വരുമ്പോൾ ഇതിനേക്കാളും ദുർഗന്ധമായിരുന്നു. ഇപ്പോൾ എത്ര കുറഞ്ഞിരിക്കുന്നു, പരിചയമായി. അതുപോലെയാണ് ലീഗിന്റെ ദുർഗന്ധം കോൺഗ്രസ്സിന് പരിചയമായതുകൊണ്ടാണ് അവർ ന്യായീകരിക്കുന്നത്. നിങ്ങൾ' ഇത് ന്യായീകരിച്ചാൽ ഒരു വോട്ട് പോലും കേരളത്തിൽനിന്നും കിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഇതിനെ ലീഗ് ന്യായീകരിച്ചു. കുറ്റിപ്പുറം മണ്ഡലത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. തോറ്റു. അത് ജനങ്ങൾ അംഗീകരിക്കുന്നില്ല. അതുകൊണ്ട് കോൺഗ്രസ് എങ്കിലും മാറിനിന്ന് ഇതിനെ ഒഴിവാക്കാൻ വേണ്ടി ശ്രമം നടത്തണം. ഇൻഡ്യാ രാജ്യത്തെ ഏറ്റവും വലിയ പ്രശ്നം കള്ളപ്പണമാണ്. അത് നാട്ടിൽ ഒരു സമാന്തര സമ്പദ്ഘടന തന്നെ സൃഷ്ടിച്ചിരിക്കുന്നു. വിദേശ ബാങ്കുകളിൽ ഇന്ത്യാക്കാരുടെ കള്ളപ്പണം 70 ലക്ഷം കോടി രൂപയുണ്ടെന്നാണ് കണക്ക്. പത്രങ്ങളിലൊക്കെ ദിവസേന കണക്ക് വന്നുകൊണ്ടിരിക്കുന്നു. അത് ഇൻഡ്യയുടെ മൊത്തം വിദേശ കടത്തിന്റെ 13 ഇരട്ടിയാണെന്നാണ് പറയുന്നത്. ഇത് ആരുടെ പണമാണെന്ന് ഇൻഡ്യാ ഗവൺമെന്റ് വെളിപ്പെടുത്തണമെന്ന് ഇൻഡ്യയുടെ പരമോന്നത നീതി പീഠമായ സുപ്രീം കോടതി ആവശ്യപ്പെട്ടപ്പോൾ പ്രധാനമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും എന്താണ് പറയുന്നത്? വെളിപ്പെടുത്താൻ നിവൃത്തിയില്ല ; അത് ഒരു നികുതി വെട്ടിപ്പിന്റെ പ്രശ്നം മാത്രമാണ് എന്നാണ്. നികുതി വെട്ടിപ്പിന്റെ പ്രശ്നമല്ലെന്ന് സുപ്രീം കോടതി പറഞ്ഞു ഇത് ആയുധ കള്ളക്കടത്തിന്റെയും മയക്കുമരുന്ന് കള്ളക്കടത്തിന്റെയും കമ്മീഷൻ വാങ്ങിയതാണ്. ആ പണമാണ് ഇൻഡ്യയിൽനിന്ന് കൊണ്ടുപോയി 69 വിദേശ രാഷ്ട്രങ്ങളിൽ നിക്ഷേപിച്ചത്. ഈ കള്ളന്മാരെ നിലയ്ക്കുനിർത്താനുള്ള നടപടി ഇൻഡ്യാ ഗവൺമെന്റ് സ്വീകരിക്കണ്ടേ? അതിൽ മറ്റൊരു പ്രശ്നം പറയുന്നതെന്താണെന്ന് ചോദിച്ചാൽ, സുപ്രീം കോടതി ഇത് ആവശ്യപ്പെട്ടപ്പോൾ ശ്രീ. രാഹുൽഗാന്ധിയുടെ പേരിൽ 220 കോടി ഡോളർ സ്വിസ് ബാങ്കിൽ നിക്ഷേപമുണ്ടെന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്. അതിപ്പോൾ പെരുകിപെരുകി 80,000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നുവെന്നാണ് കണക്ക്. കോൺഗ്രസ് ഇതേവരെ ഇത് നിഷേധിച്ചിട്ടില്ല. മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. ഞാൻ പത്രം വേണമെങ്കിൽ മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. ജി. കാർത്തികേയൻ : പോയിന്റ് ഓഫ് ഓർഡർ, ... അങ്ങ് ഏത് പത്രമാണ് കാണുന്നത്? രാഹുൽഗാന്ധി പാർട്ടിയുടെ പ്രധാനപ്പെട്ട നേതാവാണ്. രാജീവ്ഗാന്ധി അന്തരിച്ചു പോയി. ബഹുമാനപ്പെട്ട ഒരംഗം തെളിവൊന്നുമില്ലാതെ എവിടെനിന്നോ വായിച്ചതിന്റെയടിസ്ഥാനത്തിൽ സഭയുടെ പ്രൊട്ടക്ഷൻ ഉപയോഗിച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയാണോ? അദ്ദേഹം നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ച വാക്കുകൾ ഞാൻ വിടുന്നു. ആ വാക്കുകൾ ശ്രീ. എം. ചന്ദ്രനെ പോലെയുള്ള ഒരു സീനിയറായ പൊളിറ്റിക്കൽ ലീഡർ ഉപയോഗിക്കാൻ പാടുള്ള താണോയെന്ന് അദ്ദേഹം പിന്നീട് വീട്ടിലിരുന്ന് ആലോചിക്കട്ടെ, ചിരിച്ചുല്ലസിക്കട്ടെ, അദ്ദേഹം സഹപ്രവർത്തകരുമായി ആലോചിക്കട്ടെ ആ വാക്കുകളൊക്കെ ഉപയോഗിക്കാമെന്ന്. അത് വേറെ കാര്യം. പക്ഷേ ഇതൊന്നും അങ്ങ് പിൻവലി ക്കണമെന്ന് ഞാൻ പറയുന്നില്ല. ഇതൊന്നും ശരിയല്ല. കോടികളുടേയും ഡോളറിന്റേയും കണക്കുകൾ ആരും വന്നും ചോദിക്കില്ലെന്നുകരുതി ഇങ്ങനെ പറയുകയാണ്. പ്രസംഗം എന്തുമാകാമെങ്കിൽ കുഴപ്പമില്ല. പക്ഷേ ഇതൊന്നും ശരിയല്ല. യഥാർത്ഥത്തിൽ അദ്ദേഹം സഭാ രേഖയിൽനിന്നും പിൻവലിക്കേണ്ട താണ്.

ശ്രീ. എം. ചന്ദ്രൻ : ബഹുമാന്യനായ ജി. കാർത്തികേയനോട് ഒരു കാര്യം പറയട്ടെ, ഞാൻ അനാവശ്യമായി ഉന്നയിച്ചതല്ല. നിങ്ങൾ വിശ്വസിക്കുന്ന പത്രമാണ് മാതൃഭൂമി. ന്യൂ ഇൻഡ്യൻ എക്സ്പ്രസ് പത്രം നിങ്ങൾ വിശ്വസിക്കു ന്നതാണെങ്കിൽ ഈ രണ്ട് പത്രങ്ങളിലും വന്ന വാർത്തയാണ് ഞാനിവിടെ ഉദ്ധരിച്ചത്. ഞാൻ അനാവശ്യമായി ഉന്നയിച്ചതാണെന്ന് ബഹുമാന്യനായ ജി. കാർത്തികേയനെപോലുള്ള ഒരാൾ പറയരുത്. ഞാൻ ഉത്തരവാദിത്വത്തോടു കൂടിയാണ് പറയുന്നത്. ഞാൻ ആ പത്രം നാളെ മേശപ്പുറത്ത് വയ്ക്കാം. ഇപ്പോൾ എന്റെ കയ്യിലില്ല. ആ വാർത്തവന്ന മാതൃഭൂമി പത്രവും ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രവും ഹാജരാക്കിയാൽ നിങ്ങൾ അത് നിഷേധിക്കുമോ? പറഞ്ഞത് പിൻവലിക്കുമോ ? ഇപ്പോൾ പോയിന്റ് ഓഫ് ഓർഡറിലൂടെ ഞാൻ ഉന്നയിക്കുന്നത് അനാവശ്യമാണെന്ന് ബഹുമാന്യനായ ജി.കാർത്തികേയൻ പറഞ്ഞില്ലേ? അത് പിൻവലിക്കുമോ ? അത് ഞാൻ വിടുന്നു. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം തൊഴിലാളി ക്ഷേമമാണ്. എത്രമാത്രം ക്ഷേമനിധി ബില്ലുകളാണ് ഈ ഗവൺമെന്റ് പാസ്സാക്കിയത്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന 10 ലക്ഷത്തോളം തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കുന്ന ക്ഷേമനിധി ബിൽ, ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധി ബിൽ, പ്രവാസി ക്ഷേമനിധി നിയമം, ആഭരണ തൊഴിലാളികൾക്കുള്ള പ്രത്യേക ക്ഷേമനിധി നിയമം, 2002-ലെ കയറ്റിറക്ക് നിയമം റദ്ദാക്കി ചുമട്ടു തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കുന്ന പുതിയ ഭേദഗതി നിയമം, ചെത്തു തൊഴിലാളികളുടെ പെൻഷൻ 150 രൂപയിൽനിന്ന് 500 രൂപയായി വർദ്ധിപ്പിക്കുന്ന നിയമം തുടങ്ങി കേരള ചരിത്രത്തിൽ ഏറ്റവും പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ നടത്തി ഈ നാട്ടിലെ ജനങ്ങൾക്ക് സംരക്ഷണം കൊടുത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അടുത്ത 5 വർഷക്കാലംകൂടി കേരളം ഭരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനുള്ള തയ്യാറെടുപ്പ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ, കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് പുതിയ പദ്ധതികൾ കൊണ്ടുവരാൻ കഴിയുന്നില്ല എന്നു ചൂണ്ടി കാണിച്ചിരിക്കുകയാണ്. നമ്മുടെ പ്രധാനമന്ത്രി പതിനൊന്നാം തീയതി വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ രാജ്യത്തിന് സമർപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വികസന പദ്ധതി യാഥാർത്ഥ്യ മാകുകയാണ്. ഇതുവഴി വാഹനങ്ങൾ കടന്നുവരുമ്പോൾ കേരളത്തിന്റെ അവസ്ഥയെന്താണ് ? റോഡ് വികസനരംഗത്ത് ഭാവികർമ്മപരിപാടികൾ ഫലപ്രദമായി നടപ്പാക്കാൻ ഗവൺമെന്റിന് കഴിയുന്നില്ലെന്നുള്ളത് ഈ നയപ്രഖ്യാ പനത്തിലുണ്ട്. പുതിയ പദ്ധതികളെക്കുറിച്ച് എന്തുകൊണ്ട് കേരളത്തിന് ചിന്തിക്കാൻ കഴിയുന്നില്ല? ഇക്കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ ഒരു നടപടിക്ക് മുന്നോട്ടുവന്നില്ല എന്നത് സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന വസ്തുതയായി തീരുകയാണ്. ഇവിടെ സ്വാഭാവികമായി നടക്കുന്ന വികസന പദ്ധതികൾ ഏത് ഗവൺമെന്റിന്റേയും കാലഘട്ടത്തിൽ നടക്കുന്നതാണ്. ഓരോ ഗവൺമെന്റും അതിന്റേതായ ശ്രമങ്ങൾ നടത്തും. അതൊക്കെ സ്വാഗതാർഹമാണ്. എന്നാൽ ഭാവി വികസനത്തെക്കുറിച്ച് ഒരു കാഴ്ചപ്പാട് ഗവൺമെന്റിന് ഇല്ലാതെ പോകുന്നതിന്റെ ഫലമായി സംഭവിക്കുന്നത് എന്തൊക്കെയാണ്? കേരളത്തിന് ലഭിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ദേശീയ പാതയുടെ വികസനം.

ശ്രീ. കെ. രാജു : ഒരു വ്യക്തമായ കാഴ്ചപ്പാട് അങ്ങേയ്ക്കുമില്ലായിരുന്നോ ?

ശ്രീ. മോൻസ് ജോസഫ് : ഞാൻ ആ കാഴ്ചപ്പാടോടുകൂടി മുന്നോട്ടു കൊണ്ടുവന്ന കാര്യങ്ങൾ ഇന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന് കൊണ്ടുപോകാൻ കഴിയുന്നില്ല എന്ന് ഇവിടെ പറയേണ്ടിവന്നിരിക്കുകയാണ്. ഞാൻ ചൂണ്ടിക്കാണിക്കാം. ഇവിടെ രാഷ്ട്രീയമായി ഈ പ്രശ്നങ്ങളെ കണ്ടാൽ മതിയോ? ഞാൻ ചോദിക്കട്ടെ, ഇന്നു രാവിലെ ഇവിടെ കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തെക്കുറിച്ച് ചർച്ച ചെയ്തു. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം അങ്ങയുടെ മണ്ഡലമായ പുനലൂരും മൂവാറ്റുപുഴയിലുമൊക്കെ വരികയാണ്. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിക്കുവേണ്ടി തീരുമാനമെടുത്തത് എന്നാണ്? ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഗവൺമെന്റിൽ ഈ വിഷയം കൊണ്ടുവന്നു, അതിന്റെ പ്രശ്നങ്ങൾ പരിഹരിച്ചു തീരുമാനമെടുത്തു. 10-4-2009-ൽ 1356 കോടി രൂപ ലോൺ എടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. രണ്ടുവർഷം കഴിഞ്ഞിട്ട് കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതി ഒരിഞ്ചു മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇത് നിങ്ങൾ ഗൗരവമായി പരിശോധിക്കണം. ഞാൻ പറയുന്നത് രാഷ്ട്രീയമല്ല. ഞാൻ പറയുന്നത് കേരളത്തിന്റെ പൊതുപ്രശ്നമാണ്. രണ്ടാംഘട്ട പദ്ധതിയിൽ അങ്ങയുടെ മണ്ഡലമായ പുനലൂർ വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയെല്ലാം ഇപ്പോൾ ലഭിച്ചല്ലോ. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ജോലികൾ ചെയ്യുണ്ടോ ? സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ജോലികൾ സമയത്തിന് ചെയ്തോ? ഞാൻ സൂചിപ്പിക്കുന്നത് ഇവിടെ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ജോലി സമയത്തിന് ചെയ്തു പൂർത്തിയാക്കാതെ കേന്ദ്രത്തെ കുറ്റം പറയാൻ പറ്റില്ല. എത്രയോ മണ്ഡലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ കെ.എസ്.ടി.പി.-യുടെ ഒന്നാംഘട്ടം പൂർത്തിയാകുന്നു. ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ നമ്മൾ രണ്ടാംഘട്ടത്തിലേക്ക് കടക്കും.

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗത്തിന്റെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടി നമുക്ക് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഇപ്പോൾ അനുമതി ലഭിച്ചു. അതിനെത്തുടർന്ന് നമുക്കിനി ധനസഹായം ലഭിക്കണം. ലോകബാങ്കിന്റെ ധനസഹായം ഇപ്പോൾ ഉറപ്പായിട്ടില്ല. ഇക്കാര്യത്തിലെല്ലാം നടപടി സ്വീകരിക്കുന്നത് വൈകുകയാണ്. സംസ്ഥാനത്തിന്റെ എത്രയോ പ്രധാന പട്ടണങ്ങളിലൂടെയാണ് രണ്ടാംഘട്ടം കടന്നുപോകുന്നത്. ഇപ്പോൾ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർവരെ പൂർത്തിയായതിന്റെ തുടർച്ചയായി തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം. ഏറ്റുമാന്നൂർ, കുറവിലങ്ങാട്, കൂത്താട്ടുകുളം, മൂവാറ്റുപുഴ വരെ ചെല്ലണം. തൊടുപുഴ-പാലാ-പുനലൂർ വഴി കടന്നുവരുന്ന പാതയുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ വരുന്ന എട്ടു റോഡുകളെക്കുറിച്ച് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഈ റോഡുകൾ മുഴുവൻ ഇന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജില്ലാ കേന്ദ്രങ്ങളിലെ റോഡുകളാണ്. അതുകൊണ്ട് കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം നടപ്പാക്കുന്നതിനുവേണ്ടി ധനസഹായം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കണം. ഇതിന് പ്രാധാന്യം കൊടുക്കാൻ കഴിയാതെ പോയതിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് സുവർണ്ണ ചതുർഭുജ ഹൈവേയ്ക്ക് കേരളത്തിന് പ്രാധാന്യം ലഭിക്കാതെ വന്നതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റുമായി ചർച്ചചെയ്താണ് നാഷണൽ എക്സ്പ്രസ് നെറ്റ്‌വർക്കിൽ കേരളം ഉൾപ്പെട്ടതും ദേശീയപാത നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചുതന്നതും. ഇന്നേവരെ നമുക്ക് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് നടത്തിയ ശ്രമങ്ങൾ വിജയകരമായി കൊണ്ടുവരാൻ കഴിയാതെ പോയതുകൊണ്ട് ദേശീയ പാതയുടെ വികസനം കേരളത്തിന് നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് വന്നിരിക്കുകയാണ്. കേരളം എങ്ങനെ മുന്നോട്ടുപോകും ? നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് എങ്ങനെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയും ? ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ പരിഗണന കൊടുക്കേണ്ടതായിരുന്നു. അത് കൊടുക്കാത്തുമൂലം വികസനരംഗത്ത് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന നഷ്ടം ഏറ്റവും വലുതായിമാറും. മലയോര ഹൈവേയുടെ കാര്യം ഇപ്പോഴും പ്രഖ്യാപനത്തിൽ നിൽക്കുകയാണ്. ഇതൊക്കെ സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും പ്രധാനമായി കണക്കാക്കേണ്ടതായിരുന്നു. ഇത്തരം നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ടായി എന്നുള്ളത് സംസ്ഥാനത്തിന്റെ വികസനരംഗത്ത് ഒരു ഭരണ പരാജയമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരളത്തിന്റെ ഭാവി വികസനം ആഗ്രഹിക്കുന്ന കേരള ജനതയുടെ മുമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ച ഗവർണ്ണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട നന്ദിപ്രമേയത്തെ അനുകൂലിക്കാൻ കഴിയില്ല. ഇതിനെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം കൊടുക്കുന്ന സർക്കാർ ജനങ്ങളോടുള്ള ബാധ്യത പൂർണ്ണമായി കാട്ടിക്കൊണ്ട് ജനത്തിന്റെ കൂടെ നിൽക്കുന്ന സർക്കാരാണ്. രണ്ടു രൂപയ്ക്ക് അരി നൽകിയ, പാവങ്ങൾക്ക് പെൻഷൻ കൂട്ടി നൽകിയ, നെല്ലിന് താങ്ങുവില നൽകി കൃഷി അഭിമാൻ പദ്ധതി നടപ്പിലാക്കിയ, അരിശ്രീ നടപ്പാക്കിയ, പച്ചക്കറി സ്വയം പര്യാപ്തമാക്കിയ സർക്കാരാണിത്. ഫെബ്രുവരി മാസം നാലാം തീയതി കേരള നിയമസഭയിൽ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്ന ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ് എന്ന വാക്ക് കേട്ട് വിരണ്ടത് നിയമസഭയിലെ പ്രതിപക്ഷമാണ്. ചെറിയ കുട്ടികളും വലിയ കുട്ടികളും ഒരുപോലെ അതിന് ഒച്ചപ്പാട് ഉണ്ടാക്കുന്നത് കണ്ടു. പത്രങ്ങൾ കൊടുക്കുന്ന അവാർഡ് മോശമാണ്, ഇൻഡ്യാ ടു ഡേ വളരെ മോശമാണെന്നും അവരുടെ അവാർഡ് മോശമാണെന്നും അഭിപ്രായം പറയുകയാണ്. അത് അവർക്ക് കിട്ടിയാൽ ബഹുകേമമാണെന്ന തരത്തിൽ അവർ തന്നെ വ്യാഖ്യാനിക്കുന്നു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയും ധനകാര്യ മന്ത്രിയും തരുന്ന അവാർഡ് എങ്ങനെയാണ് മോശമാകുന്നത് ? നമ്മുടെ രാജ്യം നേരിടുന്ന വെല്ലുവിളികളെ ഗൗരവമായി കാണാനും ചർച്ചചെയ്യാനും പലപ്പോഴും കേന്ദ്ര ഗവൺമെന്റിന് കഴിയാതെ പോകുന്നു. രാജ്യം നേരിടുന്ന വെല്ലുവിളിയെ സംബന്ധിച്ചറിയാൻ കവടി നിരത്തുകയോ പ്രശ്നം വയ്ക്കുകയോ കൂട്ടുകയോ കിഴിക്കുകയോ നെട്ടോട്ടമോടുകയോ പഠന കമ്മിഷനെ നിയോഗിക്കുകയോ വേണ്ട. പണപെരുപ്പം തന്നെയാണ് നമ്മുടെ രാജ്യത്തിലെ വില്ലൻ. നമ്മുടെ കയറ്റിറക്കുമതി നയങ്ങളിൽ മാറ്റമുണ്ടാകണം. പിടിച്ചുനിർത്തി ഒരു പാഠം പഠിപ്പിക്കുവാൻ നമുക്ക് കഴിയണം. രാജ്യത്തുണ്ടാകുന്ന കൃത്രിമ വിലക്കയറ്റത്തിന് ഉത്തരവാദികൾ അവധി വ്യാപാരക്കാരും പൂഴ്ത്തി വയ്പ്പുകാരും ഊഹകച്ചവടക്കാരുമാണ്. അതിന് അവശ്യസാധന നിയമം നമുക്ക് കൂടിയേ തീരു. ചോരുന്ന മടിശീലക്ക് അരിപ്പവച്ച് കാത്തിരിക്കുന്നവരുണ്ട്. അവർക്ക് കൂട്ടു നിൽക്കുന്ന കേന്ദ്ര ഭരണക്കാർ നിസ്സഹായരായ ജനത്തെ പെട്രോളിയം കുത്തകയ്ക്ക് തൂക്കിവിറ്റിട്ട് ഊറിച്ചിരിക്കുകയും കപ്പം പറ്റുകയും ചെയ്യുന്നവരെ കൈയാമം വയ്ക്കുവാൻ നമ്മുടെ രാജ്യത്ത് നിയമങ്ങളുണ്ടാകണം. ജനങ്ങളുടെ രക്ഷയ്ക്ക് മഹാവിഷ്ണു ഇനിയും അവതരിക്കണം എന്ന നിലപാട് ശരിയല്ല. സുപ്രീം കോടതി ചോദിച്ചല്ലോ, ധാന്യമെന്തിന് കൂട്ടിയിട്ടു കളയണമെന്ന്. എന്നിട്ടും ശിലാഹൃദയർ അലിഞ്ഞില്ല. തന്നില്ല ഒരുമണി ധാന്യം. മാറ്റണം ഈ നയങ്ങൾ നാറ്റംപിടിച്ച നയങ്ങളാണ് നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രാജാവ് നഗ്നനാണെന്ന് പറയുവാൻ നമുക്ക് ഉശിരുണ്ടാകണം. കാപ്പിക്കും ഏലത്തിനും റബ്ബറിനും വില മെച്ചം തന്നെ. ഇന്നത്തെ പ്രസംഗം തുടങ്ങിവച്ച ശ്രീ. എ. എ. ഷുക്കൂർ പറഞ്ഞത് വാണിജ്യ വിളകൾക്ക് മെച്ചപ്പെട്ട വിലനിലവാരത്തിലേക്ക് നമ്മുടെ രാജ്യം എത്തിയിരിക്കുന്നുവെന്ന്. ഡെമോക്ലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാൾപോലെ നമ്മുടെ തലയുടെ മുകളിൽ തൂങ്ങിക്കിടക്കുന്ന ആസിയാൻ കരാറിനെ കാണാതെ പോകുന്നത് ശരിയല്ല. ഗാട്ടുകരാർ വന്നപ്പോഴും ഇത്തരം ചർച്ചകൾ നമ്മുടെ രാജ്യത്ത് ഉയർന്നു വന്നതാണ്. വരാനിരിക്കുന്ന വിപത്തിന്റെ ആപായ സൂചന മുൻകൂട്ടി കാണാൻ ഭരണാധികാരികൾക്ക് കഴിയണം. ആസിയാൻ കരാർ ഒരു ഭീഷണി തന്നെയാണ്. അതുകൊണ്ടാണ് വാണിജ്യ വിളകളുടെ താങ്ങുവിലയെ സംബന്ധിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വന്നിട്ടുള്ളത്. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നിയമസഭയ്ക്കുള്ളിൽ ചർച്ച ചെയ്തപ്പോൾ നടക്കില്ലെന്ന് തീർപ്പു പറഞ്ഞവർ ഇന്ന് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് ? നമ്മുടെ സംസ്ഥാനത്തിന്റെ ഏതു പ്രദേശത്തു പോയാലും ഫ്ളക്സുകളും ബാനറുകളും ഉത്ഘാടന മാമാങ്കങ്ങളും നടക്കുന്നത് കാണാം. അതിന് ഭരണ-പ്രതിപക്ഷ ഭേദമില്ല. ഫ്ളക്സുകളും ബോർഡുകളും ബാനറുകളും നിരത്തി ആഘോഷിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാന വൈദ്യുതി ബോർഡിനെ പൊതുമേഖലയിലെ ലോകനിലവാരമുള്ള ഒരു സംയോജിത പവർ സെക്ടർ ഓർഗനൈസേഷനായി മാറ്റിക്കൊണ്ടിരിക്കുന്ന ബൃഹത് പദ്ധതിയിലാണ് വൈദ്യുതി വകുപ്പ്. ഒരു ഭരണാധികാരി എങ്ങനെയായിരിക്കണം ? സ്വപ്നങ്ങളുണ്ടാകണം, സ്വപ്നങ്ങളിൽ വർണ്ണങ്ങളുണ്ടാകണം, ദീർഘവീക്ഷണമുണ്ടാകണം, തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തിയുണ്ടാകണം, ഇച്ഛാശക്തി കാട്ടണം, നിഷ്കാമ കർമ്മിയാകണം. ഈ ഗുണങ്ങളുടെ സങ്കലനമായ ശ്രീ. എ. കെ. ബാലന് ഒരു അവാർഡ് കിട്ടിയാൽ എന്തിനാണ് ഇത്രമാത്രം അസ്വസ്ഥത കാട്ടുന്നത് ? ഫെബ്രുവര് 5-ന് ഇടുക്കി ജില്ലയിൽ നടന്ന അദാലത്തിൽ മന്ത്രി നേരിട്ട് പങ്കെടുത്തു. ഇടുക്കിയിൽ മാത്രമല്ല ഈ ജില്ലയിൽ നടക്കുന്ന മുഴുവൻ വൈദ്യുതി അദാലത്തിലും മന്ത്രിയുടെ സാന്നിദ്ധ്യം നേരിട്ടുണ്ടാവുകയാണ്. ഒരു സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ പ്രഖ്യാപിക്കുന്നതിന് സ്വപ്നങ്ങൾ കാണുകയും അവ യാഥാർത്ഥ്യമാക്കുന്നതിന് നിരന്തരം യത്നിക്കുകയും ചെയ്യുന്ന ശ്രീ. എ. കെ. ബാലന് ജനങ്ങളുടെ അവാർഡുണ്ടാകുമെന്നകാര്യത്തിൽ തർക്കമില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ ആദ്യത്തെ മന്ത്രി സഭയിൽ അംഗമായിരുന്ന കെ. ഡി. മാളവിക എന്ന മന്ത്രി പതിനായിരം രൂപയുടെ അഴിമതി ആരോപണത്തിൽപ്പെടുകയും എ.കെ.ജി. സഭയിൽ ഉന്നയിക്കുകയും ചെയ്തപ്പോൾ രാജിവച്ച് നിരപരാധിത്വം തെളിയിക്കാൻ ആവശ്യപ്പെട്ടുവെന്നുള്ളത് ചരിത്രമാണ്. എന്നാൽ 1,86,000 കോടി രൂപയായാലും രണ്ട് ലക്ഷം കോടി രൂപയായാലും ആദർശ് ഫ്ളാറ്റായാലും ഗെയിംസ് അഴിമതിയായാലും അഴിമതി അഴിമതി തന്നെയാണ്. രാജ്യത്തിനാകെ അപമാനമാണ്. ഒരു പക്ഷേ യു.പി.എ.-യ്ക്ക് ഇത്തരം കോടിക്കണക്കിന് രൂപയുടെ അഴിമതിക്കഥകൾ അഭിമാനമായിരിക്കാം. പക്ഷേ രാജ്യത്തിന് അപമാനമാണെന്ന വസ്തുത തിരിച്ചറിയണം. ഇവിടെ വാഴുന്നത് നീരാറാഡിയാമാരാണ്. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നീരാറാഡിയാമാർക്ക് നമ്മുടെ ജനങ്ങളോട് ബാദ്ധ്യതയില്ല എന്ന വസ്തുതയും ഭരണാധികാരികൾ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനം സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും മുന്നിലാണ്. സൗമ്യമാർ ഇവിടെ സുരക്ഷിതരല്ല. അവരുടെ ജീവനും മാനവും അപഹരിക്കപ്പെടുകയാണ്. കാപാലികർ ചാടിക്കയറുകയും തള്ളിയിടുകയും അപമാനിക്കുകയും കൊല്ലുകയും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

കൾച്ചർകണ്ട് നമ്മൾ അന്തം വിട്ട് നിൽക്കുകയാണ്. സ്ത്രീകൾ സുരക്ഷിതരല്ല, ഇവരുടെ മുമ്പിൽ കേരളം മുന്നോട്ട് വയ്ക്കുന്ന ആശയമാണ് സ്ത്രീ ശാക്തീകരണം. 50 ശതമാനം സംവരണം മെമ്പർ സ്ഥാനത്തേയ്ക്കുള്ള സംവരണം മാത്രമല്ല, മറിച്ച് ചെയർപേഴ്സണായി വൈസ് ചെയർ പേഴ്സണായി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായി ഈ സംവരണം മാറുമ്പോൾ ഭരണകൂടങ്ങളിലുള്ള പങ്കാളിത്തങ്ങൾക്കപ്പുറം സ്ത്രീ ശാക്തീകരണം എന്ന ആശയം മുന്നോട്ട് വയ്ക്കുവാൻ അത് നടപ്പിലാക്കാൻ ഈ ഗവൺമെന്റ് കാണിക്കുന്ന പ്രതിജ്ഞാബദ്ധതയെ അഭിനന്ദിക്കാതെ വയ്യ. 100 ദിവസത്തിനകം വനിതാ സംവരണ ബിൽ പാസ്സാക്കുമെന്ന യു.പി.എ. അദ്ധ്യക്ഷയുടെ വാഗ്ദാനമുണ്ടായിരുന്നു. ആ വാഗ്ദാനം കേരളത്തിൽ മാത്രമല്ല നമ്മുടെ രാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനത്തിലധികം വരുന്ന മുഴുവൻ സ്ത്രീകൾക്കും നൽകിയ വാഗ്ദാനമാണ്. എന്നാൽ പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല എന്നതിന്റെ പ്രത്യക്ഷമായ സൂചനയാണ് വനിതാ സംവരണ ബില്ലിൽ കാണിച്ചിട്ടുള്ള അട്ടിമറി. രാജ്യസഭയിൽ പാസ്സാക്കിയ വനിതാ സംവരണ ബിൽ ലോക്സഭയിൽ ചർച്ച ചെയ്യാനോ, ഷെഡ്യൂൾ ചെയ്യാനോ തയ്യാറാകാത്തത് രാജ്യത്തെ സ്ത്രീകളോട് മാത്രമല്ല ജനങ്ങളെ ആകെ വഞ്ചിക്കുന്ന സമീപനമാണെന്ന് തുറന്നുപറയാതെ വയ്യ. പറയുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയുണ്ടാകണം. പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടാകണം. കാപാലികരേയും പെൺവാണിഭക്കാരേയും കയ്യാമം വയ്ക്കുമെന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ അന്വർത്ഥമായിക്കൊണ്ടിരിക്കുകയാണ്. കാപാലികരേയും പെൺവാണിഭക്കാരേയും കയ്യാമം വയ്ക്കാനും തുറുങ്കിലടയ്ക്കാനും ഭരണാധികാരിയെന്ന നിലയിൽ സഖാവ് വി. എസ്. അച്ചുതാനന്ദൻ എടുക്കുന്ന മുൻകൈ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

വനവിസ്തൃതിയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് അസൂയാവഹമായ നേട്ടമാണ് നമ്മുടെ സംസ്ഥാനം നേടിയിട്ടുള്ളത്. ഒരു പക്ഷേ ലോകത്തുതന്നെ ആദ്യമായി വനവിസ്തൃതി വർദ്ധിപ്പിച്ച സംസ്ഥാനമെന്ന ഖ്യാതി നമ്മുടെ സംസ്ഥാനത്തിനുള്ളതാണ്. ഇടുക്കി ജില്ലയിലെ കൃഷിക്കാരുടെ മുഴുവൻ സ്വപ്നമായിരുന്നു ഉപാധിരഹിത പട്ടയം. ഉപാധി ഉണ്ടായാൽ വസ്തു മക്കൾക്ക് കൊടുക്കാനോ കൈമാറ്റം ചെയ്യാനോ ബാങ്കിൽ പണയപ്പെടുത്തി അത്യാവശ്യത്തിന് പണം എടുക്കാനോ കഴിയാത്ത സാഹചര്യമുണ്ടായാൽ വെറും കടലാസ്സുകൾക്കപ്പുറം ആ പട്ടയത്തിന് യാതൊരു വിലയും ഉണ്ടാവുകയില്ല. നിരവധി കടമ്പകൾ കടന്ന് സുപ്രീംകോടതിയിൽ രണ്ട് മന്ത്രിമാർ ചേർന്ന് ചീഫ് സെക്രട്ടറി വഴി ക്യാബിനറ്റ് തീരുമാനിച്ച് കൊടുത്ത അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ ഉപാധിരഹിത പട്ടയം ഇടുക്കി ജില്ലയിൽ വിതരണം ചെയ്തപ്പോൾ ഇടുക്കിയുടെ ഒരു വലിയ സ്വപ്നമാണ് സാക്ഷാത്ക്കരിക്കപ്പെട്ടത്. ഇടുക്കിയിലെ ജനങ്ങളെ കയ്യേറ്റക്കാരെന്ന് പറഞ്ഞ് അപമാനിച്ചവർ കയ്യേറ്റത്തേയും കുടിയേറ്റത്തേയും കാണാതെ പോവുകയായിരുന്നു. ജനങ്ങളുടെ പ്രശ്നം മനസ്സിലാക്കി ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. എന്നും പൂട്ടിയ തോട്ടങ്ങളെ പറ്റിയാണ് നിയമസഭയ്ക്കുള്ളിലും പുറത്തും ചർച്ച നടന്നിട്ടുള്ളതെങ്കിൽ ഇന്ന്

തുറന്ന തോട്ടങ്ങളെപ്പറ്റിയാണ് ചർച്ച. മൂന്ന് തോട്ടങ്ങൾ കൂടി പീരുമേട്ടിൽ തുറക്കുന്നതോടെ പീരുമേട്ടിലെ ടി.ആർ ആന്റ് സ്വാമിയുടെ രണ്ട് തോട്ടങ്ങൾ ഒഴികെ ബാക്കി തോട്ടങ്ങൾ പൂർണ്ണമായി തുറന്നുവെന്ന് ഈ ഗവൺമെന്റിന് അഭിമാനിക്കുവാൻ കഴിയും.

ലാഭത്തിലായ വ്യവസായ സംരംഭങ്ങൾ നമുക്ക് മാത്രമല്ല നമ്മുടെ രാജ്യത്തിനുതന്നെ അഭിമാനവും മാതൃകയുമാണ്. 119 കോടി രൂപയിലധികം മുടക്കി സഹകരണ മേഖല വഴിയുള്ള വിപണി ഇടപെടൽ അടക്കം മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് മാതൃകയാകുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇത്രയധികം നേട്ടങ്ങൾ സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും പ്രശ്നങ്ങൾ മനസ്സിലാക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങൾക്ക് തീർച്ചയായും ജനങ്ങൾ അവാർഡ് നൽകും എന്നുതന്നെയാണ് വിശ്വാസം ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ഒട്ടേറെ നേട്ടങ്ങൾ നൽകിയ ഒരു ഭരണമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേത്. ആ ഭരണത്തിന്റെ നേട്ടങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ചിലരൊക്കെ പറയുകയുണ്ടായി, ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചെന്ന്, അത് ശരിയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി കൂടുതൽ സീറ്റുകൾ നേടി. യു.പി.എ. ഗവൺമെന്റ് ഭരിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾ ആരെയാണ് സഹായിക്കുന്നതെന്ന് ജനങ്ങൾ തിരിച്ചറിയുകയാണ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ ജനങ്ങളെ പാപ്പരാക്കിക്കൊണ്ടിരിക്കുകയാണ്. അഴിമതിയുടെ ചെളിക്കുണ്ടിൽ പൂഴ്ന്നു കിടന്ന് ഈ ഗവൺമെന്റ് അവമതിപ്പ് ഉളവാക്കിയിരിക്കുകയാണ്. രാഹുൽ ഗാന്ധിയുടെ ഗിമിക്സുകൾ കൊണ്ട് യു.പി.എ. സർക്കാരിന്റെ പ്രതിച്ഛായ സംരക്ഷിക്കാൻ കഴിയുന്നില്ല. എല്ലാ അർത്ഥത്തിലും ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുന്ന ഒരു കേന്ദ്ര ഗവൺമെന്റിനെ എങ്ങനെയാണ് ഇവിടത്തെ പ്രതിപക്ഷത്തിന് ന്യായീകരിക്കാൻ കഴിയുന്നത്? ഇവിടെ കേന്ദ്ര ഭരണം ഉണ്ടാക്കിയിരിക്കുന്ന നേട്ടം എന്താണ് ? ഈ കേന്ദ്ര ഭരണത്തിൻ കീഴിൽ ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചു. 53 ശതകോടീശ്വരന്മാരെ ഉണ്ടാക്കി എന്നത് ഒരു നേട്ടമായി പറയാമെങ്കിൽ അത് കോൺഗ്രസ്സ് ഗവൺമെന്റിന്റെ നേട്ടംതന്നെയാണ്. അതേ സമയം പാവങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അർജുൻസിങ് ഗുപ്ത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സർവ്വേ പ്രകാരം നമ്മുടെ രാജ്യത്തെ 77 ശതമാനം ആളുകളും ശരാശരി ഒരു ദിവസം 20 രൂപ മാത്രം ചെലവഴിക്കാൻ കഴിയാവുന്ന അവസ്ഥയിലാണെന്ന് പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. സമ്പന്നർ കൊഴുക്കുകയും പാവങ്ങൾ കൂടുതൽ പാവങ്ങളാവുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ല. വിലക്കയറ്റം കൊണ്ട് രാജ്യം പൊറുതിമുട്ടുകയാണ്. കേന്ദ്ര സർക്കാരിന് പ്രായോഗികമായ ഒരു പദ്ധതിയുമില്ല. കേന്ദ്ര സർക്കാരിന് വിലക്കയറ്റം തടഞ്ഞുനിർത്താൻ പദ്ധതിയില്ലെന്നു മാത്രമല്ല വിലക്കയറ്റം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്ന നിലപാടുകളും സമീപനങ്ങളും ഗവൺമെന്റ് സ്വീകരിക്കുകയാണ്. രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ അതിശക്തമായ പോരാട്ടത്തിന്റെ പാതയിലാണ്. പൊതുവിതരണം കാര്യക്ഷമമാക്കുക, കെട്ടിക്കിടക്കുന്ന ഭക്ഷ്യസാധനങ്ങൾ ബി.പി.എൽ.വിലയ്ക്ക് വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വലിയ പോരാട്ടങ്ങൾ നടക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പാവപ്പെട്ട ആളുകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയം നടപ്പിലാക്കാതെ പലപ്പോഴും അതിന് എതിരായി നിൽക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചു, കെട്ടികിടക്കുന്ന ഭക്ഷ്യ സാധനങ്ങൾ പാവങ്ങൾക്ക് കൊടുത്തുകൂടേയെന്ന്. നമ്മുടെ രാജ്യത്തെ പരമോന്നത നീതിപീഠം കേന്ദ്ര ഭരണാധികാരികളുടെ മുന്നിൽ ഉന്നയിച്ച ഈ ചോദ്യത്തോട് നിഷേധാത്മക നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. എന്നിട്ടും ബഹുമാന്യരായ നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കൾ ഇവിടെ പറയുകയാണ് കേന്ദ്ര ഗവൺമെന്റ് എന്തോ വലിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്ന്. വിലവർദ്ധിപ്പിക്കാൻ ഇടയാക്കുന്ന മറ്റ് നിരവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. 2010 ജൂൺ 25 –ന് നമ്മുടെ രാജ്യത്തിന്റെ ഗതി നിർണ്ണയിക്കുന്ന ഒരു വലിയ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തു. വിലക്കയറ്റം നിയന്ത്രിക്കാനുള്ള തീരുമാനമല്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ കൈയിലുണ്ടായിരുന്ന അധികാരം ഒരു പ്രത്യേക യോഗം ചേർന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പറഞ്ഞു ഞങ്ങൾ ഇത് ഒഴിയുകയാണെന്ന്. പെട്രോളിയം കമ്പനികൾക്ക് വില വർദ്ധിപ്പിക്കാൻ ലൈസൻസ് കൊടുത്തു. ശ്രീ. ഉമ്മൻചാണ്ടി അന്ന് പത്രക്കാരോട് പറഞ്ഞു, കേരള മോചന യാത്ര നടത്തിക്കൊണ്ടിരുന്ന അദ്ദേഹം പറഞ്ഞു ഇത് കേന്ദ്ര ഗവൺമെന്റ് പുനഃപരിശോധിക്കണമെന്ന്. പക്ഷേ ഇത് ചില പ്രസ്താവനകളിൽ ഒതുക്കി എന്നല്ലാതെ ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഇവിടുത്തെ കോൺഗ്രസ്സ് പാർട്ടിക്കോ പ്രതിപക്ഷത്തിനോ കഴിഞ്ഞില്ല. ജനങ്ങൾക്കെതിരായ വെല്ലുവിളിയായി, ജനങ്ങളെ ആക്രമിക്കുന്നതിന് തുല്യമായി ഗവൺമെന്റിന്റെ ഈ നിലപാട് മാറിയല്ലോ ; ഈ നിയന്ത്രണം എടുത്തു കളഞ്ഞതിനുശേഷം ഒരു ലിറ്റർ പെട്രോളിന് 11 രൂപയാണ് വില വർദ്ധിപ്പിച്ചത്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചാൽ ഈ രാജ്യത്ത് എന്താണ് സംഭവിക്കുക എന്ന് അറിയാത്തവരല്ല കേന്ദ്ര ഭരണാധികാരികൾ.

ഇന്നത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ ബാധ്യതപ്പെട്ട ഗവൺമെന്റ് വില കുറഞ്ഞ ഭക്ഷണം ശീലിക്കണമെന്ന് ജനങ്ങളെ ഉപദേശിക്കുകയാണ്. എന്താണ് നമ്മുടെ നാട്ടിലെ പ്രതിപക്ഷത്തിനും പ്രതിപക്ഷത്തെ ന്യായീകരിക്കുന്ന ചില മാധ്യമങ്ങൾക്കും പറയാനുള്ളത് ? പല മാധ്യമങ്ങളും ആ വാർത്ത കാര്യമായി പ്രസിദ്ധീകരിച്ചില്ല. പ്രധാനമന്ത്രിയുടെ മാധ്യമ ഉപദേശകൻ ഹരീഷ് ഗൊരേരെ പുറത്തിറക്കിയ പത്രക്കുറിപ്പിൽ അദ്ദേഹം പറഞ്ഞു, വില കൂടിയ ഭക്ഷണ സാധനങ്ങൾക്കു പകരം വില കുറഞ്ഞ സാധനങ്ങൾ തിന്നു ശീലിക്കാൻ ഇന്ത്യാ രാജ്യത്തെ ജനങ്ങൾ തയ്യാറാകണമെന്ന്. ഇതാണ് കേന്ദ്ര ഗവൺമെന്റ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പത്രക്കുറിപ്പിൽ പറഞ്ഞത്. ഇത് അമേരിക്കൻ പ്രസിഡന്റ് നേരത്തേ പറഞ്ഞതിന് തുല്യമാണ്. ജോർജ് ബുഷ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, ലോകത്തിലെ വിലക്കയറ്റത്തിനു കാരണം ഇന്ത്യാ രാജ്യത്തെ ജനങ്ങളുടെ ഭക്ഷണ ശീലമാണെന്ന്. കേന്ദ്ര ഗവൺമെന്റ് യഥാർത്ഥത്തിൽ ഈ രാജ്യത്തെ ജനങ്ങളെ ശിക്ഷിക്കുകയാണ്.

അഴിമതിയുടെ നാറുന്ന നിരവധി കഥകൾ വന്നുകൊണ്ടിരിക്കുന്നു. ഞാൻ വിശദാംശത്തിലേക്കൊന്നും പോകുന്നില്ല. കേന്ദ്ര ഗവൺമെന്റ് ആർക്കും ന്യായീകരിക്കുവാൻ കഴിയാത്ത വിധത്തിൽ, രാഷ്ട്രീയമായ ഏറ്റവും ശക്തരായ പ്രചാരകർക്കുപോലും ന്യായീകരിക്കുവാൻ കഴിയാത്ത അപമാനകരമായ അവസ്ഥയിലേക്ക് പോയിരിക്കുന്നു. ഓരോ ദിവസവും വിവിധ അഴിമതികൾ പുറത്തുവരികയാണ്. ഇവിടെ 2 ജി സ്പെക്ട്രം അഴിമതി ഉണ്ടായപ്പോൾ കേന്ദ്ര മന്ത്രി ശ്രീ. കപിൽ സിബിൽ പത്ര സമ്മേളനം നടത്തി പറഞ്ഞത് അങ്ങനെയൊരു അഴിമതിയേ ഉണ്ടായിട്ടില്ലെന്നാണ്. അങ്ങനെ പറഞ്ഞപ്പോൾ സുപ്രീംകോടതി ഒരു കേന്ദ്ര മന്ത്രി സി. ആന്റ് എ.ജി.-യുടെ കണ്ടെത്തലിനെ പരസ്യമായി നിരാകരിക്കുന്നത് ജനാധിപത്യ വിരുദ്ധമാണെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ പുതിയ അനുഭവമാണ് ഇതെല്ലാം.

ശ്രീ. എ. എം. യൂസഫ് : അങ്ങ് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ സംബന്ധിച്ചാണ് ഇവിടെ വ്യക്തമാക്കുന്നത്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ആക്രമണം ഉണ്ടായപ്പോൾ ഇന്ത്യയുടെ ആഭ്യന്തര സുരക്ഷയ്ക്കുവേണ്ടി അതിനെ തടയുന്നതിന് ജീവൻ നഷ്ടപ്പെടുത്തിയ ഒട്ടേറെ വീരജവാന്മാർ നമ്മുടെ രാജ്യത്തുണ്ട്. അതിൽ ഒരാളാണ് സന്ദീപ് ഉണ്ണിക്കൃഷ്ണൻ. അദ്ദേഹത്തിന്റെ കുടുംബത്തോട് നീതി പുലർത്തിയില്ലെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ചെറിയച്ഛൻ ആത്മഹത്യ ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ കൊള്ളകളിൽ ഒന്നാണ് ആദർശ് ഫ്ളാറ്റ് കുംഭകോണം. സൈനികരുടെ കുടുംബങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഫ്ളാറ്റിലെ കുംഭകോണമാണ്. അതുപോലെ കോമൺവെൽത്ത് ഗെയിംസ് അഴിമതി ശ്രീ. കപിൽ സിബിൽ ന്യായീകരിച്ചെങ്കിലും പിന്നീട് പുറത്തുവന്ന കുംഭകോണം. ഏറ്റവും ഒടുവിൽ ഐ.എസ്.ആർ.ഒ.-യിലെ കുംഭകോണം. ഇതെല്ലാം പുറത്തു വരികയാണ്. യഥാർത്ഥത്തിൽ ആയിരക്കണക്കിന് കോടി രൂപയുടെ വലിയ അഴിമതികൾ നടത്തിയ ഒരു മാഫിയ സംഘമായി കേന്ദ്ര ഭരണാധികാരികൾ മാറുകയാണ്. ഇവിടെ പുതിയ അഴിമതിയെ സംബന്ധിച്ച് ഇന്ന് പി.എം.ഒ. പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല എന്നാണ്. പക്ഷേ സൂക്ഷ്മമായ അന്വേഷണങ്ങൾ പുറത്തുവരുമ്പോൾ ഈ കാര്യങ്ങളെല്ലാം വ്യക്തമാണ്. തുടരെത്തുടരെ കേന്ദ്ര ഭരണാധികാരികൾക്ക് സുപ്രീം കോടതിയിൽനിന്നും ശക്തമായ വിമർശനം വരികയാണ്. നിയമനത്തെ സംബന്ധിച്ചുള്ള പ്രശ്നമായാലും വിദേശ ബാങ്കുകളിലെ കള്ളപ്പണം സംബന്ധിച്ച കാര്യങ്ങളായാലും കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയുടെ മുന്നിൽ കയ്യുംകെട്ടി കുറ്റവാളികളെപ്പോലെ നിൽക്കുന്ന അപമാനകരമായ അവസ്ഥയിലേക്ക് പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ ഇത്തരത്തിൽ നാണം കെടുത്തുന്ന നിലപാടുകൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയാണ്. അതിനെയെല്ലാം പ്രതിപക്ഷം ന്യായീകരിക്കുകയാണ്. സംസ്ഥാന ഗവൺമെൻറ് കഴിഞ്ഞ നാലേമുക്കാൽ കൊല്ലം നടപ്പാക്കിയ വലിയ നേട്ടങ്ങൾ ഈ രാജ്യത്ത് എല്ലാ ജനങ്ങൾക്കും പകൽ വെളിച്ചം പോലെ വ്യക്തമാകുന്ന കാര്യങ്ങളാണ്. യു. ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഈ സംസ്ഥാനം എല്ലാ മേഖലയിലും തകർച്ചയെ നേരിട്ടിരുന്നു. യു.ഡി.എഫ് ഭരണകാലത്ത് വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്നു കേരളം. ഇന്ത്യയ്ക്കകത്ത് 69.4 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം വരുത്തി. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 239 കോടി രൂപ ലാഭമാക്കി. 7 പുതിയ പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിച്ചു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ യു.ഡി.എഫ് വെട്ടിക്കുറച്ച ശമ്പളം വലിയ തോതിൽ പുനഃസ്ഥാപിക്കുവാൻ എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു. സാമൂഹ്യക്ഷേമ പദ്ധതികൾ വലിയ തോതിൽ നടപ്പാക്കിയ അഭിമാനകരമായ മുന്നേറ്റമാണ് ഈ ഗവൺമെന്റിനുള്ളത്. യു.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ ഭരണ കാലത്ത് പൊതുമേഖലാ രംഗത്ത് ആകെ ചെലവിട്ടത് 35 കോടി രൂപ ആയിരുന്നുവെങ്കിൽ എൽ.ഡി.എഫ് ഗവൺമെന്റ് അഞ്ഞൂറ് കോടി രൂപ ചെലവിട്ടു. സർക്കാർ ആശുപത്രികളുടെ മുഖച്ഛായതന്നെ മാറ്റുന്ന രൂപത്തിൽ നിരവധി മാറ്റങ്ങൾ എൽ.ഡി.എഫ് ഗവൺമെന്റിന് നടപ്പാക്കുവാൻ കഴിഞ്ഞു. അത്തരത്തിൽ സംസ്ഥാനത്ത് വലിയ മുന്നേറ്റമുണ്ടാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ദേശീയ പാതയുടെ വികസനത്തിന് എൽ.ഡി.എഫ് ഗവൺമെന്റാണ് തടസ്സം നിൽക്കുന്നതെന്ന് ശ്രീ. മോൻസ് ജോസഫ് ഇവിടെ പറയുകയുണ്ടായി. അപമാനകരമാണ് അദ്ദേഹത്തിന്റെ പരാമർശം. കാരണം ഈ ഗവൺമെന്റിന്റെ കാലത്ത് ആ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ട് അദ്ദേഹം ഈ സഭയിൽ നടത്തിയ പ്രസ്താവനകൾ നമ്മളെല്ലാം ഓർക്കുന്നതാണ്. ബി.ഒ.ടി വ്യവസ്ഥയിലല്ലാതെ ദേശീയ പാത വികസിപ്പിക്കുവാൻ കഴിയുകയില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൊണ്ടാണ് രണ്ടു വർഷക്കാലം ദേശീയപാത വികസിപ്പിക്കുവാൻ കഴിയാതെ പോയത്. പക്ഷേ ഇപ്പോൾ യു.ഡി.എഫ്-നെ പ്രീണിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ഇവിടെ തെറ്റായ പ്രസ്താവന നടത്തുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ മുന്നേറ്റങ്ങൾ ഉണ്ടാക്കിയ ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ഈ ഗവൺമെൻറിന് തീർച്ചയായും അഭിമാനിക്കുവാൻ വകയുണ്ടെന്നാണ് എന്റെ അഭിപ്രായം.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ നന്ദിപ്രമേയത്തിന്റെ ഭാഗമല്ലാത്ത ഒരു പ്രശ്നം. നമ്മുടെ സംസ്ഥാനത്തെ ഒരു മാധ്യമ പ്രവർത്തക ഇപ്പോൾ ഒരു കള്ളക്കേസിൽ കുടുക്കപ്പെട്ടിരിക്കുകയാണ്. ഷാഹിന എന്നാണ് അവരുടെ പേര്. തെഹൽക എന്നു പറയുന്ന മാധ്യമത്തിന്റെ കേരള റിപ്പോർട്ടറാണ് അവർ. ഒരു കേസിനെ സംബന്ധിച്ച് അന്വേഷണാർത്ഥകമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എന്നതിന്റെ പേരിൽ രാജ്യദ്രോഹ കുറ്റം ഉൾപ്പെടെ ചുമത്തി കർണ്ണാടക പോലീസ് കേസ്സെടുത്തിരിക്കുകയാണ്. ഇത് നമ്മുടെ ജനാധിപത്യ സമൂഹത്തിന് വലിയ ഒരു വെല്ലുവിളിയാണ് നമ്മുടെ ജനാധിപത്യ പ്രക്രിയയ്ക്ക് വലിയ ഒരു വെല്ലുവിളിയാണ് കർണ്ണാടക ഗവൺമെന്റിന്റെ ഈ

LIBRARY ARCHIVES Kerala Legislative Assembly

നിലപാട്. നമ്മുടെ മത നിരപേക്ഷ സമൂഹം, മാധ്യമ സമൂഹം, പൊതു സമൂഹം ഇവരൊന്നും വേണ്ട വിധത്തിൽ ഈ പ്രശ്നത്തോട് പ്രതികരിച്ചില്ല എന്നത് വളരെ ദുഃഖകരമായ യാഥാർത്ഥ്യമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇവിടെ ഇഷ്ടമുള്ള വാർത്തകളേ കൊടുക്കുവാനാകൂ. ഇഷ്ടമില്ലാത്ത വാർത്തകൾ കൊടുത്താൽ ഇങ്ങനെയുള്ള അപകടങ്ങൾ ഉണ്ടാകുമെന്ന് ഭരണാധികാരികൾ ജനാധിപത്യ വിരുദ്ധ നിലയിൽ ഇങ്ങനെ ഇത്തരം കേസ്സുകളിലൂടെ പ്രകടിപ്പിക്കുമ്പോൾ രാഷ്ട്രീയ അഭിപ്രായ ഭിന്നതകൾ മാറ്റിവച്ചുകൊണ്ട് കേരളീയ സമൂഹം അതിനെതിരായി രംഗത്തു വരേണ്ടതാണ്. മാധ്യമങ്ങൾ ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതാണ്. പക്ഷേ നമ്മുടെ മാധ്യമങ്ങൾ ഇത്തരം പ്രശ്നങ്ങളിൽ, പത്ര പ്രവർത്തകയായിട്ടുള്ള ഒരു യുവതിക്കെതിരായി ഇത്തരത്തിൽ രാജ്യദ്രോഹ കുറ്റം ചുമത്തി കേസ്സെടുക്കുമ്പോൾ അതിനെതിരായി പ്രതികരിക്കുന്നതിനു പകരം ആ വാർത്തകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെ തമസ്കരിക്കുന്ന അവസ്ഥ തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട് എന്ന അഭിപ്രായംകൂടി പ്രകടിപ്പിച്ചു കൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ വളരെയേറെ സന്തോഷത്തോടെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന ചിലരുടെ വിചാരം 336 മണിക്കൂർ നേരത്തേയ്ക്കുള്ളതാണ് ഈ നയ പ്രഖ്യാപനം എന്നാണ്. നമ്മുടെ ശ്രീ. ഷുക്കൂർ സാഹിബ് ഇങ്ങനെ കാത്തിരിക്കുകയാണ്. 336 മണിക്കൂർ കഴിയുമ്പോൾ ഈ കസേരയിലേക്ക് ഒന്നു വരാൻ. ചിലപ്പോൾ പ്രതിപക്ഷത്തിന്റെ പ്രകടനങ്ങൾ കാണുമ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ എഴുന്നേറ്റു പോയ ഉടനെ, ബാത്ത്റൂമിലോ മറ്റോ പോകുമ്പോൾ, അവിടെ കയറി ഇരുന്നു കളയുമോ എന്ന് തോന്നാറുണ്ട്. അങ്ങനെയാണ് ധരിച്ചുവച്ചിരിക്കുന്നത്. എന്നാൽ ഞങ്ങൾ പറയുന്നത്, ഈ നയ പ്രഖ്യാപനം അടുത്ത അഞ്ചുവർഷ ക്കാലത്തേക്കുകൂടി ഉള്ളതാണ്. അഞ്ചുവർഷക്കാലത്തെ ദീർഘവീക്ഷണത്തോടു കൂടിയാണ് ഞങ്ങൾ ഇത് വയ്ക്കുന്നത്. ഉറപ്പായും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തിരിച്ചുവരും. ഈ ഗവൺമെന്റ് വരണമെന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ ഒരു ആവശ്യം കൂടിയാണ്. കാരണം കേന്ദ്ര ഗവൺമെന്റിന് ഇപ്പോൾ നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സിന്റെ നയവും ഇവിടുത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയവും തമ്മിലുള്ള വ്യത്യാസം ഈ നാട്ടിലെ ജനങ്ങൾക്ക് വളരെ വ്യക്തമായി പരിശോധിക്കുവാൻ കഴിയും. നേരത്തേ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നയത്തിലുള്ള വൈകല്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ടപ്പോൾ ഈ രാജ്യത്ത് വലിയ വിലക്കയറ്റമുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് വിലക്കയറ്റം ഉണ്ടായതെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ആ വിലക്കയറ്റത്തെ നേരിടുന്നതിനുവേണ്ടി കേരളം സ്വീകരിച്ച സമൃദ്ധമായ ഒരു സമീപനമുണ്ട്. മാത്രമല്ല, മാന്ദ്യ കാലത്ത് എങ്ങനെയാണ് ഭരണനയം കൈക്കൊള്ളേണ്ടത് എന്നുള്ളത് വളരെ വ്യക്തമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാണിച്ചുകൊടുത്തു. ഏറ്റവും നല്ല ധനകാര്യ മാനേജുമെന്റാണ് ഇവിടെ ഉണ്ടായത് എന്നുള്ളത് വസ്തുതയാണ്. എങ്ങനെയാണ് മാന്ദ്യകാലത്തെ നേരിടുക ? ലോകത്തിന് മാതൃകയാണ് കേരളം

LIBRARY ARCHIVES Kerala Legislative Assembly

കാട്ടിക്കൊടുത്തത്. ഈ മാന്ദ്യ കാലത്തെ നേരിടുന്നതിനുവേണ്ടി ഉൽപ്പാദന മേഖലയുടെ മുരടിപ്പ് മാറ്റാൻ കോടികളുടെ വികസന പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും അനുവദിച്ചിട്ടുള്ള ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ ലോകത്തിന് അത് ഒരു മാതൃകയായി മാറുകയാണ്. മാന്ദ്യമുള്ളപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കാമോ? കേന്ദ്രത്തിലെ യു.പി.എ ഗവൺമെന്റ് എന്താണ് ചെയ്തത് ? അവർ റിസർവ്വ് ബാങ്കിലെ പണം മുഴുവൻ ഊറ്റിയെടുത്ത്, ജനങ്ങളുടെ നികുതി പണം മുഴുവൻ വൻകിട മൾട്ടി നാഷണൽ കോർപ്പറേറ്റുകൾക്ക് സഹായധനമായി നൽകുകയാണ് ചെയ്തത്. 80,000 കോടി രൂപയുടെ സഹായമാണ് മൾട്ടി നാഷണൽ കോർപ്പറേറ്റുകൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയത്. അതേ സമയം പാവപ്പെട്ടവനെ ദ്രോഹിക്കുന്ന നടപടികളാണ് കേന്ദ്ര ബഡ്ജറ്റിലും അവരുടെ ഫല പ്രഖ്യാപനത്തിലും എല്ലാം സ്വീകരിച്ചത്.

ഇന്ത്യാ രാജ്യത്ത് മൂവായിരം കോടി രൂപയുടെ വളം സബ്സിഡിയും നാന്നൂറ് കോടി രൂപയുടെ ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചപ്പോഴുണ്ടായ മാന്ദ്യത്തിന്റെ ദുഷ്ഫലം സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹമായി

12.00 Noon] മാറ്റുകയായിരുന്നു. മദ്ധ്യപ്രദേശിലും ഉത്തർ പ്രദേശിലും ബീഹാറിലും മറ്റും ഏകദേശം രണ്ടേകാൽ ലക്ഷത്തോളം കർഷകർ ഒരു നേരത്തെ ആഹാരം കഴിക്കാനില്ലാതെ ആത്മഹത്യ ചെയ്തു. എന്നാൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഉള്ളതുകൊണ്ട് അങ്ങനെയുള്ള ആത്മഹത്യകൾ വരുന്നില്ല. ഏറ്റവും നല്ല സംസ്ഥാനത്തിനുള്ള ഡയമണ്ട് സ്റ്റേറ്റ് അവാർഡ് കേരളം നേടിയത് വളരെ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. അപ്പുറത്ത് നിന്ന് സംസാരിച്ച ആളുകളെല്ലാം പറഞ്ഞു ഇത് 'ഇന്ത്യാ ടുഡേ' കൊടുത്ത അവാർഡാണ് അതിൽ കഴമ്പില്ലെന്ന്. ഓരോ വകുപ്പിനും അവാർഡ് കിട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റേയും ഐക്യരാഷ്ട്ര സംഘടനയുടേയും ഏജൻസികൾ നടത്തിയ പരിശോധനയിൽ കേരളത്തിലെ മിക്കവാറും എല്ലാ വകുപ്പുകൾക്കും അവാർഡ് കിട്ടിയിട്ടുണ്ടെന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഇന്ത്യാടുഡേ ജനങ്ങളുടെ ജീവിത നിലവാരമാണ് മാനദണ്ഡമാക്കിയത്. ഒരു സംസ്ഥാനത്ത് എത്രപേർക്ക് വീടുകളുണ്ടെന്നും എത്രപേർക്ക് ചികിൽസാ സൗകര്യങ്ങളുണ്ടെന്നും എത്രപേർക്ക് സ്കൂളിൽ ചേരാൻ സാധിക്കുന്നുണ്ടെന്നുമുള്ള. കാര്യങ്ങളാണ് മാനദണ്ഡമാക്കിയത്. ആ മാനദണ്ഡം അനുസരിച്ച് മാർക്കിട്ടപ്പോൾ കേരളത്തിനുതന്നെയാണ് മാർക്കിടേണ്ടതായി വന്നത്. ഇപ്പോൾ സെൻട്രൽ ഗവൺമെന്റ് വിദ്യാഭ്യാസാവകാശ നിയമം പാസാക്കിയിട്ടുണ്ടല്ലോ. അതിനകത്ത് പറഞ്ഞിരിക്കുന്നത് അപഹാസ്യമാണ്. സ്വാതന്ത്ര്യത്തിന്റെ 64-ാം വാർഷികം ആഘോഷിക്കുന്ന സമയത്ത് ആറ് വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളേയും സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് എൽ.പി. സ്കൂൾ ഉണ്ടാക്കണമെന്നാണ്. 1957-ലെ ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനുശേഷം കേരളത്തിൽ അഞ്ച് വയസ്സ് പൂർത്തിയാക്കിയ എല്ലാ കുട്ടികളേയും സ്കൂളിൽ കയറ്റാൻ സാധിച്ചതുകൊണ്ട് സാക്ഷരതാ നിരക്കിൽ കേരളം

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും മുന്നിൽ നിൽക്കുന്നു. അതിന്റെ മാർക്കും കേരളത്തിനാണ് ലഭിച്ചത്. അതുകൊണ്ടാണ് കേരളത്തിന് ഏറ്റവും നല്ല സംസ്ഥാനമെന്ന അവാർഡ് നേടാൻ സാധിച്ചത്. ആ അവാർഡിന് അടിസ്ഥാനമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുള്ളത് ഇടതുപക്ഷം അധികാരത്തിൽ വരുമ്പോഴാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലഘട്ടം ജനങ്ങൾ അത്ര എളുപ്പത്തിൽ മറക്കുമോ ? നേരത്തെ ഒരു ചോദ്യത്തിന് ഉത്തരമായി ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു, ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കേണ്ടതായി വന്നിട്ടില്ല. മാത്രമല്ല ട്രഷറി പൂട്ടിയിട്ടില്ല. ഇതൊക്കെ ജീവിക്കുന്ന യാഥാർത്ഥ്യങ്ങളല്ലേ. കേരളത്തിനെ ഇങ്ങനെ ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റിലേക്ക് കൊണ്ടുപോകാൻ സാധിച്ചത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഭരണത്തിന്റെ നയത്തിന്റെ പ്രത്യേകതയാണ്. ഞാൻ നേരത്തെ പറഞ്ഞത് അതാണ്. മാന്ദ്യം വരുമ്പോൾ ജനങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പണം കൊടുക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിനും കിട്ടി കുറേ പ്രവൃത്തി. മാന്ദ്യകാലത്താണ് പാലം ഉണ്ടാക്കാനും റോഡ് ഉണ്ടാക്കാനും പണം തരുന്നത്. കഴിഞ്ഞ കാലവർഷക്കെടുതി അത്ര അധികം വലുതായതു കൊണ്ട് റോഡ് നിർമ്മാണ പ്രക്രിയ കുറച്ചു കാലത്തേക്ക് തടസ്സപ്പെട്ടിരുന്നു എന്നുള്ളത് ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ റോഡ് നിർമ്മാണം തകൃതിയായി നടക്കുകയാണ്. വരുന്ന രണ്ട് മാസം കഴിയുമ്പോൾ, തെരഞ്ഞെടുപ്പ് സമയമാകുമ്പോൾ തന്നെ ഉറപ്പായും കേരളത്തിലെ റോഡുകൾ യാത്രായോഗ്യമായി മാറും.

ശ്രീ. പള്ളിപ്രം ബാലൻ: പ്രതിപക്ഷ നേതാവ് ഉൾപ്പടെ യു.ഡി.എഫ്.- ന്റെ നേതാക്കളെല്ലാം കേരളത്തിൽ ഒരു വികസനവും നടന്നിട്ടില്ല, കേരളം വികസന മുരടിപ്പിലാണെന്ന് പറയുന്നുണ്ടല്ലോ. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ആർക്കാണ് മനസ്സിലാക്കാൻ സാധിക്കാത്തത് ? കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. നമ്മുടെയെല്ലാം നിയോജകമണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഇവിടുത്തെ ജനങ്ങൾ നേരിട്ടുകാണുകയാണ്. ഞാൻ പറഞ്ഞല്ലോ പാലമുണ്ടാക്കിയാൽ ഈ മാന്ദ്യം മാറുമോ എന്ന് ചോദിച്ചവരുണ്ട്. പക്ഷെ ആ നിർമ്മാണ പ്രവർത്തനങ്ങളിലാകെ കേരളത്തിലെ ജനങ്ങൾ ജോലി ചെയ്യുകയാണ്. അവരുടെ വാങ്ങൽ കഴിവ് ഉയരുകയാണ്. കാർഷിക മേഖലയുടെ വികസനത്തിന് റോഡും പാലങ്ങളും അത്തരത്തിലുള്ള വികസന പ്രവർത്തനങ്ങളും നാളെ ഉപകരിക്കുകയാണ്. പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ ഗുണഫലം വരുന്നത് അടുത്ത അഞ്ചുവർഷക്കാലത്താണ്. ചെറിയ കാര്യങ്ങളല്ലേ നിങ്ങൾ ചെയ്യുന്നത് എന്ന് ചോദിച്ചു. ഇവിടെ ശ്രീമതി ഇ. എസ്. ബിജിമോളുടെ പ്രസംഗത്തിൽ വളരെ വ്യക്തമായി കേരളത്തിലെ ക്ഷേമ പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചു. പൂട്ടിക്കിടന്ന തോട്ടം തുറന്നതിനെക്കുറിച്ച് പറഞ്ഞു. പൂട്ടിക്കിടന്ന വ്യവസായ ശാലകൾ തുറന്ന് പ്രവർത്തിക്കുകയും നഷ്ടത്തിലായിരുന്നവ

LIBRARY ARCHIVES Kerala Legislative Assembly

ലാഭത്തിലാക്കുകയും ചെയ്തതിനെക്കുറിച്ചും പറഞ്ഞു. ഈ നാട്ടിലെ ആയിര ക്കണക്കിന് ആളുകൾ ഇത് കാണുകയാണ്.

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഈ ഗവൺമെന്റ് നടത്തിയ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. പക്ഷെ ഇത്തരം നേട്ടങ്ങളു ണ്ടാക്കി ഭാവി വികസനത്തിന് രൂപരേഖ ഉണ്ടാക്കിയ ഈ ഗവൺമെന്റിനെ തിരായി കുറ്റപത്രം സമർപ്പിക്കാൻ പോയിരിക്കുകയാണ് പ്രതിപക്ഷാംഗങ്ങൾ. യു.ഡി.എഫ്. ഭരണകാലത്ത് നടന്ന ഐസ്ക്രീം പാർലർ കേസ്സിലെ യഥാർത്ഥ പ്രതികളെ ഒഴിവാക്കുന്നതിന് വേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.കെ. ശൈലജടീച്ചർ മനസ്സിലാക്കി യിട്ടുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഇന്നലെ ഈ സഭയിൽ നാടകീയമായ രംഗങ്ങൾ ഉണ്ടായി. ഞങ്ങൾ ഉള്ളിൽ തട്ടിപ്പറഞ്ഞു യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടം എന്നുപറയുന്നത് ഐസ്ക്രീം പോലുള്ള സംഭവങ്ങളാണ്. അല്ലാതെ എന്ത് നേട്ടമാണ് ഇവിടെ ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. ആ കേസിൽനിന്ന് അന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഒഴിവാക്കാൻ അദ്ദേഹം തന്നെ പാടുപെട്ട് പരിശ്രമിച്ചു. ഉർവ്വശീ ശാപം ഉപകാരമായി എന്നേ എനിക്ക് പറയാനുള്ളു. കാരണം മൊഴി മാറ്റിയതിനെക്കുറിച്ച് ശ്രീ. റൗഫ് വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞു. മൊഴി മാറ്റിയതുകൊണ്ടാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അന്ന് കോടതി മുൻപാകെ രക്ഷപ്പെട്ടത് എന്ന് അദ്ദേഹം പറഞ്ഞു. അത് ഉർവ്വശീ ശാപം ഉപകാരം പോലെയായി. കാരണം സുപ്രീം കോടതി വെറുതെ വിട്ട പ്രതികളുടെ കൂട്ടത്തിൽ അന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കൂടി ഉൾപ്പെട്ടിരുന്നെങ്കിൽ വീണ്ടും അന്വേഷണം നടത്തി ഇത് കണ്ടുപിടിക്കുന്നതിന് നമുക്ക് സാധിക്കുമായിരുന്നില്ല. ഇത്തരത്തിലുള്ള ആളുകളെ ചുമന്ന് നടക്കുകയാണ് ഇവിടെ. എന്നിട്ട് യാതൊരു മടിയും ഇല്ലാതെ അതിനെ ന്യായീകരിക്കാൻ പ്രതിപക്ഷത്തടക്കമുള്ള ഉയർന്ന നേതാക്കൾ മുന്നോട്ടുവരികയാണ്. ശ്രീ ഉമ്മൻ ചാണ്ടി സാറിനെയൊക്കെ ഞങ്ങൾ വിമർശിക്കാറുണ്ട്. പ്രതിപക്ഷ നേതാവല്ലേ അദ്ദേഹം ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ദൃശ്യമാധ്യമങ്ങളുടെ മുന്നിൽ വെളിപ്പെടുത്തിയത്, അധികാരം ഉള്ളപ്പോൾ വഴിവിട്ട് പലതും ചെയ്തിട്ടുണ്ട്, ഇനി അങ്ങനെ ചെയ്യാൻ നിൽക്കില്ല, ഇനി അദ്ദേഹത്തെ അങ്ങനെ ബ്ലാക്ക്മെയിൽ ചെയ്യാൻ അവർക്ക് കഴിയില്ല എന്നാണ്. അത് കേട്ട സെക്കന്റിൽ ജാഥ നടത്തുന്നു. കേരളത്തെ മോചിപ്പിക്കാൻ ജാഥ നടത്തുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ പ്രസ്താവന എന്താണെന്ന് അറിയാമോ ? വളരെ നന്നായി വൈകിയാണെങ്കിലും ഇത് അംഗീകരിക്കാൻ തയ്യാറായതിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നു എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേരളത്തോട് മാപ്പ് പറയണമെന്ന് ഞങ്ങൾ അന്ന് ആവശ്യപ്പെട്ടു. കാരണം, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെപ്പോലുള്ള ഒരാൾ ചെയ്തുകൂട്ടിയ വിക്രിയകൾ പന്നീട് തുറന്ന് പറയുമ്പോൾ അത് ഏറ്റവും അഭിമാനകരമായി എന്ന് അദ്ദേഹത്തെ പോലുള്ള ഒരാൾ ഈ കേരളത്തോട് പറയുന്നത് കേരള ജനത കേൾക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇന്നലെ പറഞ്ഞത് കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ കുറ്റവാളിയായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ അംഗീകരിച്ചിട്ടുണ്ടെന്നുള്ളതാണ്.

ശ്രീ. പി. ടി. എ. റഹീം : അതായത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തിരിച്ചുവന്നാൽപോലും ഇത്രയും വലിയ സ്വീകരണം കിട്ടില്ലെന്നും. എനിക്ക് ഇക്കാര്യത്തിൽ അസൂയയുണ്ടെന്നും ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ഞങ്ങൾക്കെല്ലാം മനസ്സിലായി. പക്ഷെ അവിടെയിരിക്കുന്ന ആർക്കും മനസ്സിലായില്ലെന്നു തോന്നുന്നു. കയ്യടിക്കുന്നതാണ് കണ്ടത്. യഥാർത്ഥത്തിൽ ലജ്ജിച്ച് കുനിഞ്ഞിരിക്കേണ്ടതായിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് പറയുമ്പോൾ ഞങ്ങളായിരുന്നു കയ്യടിക്കേണ്ടിയിരുന്നത്. അദ്ദേഹം പറഞ്ഞതിന്റെ വ്യംഗ്യാർത്ഥം എല്ലാവർക്കും മനസ്സിലായിട്ടുണ്ടാകും എന്ന് കരുതുകയാണ്.

ശ്രീ. എ. എം. യൂസഫ് : ഇന്നത്തെ പത്രത്തിൽ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് എല്ലാ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് മഹിളാ കോൺഗ്രസിന്റെ സഹോദരിമാർ പ്രകടനം നടത്തിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇങ്ങനെ എല്ലായിടത്തും നടത്തണമെന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : എന്റെ സഹോദരിമാർ അങ്ങനെ ചെയ്യുമെന്ന് ഞാൻ വിചാരിച്ചിട്ടില്ല. കാരണം എല്ലാവർക്കും വ്യക്തമായി മനസ്സിലായിക്കാണും. ഇന്നലെ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ഒരിക്കൽകൂടി ആവർത്തിച്ച് പറയാൻ നാക്കിന് അറപ്പുണ്ടാക്കുന്ന കാര്യങ്ങളാണ് റജീന അടക്കമുള്ള ആളുകൾ മൊഴിയായി നൽകിക്കൊണ്ടിരിക്കുന്നത്. മറ്റ് തെളിവുകൾ ഇന്ത്യാവിഷന് അടക്കം കൈമാറിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കോടതി തെളിയിക്കട്ടെ. മഹിളാ കോൺഗ്രസ് അതിനെ പിന്തുണച്ചിട്ടുണ്ടെങ്കിൽ നാളെ ഇതിനുവേണ്ടി അവർ എന്താണ് പറയുക എന്ന് എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല.

ശ്രീ. ബാബു എം. പാലിശ്ശേരി : പ്രതിപക്ഷ നേതാവിന്റെ മണ്ഡലംപോലും സാമ്പത്തിക മേഖലയിൽ മുന്നേറിയത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെന്ന് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സാമ്പത്തിക മേഖലയിൽ മാത്രമല്ല സമർത്ഥമായ ഭരണമാണ് നടത്തിയത്. ഊർജ്ജ മേഖലയിൽ, ഒരു സംസ്ഥാനമാകെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ കഴിഞ്ഞിരിക്കുകയാണ്. ഒരു സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നത് യു.ഡി.എഫ്.-കാർക്ക് സ്വപ്നം കാണാൻ കഴിയുന്ന കാര്യമാണോ ? വളരെ എളുപ്പമായി വളരെയധികം കാശുണ്ടായിട്ടാണോ ചെയ്തത് ? അതിസമർത്ഥമായ ഭരണത്തിന്റെ കൂടെ കേരളത്തെ ആകെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ ശ്രമം നടത്തുകയാണ്. ഇതുപോലെ എല്ലാ മിനിസ്റ്റർമാരും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിജ്ഞാബദ്ധരാണ്. ബന്ധപ്പെട്ട മിനിസ്റ്റർതന്നെ രാവിലെ മുതൽ വൈകുന്നേരംവരെ ഇരുന്ന് ജനങ്ങളുടെ പരാതി കേൾക്കുന്നു. ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളിലും ധാരാളം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എനിക്ക് ഈ ഗവൺമെന്റിനെക്കുറിച്ച് ഒരുപാട് പറയാനുണ്ടായിരുന്നതാണ്. അതെല്ലാം പുറത്ത് ജനങ്ങളുടെ മുമ്പാകെ പറയാം. ധാരാളം കാര്യങ്ങളുണ്ട്. തികച്ചും വ്യത്യസ്തമായി അഞ്ച് വർഷക്കാലം ഒരു ക്ഷേമ പദ്ധതിപോലും വെട്ടിക്കുറയ്ക്കാതെ, സ്മാർട്ട് സിറ്റി അടക്കമുള്ള പുതിയ വമ്പിച്ച പദ്ധതികൾ കൊണ്ടുവന്ന, വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിയ, കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കിയ ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട ജി. കാർത്തികേയനോട് ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ.

മി. ചെയർമാൻ : ടീച്ചർ പ്രസംഗം അവസാനിപ്പിക്കണം. മൂന്നു മിനിട്ട് കൂടുതലായി. ....ശ്രീ. ആനത്തലവട്ടം ആനന്ദൻ, ...

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : കഴിഞ്ഞ അഞ്ചുവർഷക്കാലം നിങ്ങളുടെ പാർട്ടി ഭരിച്ചപ്പോൾ പ്രസ്തുത വിമാനത്താവളത്തിന്റെ അക്വിസിഷൻ ഓഫീസ് അടച്ചുപൂട്ടി ഒരുസെന്റ് ഭൂമി പോലും എടുക്കാൻ കൂട്ടാക്കാതെ നടപടിക്രമങ്ങൾ നിർത്തിവച്ചു.

മി. ചെയർമാൻ : ശ്രീ. ആനത്തലവട്ടം ആനന്ദൻ ....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഇതെല്ലാം ജനങ്ങൾ കാണുന്നില്ലേ ? ഈ നയപ്രഖ്യാപനത്തെ നൂറു ശതമാനം അംഗീകരിച്ചുകൊണ്ട് അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നന്ദി അർഹിക്കുന്ന പ്രവർത്തനം നടത്തിയതുകൊണ്ടാണ് അംഗീകരിക്കുകയാണെന്ന് ഞാൻ പറഞ്ഞത്. എല്ലാ നേരവും ഭക്ഷണം നൽകി കുളിപ്പിച്ച് കൂടെ കിടത്തുന്ന ചില ജീവികൾ അതെല്ലാം ചെയ്യുന്ന വളർത്തമ്മയെ ചിലപ്പോൾ കടിക്കാറുണ്ട്, നന്ദികേട് കാട്ടാറുണ്ട്. നന്ദികേട് കാട്ടുന്നവരുടെ നന്ദി പ്രമേയം എന്നു പറയുന്നത് ആ പറയുന്നവർക്ക് യോജിച്ചതാണ്. ഈ ഗവൺമെന്റ് ആറാമത്തെ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. മഹാഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ താത്പര്യം സംരക്ഷിക്കലാണ് അഞ്ച് ബഡ്ജറ്റിലും ഉണ്ടായിരുന്ന കാഴ്ചപ്പാട്. ഈ ഗവൺമെന്റ് പാവപ്പെട്ടവരുടെ ഗവൺമെന്റാണെന്ന് തെളിയിച്ചിട്ടുണ്ട്. അതോടൊപ്പം നാടിന്റെ പുരോഗതിക്ക് ഒരു വിഷനോടുകൂടി പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കുകയാണ്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്ത് 2004-2005-ൽ യു.ഡി.എഫ് ഗവൺമെന്റ് ഭരിച്ചിരുന്ന അവസരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികളിൽ 44 ശതമാനമാണ് ജയിക്കുന്നത്. ബാക്കി 56 ശതമാനം തോറ്റ് ആ രംഗത്തുനിന്ന് പിൻമാറുകയാണ്. എന്നാൽ ഇപ്പോൾ കഴിഞ്ഞ വർഷം അത് 94 ശതമാനമായി ഉയർന്നു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായങ്ങൾ ലാഭത്തിലാക്കുകയും കിട്ടിയ ലാഭമായ 240 കോടി രൂപ ഉപയോഗിച്ച് എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്-ന്റെയും യു.പി.എ.-യുടേയും പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള സമീപനത്തിൽനിന്ന് വ്യത്യസ്തമാണിത്. അടച്ചുപൂട്ടലും തോന്നുന്ന വിലയ്ക്കു വിറ്റ് കമ്മീഷൻ വാങ്ങലുമാണ് അവരുടെ സമീപനമെങ്കിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അതിനൊരു ബദൽ നയം നടപ്പിലാക്കി. ആഗോള വ്യാപകമായി സ്വകാര്യവത്കരണ നയം നടപ്പാക്കുന്നതിനുള്ള ഒരു ബദലാണിത്. ഒരു സ്ഥാപനത്തിന്റെ ഉദാഹരണം മാത്രം ഞാൻ പറയാം. മലബാർ സിമന്റ്സ് എന്ന സ്ഥാപനം ഇപ്പോൾ വിവാദത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. 1996-ൽ സുശീലാ ഗോപാലനായിരുന്നു വ്യവസായ വകുപ്പുമന്ത്രി. 87 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. 2001-2006-ൽ ശ്രീ. കുഞ്ഞാലിക്കുട്ടിയും യു.ഡി.എഫ്. ഗവൺമെന്റുമായിരുന്നു ആ വ്യവസായ സ്ഥാപനത്തിന്റെ ചുമതലക്കാർ. അന്ന് കിട്ടിയത് ഒരു കോടി എൺപത്തിയേഴ് ലക്ഷം രൂപയാണ്. അന്ന് തട്ടിക്കൊണ്ടു പോയ ആ സ്ഥാപനത്തിലെ മുതലുകൾ കണ്ടെത്താനുള്ള വിജിലൻസ് എൻക്വയറിയാണ് ഇപ്പോൾ നടക്കുന്നത്. ചില ആളുകളുടെ പ്രസ്താവന കണ്ടാൽ ഇപ്പോൾ മലബാർ സിമന്റ്സിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എന്തോ നടന്നതാണെന്ന് തോന്നും. ഈ ഗവൺമെന്റ് വന്നശേഷം 2010 അവസാനിക്കുമ്പോൾ 244 കോടി രൂപ ലാഭമുണ്ടാക്കി. ഇതിനിടയ്ക്ക് ഇവർ ഭരിച്ചപ്പോൾ ലാഭം ഒന്നരക്കോടി രൂപ മാത്രം. ബാക്കിയുള്ള പണം എവിടെ കൊണ്ടുപോയി ? അതാണ് ഇപ്പോൾ വിജലൻസ് എൻക്വയറി നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത അസംഘടിത കാർഷിക മേഖലയിലെ തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻ നിരവധി നടപടികൾ സ്വീകരിച്ചു. 35 ലക്ഷം തൊഴിലാളി കുടുംബങ്ങൾക്ക് പെൻഷൻ വർദ്ധിപ്പിച്ചു നൽകി. തൊഴിൽ മേഖലയിൽ കേരളപ്പിറവിക്ക് ശേഷം ഇത്രയും ശാന്തമായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ഫാക്ടറി തുറക്കാനും ജോലിക്കും കൂലി വർദ്ധനവിനും ബോണസിനും ഗ്രാറ്റുവിറ്റിക്കും വേണ്ടിയുള്ള പണിമുടക്കുകളോ സമരങ്ങളോ ഇല്ലാത്ത ഒരു കാലം, അതാണ് എൽ.ഡി.എഫ്-ന്റെ ഭരണകാലം. കാർഷിക മേഖലയിൽ ഇൻഡ്യയിൽ ഉത്പാദനം നെഗറ്റീവാണ്. അതേസമയം 2.8 ശതമാനം ഉത്പാദന വർദ്ധനവ് കേരളത്തിലുണ്ടായി. കർഷകർക്ക് നെല്ലിന്റെ സംഭരണവില 13 രൂപയായി വർദ്ധിപ്പിച്ചു. 60,000 ഏക്കർ സ്ഥലത്ത് പുതുതായി നെൽക്കൃഷി ആരംഭിച്ചു. ഒന്നേകാൽ ലക്ഷം ടൺ നെല്ല് കൂടുതൽ ഉത്പാദിപ്പിക്കുകയുണ്ടായി. അതുപോലെ മുട്ടയുടേയും പച്ചക്കറിയുടേയുമെല്ലാം ഉത്പാദനം വർദ്ധിപ്പിച്ചു. വിലവർദ്ധനവ് തടയാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ കേന്ദ്ര ഭരണാധികാരികളുടെപോലും പ്രശംസ പിടിച്ചുപറ്റിയതാണ്. ഇൻഡ്യൻ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച കൺസ്യൂമർ ഇൻഡെക്സിൽ ദേശീയ ശരാശരി 539 പോയിന്റായി ഉയർന്നപ്പോൾ കേരളത്തിൽ അത് 486 പോയിന്റാണ്. 53 പോയിന്റ് കുറവാണ്. ക്രമസമാധാന പാലനത്തിലും ഇൻഡ്യയുടെ മുന്നിലാണ് കേരളം. പ്രസിഡന്റ്, പ്രധാനമന്ത്രി, ധനമന്ത്രി, ആഭ്യന്തര മന്ത്രി എന്നിവരെല്ലാം അവാർഡ് നൽകി കേരളത്തെ പ്രശംസിച്ചു. ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടം അന്ധത ബാധിച്ചിട്ടില്ലാത്തവർക്കെല്ലാം കാണാൻ കഴിയും. കേരളീയർ ഇരുട്ടിലാകാതെ വെളിച്ചത്ത് ഇരിക്കാൻ കഴിയുന്നത് എൽ.ഡി.എഫ്. ഭരണംകൊണ്ടാണ്. അയൽ സംസ്ഥാനങ്ങൾ രണ്ടു മണിക്കൂർ മുതൽ ആറ് മണിക്കൂർവരെ ലോഡ് ഷെഡ്ഡിംഗും പവർകട്ടും നേരിടുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അരമണിക്കൂർപോലും പവർകട്ടില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റി. ജീവനക്കാർക്ക് അഞ്ചുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണവും ഡി.എ. കുടിശ്ശികയില്ലാതെ ശമ്പളവും കൃത്യമായി ലഭിക്കുന്ന ഒരു ഭരണമായി എൽ.ഡി.എഫ്. ഭരണം മാറി. യു.ഡി.എഫ്-ന്റെ കാലത്ത് നിയമന നിരോധന മേർപ്പെടുത്തിയതിന്റെ ഫലമായി അഞ്ചേകാൽ ലക്ഷം ജീവനക്കാർ ഉണ്ടായിരുന്നത് യു.ഡി.എഫ്. അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ നാലേമുക്കാൽ ലക്ഷമായി കുറഞ്ഞു. ഈ ഗവൺമെന്റ് വന്ന് 152000 പേർക്ക് പുതിയ നിയമനം നൽകി. അഴിമതിയില്ലാത്ത ഒരു ഭരണം കാഴ്ചവച്ചു. വികസന പാക്കേജുകളേർപ്പെടുത്തി പദ്ധതികളെല്ലാം നടപ്പാക്കിവരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ റോഡുകളുടെ ശോച്യാവസ്ഥ യു.ഡി.എഫ്-ന് അനുകൂലമായ വിധിയെഴുത്തിന് സഹായിച്ചെങ്കിൽ അത് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഇപ്പോൾ ഊറ്റം കൊള്ളുന്നത്. കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളും എൻ.എച്ച്. റോഡുകളും മാർച്ച് 31-നകം സഞ്ചാര യോഗ്യമാക്കുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ ഈ റോഡിന്റെ കാര്യം പറഞ്ഞുകൊണ്ട് ഇടതുപക്ഷ മുന്നണിക്കെതിരായി ഇറങ്ങിത്തിരിക്കാൻ കഴിയാത്ത ഒരു സാഹചര്യം കേരളത്തിൽ വരും. ഇടതുപക്ഷ മുന്നണി ഈ നിയമസഭാ തിരഞ്ഞെടുപ്പ് ജയിക്കുന്ന ഒരു സാഹചര്യം ഉയർന്നുവരും. ഇതാണ് കേരളത്തിലെ സ്ഥിതിയെങ്കിൽ രാജ്യത്തിന്റെ സ്ഥിതി അതീവ ഗുരുതരമാണ്. പ്രതിപക്ഷ സുഹൃത്തുക്കൾ രണ്ട് ദിവസമായി സഭയിൽ യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന് ദിവാസ്വപ്നം കണ്ടുകഴിയുകയാണ്. നമ്മുടെ പ്രിയപ്പെട്ട നേതാവായ ശ്രീ. എ. കെ. ആന്റണി കഴിഞ്ഞ ദിവസം ജാഥയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിക്കുകയുണ്ടായി, അടുത്ത തെരഞ്ഞെടുപ്പിൽ സെഞ്ചുറി നേടുമെന്ന്. ശ്രീ. എ. കെ. ആന്റണി മുമ്പൊരിക്കൽ ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. 1982-ൽ. അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് നൂറു വർഷക്കാലത്തേക്ക് സി.പി.ഐ.(എം.) അധികാരത്തിൽ വരില്ലെന്നാണ്. അദ്ദേഹം പറഞ്ഞതിന് നേരെ വിപരീത ഫലമാണുണ്ടായത്. 1987-ൽ വീണ്ടും സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽവന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അല്ല അധികാരത്തിൽ വരാൻ പോകുന്നത് എൽ.ഡി.എഫ്.ആണ്. പാർലമെന്റിലേയും പഞ്ചായത്ത് തിരഞ്ഞെടുപ്പിലേയും വ്യത്യാസം, പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ആകെയുണ്ടായിരിക്കുന്ന എൽ.ഡി.എഫ്./യു.ഡി.എഫ്. വ്യത്യാസം ആറു ലക്ഷത്തി അറുപത്തിയെണ്ണായിരത്തി അറുന്നൂറ്റി എഴുപത് വോട്ടാണ്. ആറുലക്ഷത്തി അറുപത്തിയെണ്ണായിരത്തി അറുന്നൂറ്റി എഴുപത് വോട്ടിൽ രണ്ടായിരത്തോളം ബൂത്തുകളുണ്ട്. ഒരു ബൂത്തിൽ 33 വോട്ട് മാറിയാൽ എൽ.ഡി.എഫ്. വീണ്ടും ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരും. അത്രയും മാത്രമാണുള്ളത്. അതുകൊണ്ട് വലിയ അഹങ്കാരം കൊള്ളാനും നെഗളിച്ച് നടക്കാനും വേണ്ട വകകളൊന്നും കേരളത്തിൽ യു.ഡി.എഫ്.-നില്ല. ഇവിടെ ഒരു കുറ്റപത്രം സമർപ്പിക്കാനാണ് ഗവർണ്ണറുടെ അടുക്കൽ പോയിരിക്കുന്നത്. ഗവർണ്ണർക്കാണ് കൊടുക്കുന്നത്. യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഭരണാധികാരികൾ കാണിച്ച കൊള്ളരുതായ്മകളെക്കുറിച്ചുള്ള കുറ്റപത്രമാണ് സമർപ്പിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ നടുക്കിയ സംഭവങ്ങളുടെ ഉത്തരവാദിത്തം അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സിനുള്ളതല്ലേ ? കേന്ദ്രത്തിലെ ഒരു മന്ത്രി ഇപ്പോൾ ജയിലിലാണ്. ഇൻഡ്യയുടെ ചരിത്രത്തിൽ ഇതുപോലൊരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ ? യു.പി.എ.-യുടെ പ്രത്യേകതയല്ല, നിവൃത്തിയില്ലാതെ ജയിലിൽ കിടക്കാൻ ഇടയായതാണ്. യു.പി.എ.യുടെ പ്രത്യേകതയൊന്നുമല്ല. ഞാൻ യു.പി.എ.-യുടെ പ്രത്യേകത പറയാം. യു.പി.എ.-യുടെ പ്രത്യേകത 1,76,000 കോടി രൂപയുടെ തിരിമറി നടത്തിയതിൽ ഒരു മന്ത്രി മാത്രമേ അകത്തായിട്ടുള്ളു. ബാക്കിയുള്ള മന്ത്രി മാരൊന്നും അകത്തായിട്ടില്ല. അകത്താകേണ്ട ഒരുപിടി മന്ത്രിമാരുണ്ട്. ഇവിടെ എന്റെ സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ആദർശ് ഫ്ളാറ്റിൽ അഴിമതി കാട്ടിയ ആൾക്കാർ ജയിലിൽ ആകേണ്ടതല്ലേ? അതേപോലെ കോമൺ വെൽത്ത് ഗെയിംസിൽ 7,000 കോടി രൂപയുടെ അഴിമതി നടത്തി. 70,000 കോടിരൂപ എന്നും 7,000 കോടിരൂപ എന്നും പറയുന്നു. നമ്മൾ പെരുപ്പിച്ച് പറയേണ്ട. 7,000 കോടി രൂപയായാൽത്തന്നെ ജയിലിലാകണ്ടേ ? കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ നേതാവല്ലേ സുരേഷ് കൽമാഡി ? എങ്ങനെ നിങ്ങൾ ഇപ്പോഴും അദ്ദേഹത്തെ നേതാവായി കാണുന്നു ? കോൺഗ്രസ്സിൽനിന്ന് പുറത്താക്കിയിട്ടുണ്ടോ ? ഇപ്പോഴും അദ്ദേഹം കോൺഗ്രസ്സിന്റെ നേതാവല്ലേ ? നമ്മുടെ ഖനി വിഭവങ്ങൾ മുഴുവൻ കൊള്ളയടിക്കുകയല്ലേ ? കള്ളപ്പണത്തിന്റെ കാവൽക്കാരായിരിക്കുകയല്ലേ ? കള്ളപ്പണം സ്വിസ് ബാങ്കുകളിൽ കൊണ്ടുപോയി സൂക്ഷിക്കുകയല്ലേ ? ആരുടേതാണ് ആ കള്ളപ്പണം? അതിന്റെ കാവൽക്കാരായിരിക്കുന്നവർ എന്തുകൊണ്ട് അത് വെളിപ്പെടുത്തുന്നില്ല ? വിക്കിലിക്സ് പറയുന്നത് കള്ളപ്പണത്തിൽ സോണിയാ ഗാന്ധിയുടെ പണമുണ്ട്, രാജീവ് ഗാന്ധിയുടെ പണമുണ്ട്, നരസിംഹറാവുവിന്റെ പണമുണ്ട് എന്നൊക്കെയാണ്. ഇല്ലെങ്കിൽ എന്തുകൊണ്ട് അവിടെ പണം സൂക്ഷി ച്ചിരിക്കുന്നവരുടെ പേരുവിവരം വെളിപ്പെടുത്തുന്നില്ല ? ആ പണം ഇനി 2013-ൽ വെളിപ്പെടുത്താമെന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ് ? അവർക്ക് അത് വീണ്ടും തിരിമറി നടത്താനല്ലേ ? നമ്മുടെ രാജ്യം ഇന്ന് വിദേശരാജ്യങ്ങളിൽനിന്നും വാങ്ങി യിട്ടുള്ള കടം 10 ലക്ഷം കോടി രൂപയാണ്. ആ പത്ത് ലക്ഷം കോടി രൂപയുള്ളപ്പോൾ ഇവിടെ 70 ലക്ഷം കോടി രൂപ കള്ളപ്പണം സൂക്ഷിച്ചിരിക്കുകയാണ്. ഈ പണമെടുത്ത് നമ്മുടെ വിദേശകടം മുഴുവനും തീർത്ത് രാജ്യത്തിന്റെ വികസന ത്തിനുവേണ്ടി വിനിയോഗിച്ചുകൂടേ ? ആ പണം എന്തുകൊണ്ട് എടുക്കുന്നില്ല ? ....(ബഹളം)......ഓരോരുത്തരും ഓരോ കണക്ക് പറയുന്നുണ്ട്. കോൺഗ്രസ്സിന്റെ വളർച്ചയെക്കുറിച്ച് ഇന്നലെ ഇവിടെ ഊറ്റം കൊള്ളുകയുണ്ടായി. ഇടതുപക്ഷ പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളുമെല്ലാം തകർന്നുപോകുകയാണ്, കോൺഗ്രസ്സ് പടവലങ്ങ പോലെ വളരുകയാണ്. നിങ്ങൾ ഇന്ത്യാ മഹാരാജ്യം മുഴുവൻ ഭരിച്ചി രുന്നവരാണ്. പഞ്ചായത്ത് തൊട്ട് പാർലമെന്റ് വരെ ഭരിച്ചിരുന്നത് കോൺഗ്രസ്സല്ലേ? ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ആളും പേരുമുള്ള രണ്ടേ രണ്ട് സംസ്ഥാനമാണ് കോൺഗ്രസ്സിനുള്ളത്. ഒന്ന്, ആന്ധ്രാപ്രദേശ്, മറ്റൊന്ന് രാജസ്ഥാൻ. ആന്ധ്രാപ്രദേശിന്റെ സ്ഥിതിപോയി. കുഴപ്പത്തിലായി. അതിനിപ്പോൾ ചിരഞ്ജീവിയെ കൂട്ടുപിടിക്കുകയാണ്. ഇനി എങ്ങനെയെങ്കിലും രക്ഷപ്പെടാൻ മാർഗ്ഗമുണ്ടോയെന്ന് നോക്കി. ആന്ധ്രാപ്രദേശിലെ നിങ്ങളുടെ ഭരണത്തിന്റെ സംഭാവനയെന്തെന്നറിയുമോ? നിങ്ങളുടെ മൈക്രോഫൈനാൻസിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

അതിൽനിന്നും വായ്പയെടുത്ത 33 സ്ത്രീകൾ ആത്മഹത്യ ചെയ്തു. ആന്ധ്രാപ്രദേശിന്റെ സ്ഥിതി അതാണ്. അവിടെ ജഗൻമോഹൻ കോൺഗ്രസ്സിനുമേൽ പുതിയ പാർട്ടിയുണ്ടാക്കിയിരിക്കുന്നു. ആന്ധ്രാപ്രദേശും പോകും. പിന്നെ ആളും പേരുമുള്ള ഏത് സംസ്ഥാനമാണ് കോൺഗ്രസ്സിനുള്ളത് ? മഹാരാഷ്ട്രയിൽ സംയുക്ത ഭരണമാണ്. ബംഗാൾ നിങ്ങളുടെ കൂടെയില്ല, യു.പി. ഇല്ല, മധ്യപ്രദേശ് ഇല്ല, ബീഹാർ ഇല്ല. നിങ്ങളുടെ മൃതസഞ്ജീവനിയായി രാഹുൽഗാന്ധിയെ ഇറക്കിയല്ലോ തെരഞ്ഞെടുപ്പിൽ. അദ്ദേഹത്തിന്റെ പുതിയ പദ്ധതി നടപ്പാക്കാൻ. ബീഹാറിൽ 9 സീറ്റുകളുണ്ടായിരുന്നു. 264 സീറ്റുകളിൽ 4 സീറ്റാണ് ഇന്ത്യയിൽ മഹാമേരുവിനെപ്പോലെ വളർന്നുനിന്നിരുന്ന കോൺഗ്രസ്സിന് ഇപ്പോൾ കിട്ടിയിരിക്കുന്നത്. അതല്ലേ നിങ്ങളുടെ സ്ഥിതി ? ....(ബഹളം) .... കേരളത്തിലും കോൺഗ്രസ്സ് രക്ഷപ്പെടുമെന്ന് കരുതി പുതിയ പദ്ധതി നടപ്പിലാക്കാൻ. രാഹുലിനെ ഇങ്ങോട്ടുകൂട്ടി കൊണ്ടുവന്നാൽ അത് ഗുണമായിരിക്കും. ഈ വിധത്തിൽ കോൺഗ്രസ്സ് ഓരോ ദിവസം കഴിയുംതോറും തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന ചിത്രമാണ് കാണുന്നത്. പശ്ചിമബംഗാളിനെക്കുറിച്ച് നിങ്ങൾ ഉത്കണ്ഠ കാണിക്കണ്ട, പശ്ചിമബംഗാളും കേരളവും ത്രിപുരയും ഇടതുപക്ഷപാർട്ടികൾക്ക് ശക്തിയുള്ള സംസ്ഥാനങ്ങളാണ്. അവർ ശക്തിയോടുകൂടിത്തന്നെ വീണ്ടും അധികാരത്തിൽ വരും. അതിൽ യാതൊരു സംശയവും വേണ്ട. പക്ഷേ ഇക്കാര്യത്തിൽ നിങ്ങളുടെ സ്ഥിതിയെന്താണെന്ന് നിങ്ങൾ ആലോചിക്കണം. ഞാൻ ഇവിടെ ആന്ധ്രാ സംസ്ഥാനത്തിന്റെ കാര്യം പറയുകയുണ്ടായി. തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഡി.എം.കെ. കോൺഗ്രസ്സിന്റെ പിന്തുണയോടെ ഭരിക്കുകയാണ് . ആ സംസ്ഥാനത്ത് തിരുപ്പൂർ എന്നൊരു ജില്ലയുണ്ട്. ആ ജില്ലയിൽ 2009-ലും 2010-ലും ആയി 910 ആളുകളാണ് ആത്മഹത്യ ചെയ്തത്. 40 വയസ്സിന് താഴെയുള്ളവരാണ് 365 പേർ. തൊഴിൽ നഷ്ടപ്പെടുകയും തൊഴിലില്ലായ്മ പെരുകുകയും ചെയ്യുന്നു. ASSOCHEM-ന്റെ കണക്കനുസരിച്ച് ഇപ്പോൾ ലോകത്തുണ്ടായിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി ഇന്ത്യാരാജ്യത്ത് ഒരു കോടിയിൽപ്പരം തൊഴിലുണ്ടായിരുന്ന ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. കൂടുതൽ പേർ തൊഴിലില്ലായ്മയിലേക്ക് കടന്നുപോകുകയാണ്. തൊഴിലുള്ളവന്റെ ജോലിഭാരം വർദ്ധിക്കുകയാണ്. ലക്ഷക്കണക്കിന് വേക്കൻസികൾ ഇന്ത്യാരാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഏതിലെങ്കിലും ഒരെണ്ണത്തിൽ നിങ്ങൾ ആളുകളെ നിയമിക്കുന്നുണ്ടോ ? ഡി-ഫോർ ക്ലാസ്സിലേക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാല് ലക്ഷം വേക്കൻസി ഒഴിഞ്ഞുകിടക്കുകയാണ്. നിയമിക്കുന്നുണ്ടോ ? നിങ്ങൾ ഇൻഷ്വറൻസ് കമ്പനിയിൽ ആളുകളെ നിയമിക്കുന്നുണ്ടോ ? ബി.എസ്.എൻ.എൽ.ൽ ആളുകളെ നിയമിക്കുന്നുണ്ടോ ? ഇന്ത്യൻ റെയിൽവേയിൽ 1973-ൽ 20 ലക്ഷം ആളുകൾ പണിയെടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 12 ലക്ഷം പേരാണുള്ളത്. റെയിൽവേ വികസിക്കുന്തോറും ആളുകളുടെ എണ്ണം കുറയ്ക്കുകയാണ്. പാപ്പിനിശ്ശേരി സ്റ്റേഷനിൽ ഒരു സ്റ്റേഷൻ മാസ്റ്റർ രാവിലെ മുതൽ പിറ്റേന്ന് രാവിലെ വരെ ഡ്യൂട്ടി ചെയ്ത് ബോധം കെട്ട് വീണു. പകരം ആളെ വയ്ക്കുന്നില്ല. വണ്ടിയുടെ shunting ഡ്യൂട്ടി നോക്കാൻ ആളില്ല. അപകടങ്ങൾ പെരുകുകയാണ്. കഴിഞ്ഞ ഒന്നൊന്നര വർഷക്കാലത്തിനിടയിൽ 162 ആളുകൾ ട്രെയിനപകടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മരിക്കുകയുണ്ടായി. ഇതല്ലേ നമ്മുടെ രാജ്യത്ത് നടക്കുന്നത് അതിലൊക്കെ നിങ്ങളുടെ കോൺഗ്രസ്സ് പാർട്ടിക്കല്ലേ ഉത്തരവാദിത്വം ? റെയിൽവേ മമതാ ബാനർജിയെ ഏല്പിച്ചിരിക്കുകയാണ്. മമതാ ബാനർജി കാണിക്കുന്നതിനെല്ലാം കൂട്ടുനിൽക്കുന്ന സമ്പ്രദായമല്ലേ നിങ്ങൾക്കുള്ളത് ഇന്ത്യയുടെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ റെയിൽവേയെ നിങ്ങൾ നടത്തി തകർത്തുതരിപ്പണമാക്കി. ഇന്ത്യാ രാജ്യത്തിന് വളർച്ചയുണ്ടായിയെന്ന് നിങ്ങൾ അവകാശപ്പെടുന്നു. നേരാണ്, വളർച്ച യുണ്ടായി. ആർക്കാണ് വളർച്ച ഉണ്ടായത് ? ഇന്ത്യൻ കുത്തകകൾക്ക് വളർച്ചയുണ്ടായി, കോടീശ്വരന്മാർക്ക് വളർച്ചയുണ്ടായി. നിങ്ങൾക്ക് അഭിമാനിക്കാം. 176 മീറ്റർ ഉയരമുള്ള ഒരു കെട്ടിടം ഇന്ത്യാരാജ്യത്തെ ഒരു മുതലാളിക്കുണ്ട്. ലോകത്ത് ഒരു മുതലാളിയുടേയും താമസ സ്ഥലത്തിന് 176 മീറ്റർ ഉയരമില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ
ശ്രീമതി ഇ. എസ്. ബിജിമോൾ]

27 നിലകളുള്ള കെട്ടിടം. 6 പേർക്ക് താമസിക്കാനാണ്. 600 പരിചാരകരുള്ള 6 പേർക്ക് താമസിക്കാൻ കഴിയുന്ന, 3 ഹെലിപ്പാഡുകളുള്ള, 165 കാറുകളുള്ള ഒരു കെട്ടിടം ഇന്ത്യാരാജ്യത്തെ ഒരു മുതലാളിക്ക് മാത്രമാണ് ഉള്ളത്. കോൺഗ്രസ്സിന്റെ നേട്ടമായി നിങ്ങൾക്ക് അവകാശപ്പെടാം. ഇവിടെ ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിക്കുകയുണ്ടായി, 84 കോടി ആളുകൾ 20 രൂപയ്ക്ക് താഴെ വരുമാനം കൊണ്ട് ജീവിക്കുന്നവരാണ്. 100 കോടീശ്വരന്മാരുടെ കൈകളിലേക്ക് ഇന്ത്യയുടെ സമ്പത്ത് മുഴുവൻ കടത്തിക്കൊണ്ടുപോകാൻ സൗകര്യമൊരുക്കിക്കൊടുത്ത ഭരണമാണ് നിങ്ങളുടേത്.

ചെയർപേഴ്സൺ : ശ്രീ. ആനത്തലവട്ടം ആനന്ദൻ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഞാൻ അവസാനിപ്പിക്കാം. ഭയപ്പെടേണ്ടുന്ന ഒരു വസ്തുതയുണ്ട്. രാജ്യത്തിന്റെ മൂല്യച്യുതി.............രാജ്യം മുഴുവൻ അഴിമതിയിൽ മുങ്ങിക്കുളിക്കുന്നു, ജനങ്ങൾ പാപ്പരാകുന്നു, തൊഴിലില്ലായ്മ വർദ്ധിക്കുന്നു, വിലക്കയറ്റം പെരുകുന്നു. ഇത് നമ്മുടെ ചുറ്റുപാടുമുള്ള രാജ്യങ്ങളിൽ അതിന്റെ പ്രത്യാഘാതമെന്തെന്ന് നിങ്ങൾ കണ്ടില്ലേ ? അമേരിക്കയുടെ അതേ നയം നടപ്പാക്കിയ, അമേരിക്കയുടെ പാവയായിരുന്ന ഈജിപ്റ്റിലെ മുബാറക്കിനെ, ജനങ്ങൾ തെരുവിലിട്ട് വലിച്ച് കീറുകയാണ് ; യെമനിൽ, ഹോണ്ടുറാസയിൽ അവിടെയെല്ലാം തന്നെ. നാളെ നമ്മുടെ രാജ്യത്തും വിലക്കയറ്റവും തൊഴിലില്ലായ്മയും പട്ടിണിയുംകൊണ്ട് വീർപ്പുമുട്ടുന്ന ജനങ്ങൾ തെരുവിലിറങ്ങും. ഇന്ത്യാരാജ്യത്തിന്റെ സ്ഥിതി അതല്ലേ ? വിലക്കയറ്റം കൊണ്ട് വീർപ്പുമുട്ടുന്നു. തൊഴിലില്ലായ്മകൊണ്ട് വീർപ്പു മുട്ടുകയല്ലേ ? ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ നമ്മുടെ രാജ്യത്തുള്ളപ്പോഴല്ലേ കസേരകൾ ഒഴിഞ്ഞുകിടക്കുന്നത്. അവിടെ നിങ്ങൾ നിയമനം നടത്തുന്നില്ല. അവർ തെരുവുതെണ്ടികളായി നടക്കുകയാണ്. ആത്മഹത്യ ചെയ്യുകയാണ്. കാർഷിക മേഖലയിൽ ആത്മഹത്യയില്ലാത്ത ഏക സംസ്ഥാനമാണ് കേരളം. കഴിഞ്ഞ 15 വർഷത്തിനിടയിൽ രണ്ടേകാൽ ലക്ഷം പേർ കാർഷികമേഖലയിൽ ആത്മഹത്യ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത നാടാണ് ഇന്ത്യാരാജ്യം. ഇതെല്ലാം ജനങ്ങൾ എന്നും എക്കാലവും പൊറുക്കുമെന്നാണോ ? ....(ബഹളം).... രാജ്യത്തിന്റെ മുഴുവൻ സമ്പത്തും കൊള്ളയടിച്ച് വിദേശ ബാങ്കുകളിൽ കൊണ്ട് നിക്ഷേപിക്കുന്ന ആ കൊള്ളക്കാരെ സംരക്ഷിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും ആക്ഷേപങ്ങൾ പെരുകുകയാണ്. നേരത്തെ 1,76,000 കോടിയാണെങ്കിൽ ഇപ്പോളത് 2 ലക്ഷം കോടിയായി. പ്രൈംമിനിസ്റ്ററുടെ ഓഫീസ് നിയന്ത്രിക്കുന്ന വകുപ്പിലാണ് 2 ലക്ഷം കോടിയുടെ പുതിയ ആക്ഷേപം വന്നിരിക്കുന്നത്.................

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മെമ്പർ പ്രസംഗം അവസാനിപ്പിക്കണം. ശ്രീ. എ. കെ. ശശീന്ദ്രന് പ്രസംഗിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : .....(ബഹളം).............ഇവിടെ ഐസ്ക്രീം എന്നുപറഞ്ഞാൽ ഒരു മന്ത്രിയുടെ പര്യായമായി മാറുന്ന വിധത്തിൽ അധഃപതനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായില്ലേ ?............ (ബഹളം)..................

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സർ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ....(ബഹളം)................ യു.ഡി.എഫ്.-ന്റെ കാലത്ത് പെൺവാണിഭം ഒരു വ്യവസായമായി വളർന്നു വന്നില്ലേ ? ഇവിടെ ഇരിക്കുന്ന പല ആൾക്കാരേയും സംബന്ധിച്ചുതന്നെ വാർത്തകൾ വന്നില്ലേ ? തീവണ്ടിയിൽ യാത്ര ചെയ്തപ്പോൾ ഒരു നേതാവിനേയും ഒരു പെണ്ണിനേയും കൂടി ചേർത്ത് വാർത്ത വന്നില്ലേ? നേതാവിന്റെ പേര് ഞാൻ പറയുന്നില്ല. ഞാൻ ഒരാളിന്റെയും പേര് പറയുന്നില്ല. .... (ബഹളം)...................

ചെയർപേഴ്സൺ : ബഹുമാനപ്പെട്ട ആനത്തലവട്ടം, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സാംസ്കാരിക മൂല്യങ്ങളെ തകർത്ത യു.ഡി.എഫ്. ഭരണം തിരിച്ചുവരണമെന്നാണോ ജനങ്ങൾ ആഗ്രഹിക്കുന്നത് ? ....(ബഹളം)...................... നിങ്ങൾ അധികാരത്തിൽ വരുമെന്ന് പറയുന്നത് ഒരു ദിവാസ്വപ്നം മാത്രമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സംസ്ഥാനത്ത് വീണ്ടും അധികാരത്തിൽ വരത്തക്കവിധത്തിൽ സാഹചര്യങ്ങൾ ഒരുങ്ങി വരികയാണ്. നിങ്ങൾ കുറ്റവിചാരണ നടത്തേണ്ടത് ഈ ഗവൺമെന്റിനെതിരെയല്ല, അഴിമതിക്കാർക്കെതിരെയാണ്, യു. ഡി. എഫ്. നേതാക്കൾക്കെതിരെയാണ്. ഒരിക്കൽ കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

ചെയർപേഴ്സൺ : ശ്രീ. എ. കെ. ശശീന്ദ്രൻ അങ്ങേയ്ക്ക് പ്രസംഗം ആരംഭിക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ക്ഷേമപ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ ഒരു ചിത്രമാണ് ആ പ്രസംഗത്തിലുടനീളം നമുക്കെല്ലാവർക്കും കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് ഇവിടെ എം.എൽ.എ.മാർ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മെ അമ്പരപ്പിച്ചത് കാർഷിക മേഖലയിലെ ആത്മഹത്യയാണ്. കാർഷികമേഖലയിൽ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നത് അവർക്ക് അവരെ സംരക്ഷിക്കാൻ ആളില്ലായെന്ന വല്ലാത്തൊരു അവസ്ഥ സംജാതമാകുമ്പോഴാണ്. ഇന്നിപ്പോൾ അങ്ങനെയൊരു ആത്മഹത്യ ഇല്ലാത്തത് കർഷകരുടെ ദുരിതം മനസ്സിലാക്കി അവരുടെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന വിശ്വസനീയമായ ഒരു ഭരണകൂടം സംസ്ഥാനത്ത് ഉണ്ടെന്നുള്ളതുകൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുകയും കർഷകരെ സമാശ്വസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കാർഷികമേഖല വലിയ ആവേശത്തോടുകൂടിയാണ് നോക്കിക്കാണുന്നതെന്ന യാഥാർത്ഥ്യം മലയോര മേഖലയിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർക്ക് അംഗീകരിക്കാതിരിക്കാൻകഴിയില്ല. മറ്റൊന്ന് കാർഷിക കടാശ്വാസത്തിന്റെ ആനുകൂല്യം കിട്ടിയതുകൊണ്ടും അവരെ സംരക്ഷിക്കുമെന്നും സർക്കാരിൽ വിശ്വാസമുള്ളതുകൊണ്ടും ജനങ്ങൾ ആത്മഹത്യ ചെയ്യില്ല. കഴിഞ്ഞ തവണ ഇവിടെ ആത്മഹത്യ നടന്നത് സർക്കാരിൽ വിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. ഇപ്പോൾ സർക്കാരിൽ അവർക്ക് വിശ്വാസമുണ്ട്.

<u>ശ്രീ. ടി. എൻ. പ്രതാപൻ :</u> സർ, കാർഷിക കടാശ്വാസം എഴുതിത്തള്ളുന്നതിന് വേണ്ടി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിപ്രകാരം കേരളത്തിലെ 2100 കോടി രൂപയുടെ കാർഷിക കടങ്ങളാണ് എഴുതിത്തള്ളിയതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ :</u> കേരളത്തിലെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനുവേണ്ടി കേരള സർക്കാർ സ്വീകരിച്ച നടപടിയിൽ വിശ്വാസമുള്ളപ്പോൾ കർഷകൻ ആത്മഹത്യ ചെയ്തില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇതുപോലെയുള്ള ആനുകൂല്യങ്ങളൊക്കെ കിട്ടിയിട്ടുണ്ട്. അന്ന് കർഷകർക്ക് അന്നത്തെ ഗവൺമെന്റിൽ വിശ്വാസമില്ലായിരുന്നു എന്നതാണ് പ്രശ്നം. അത് തമ്മിലുള്ള വ്യത്യാസം നമ്മൾ മനസ്സിലാക്കണം. രണ്ടാമത്തെകാര്യം മത്സ്യതൊഴിലാളി മേഖലയാണ്. മത്സ്യത്തൊഴിലാളി മേഖല എന്നു പറയുന്നത് 32 നിയമസഭാ മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ്. ആ 32 നിയമസഭാ മണ്ഡലങ്ങളിലെ ജനങ്ങളാണ് യഥാർത്ഥത്തിൽ ഈ സംസ്ഥാനം ആര് ഭരിക്കേണ്ടതെന്ന് തീരുമാനിക്കുന്നതിൽ നിർണ്ണായക വിധിയെഴുത്ത് നടത്തുന്നവർ. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് മത്സ്യത്തൊഴിലാളികളുടെ കടാശ്വാസം സംബന്ധിച്ച ഒരു നിയമ നിർമ്മാണം ഈ നിയമസഭ പാസ്സാക്കിയത്. നമ്മളെല്ലാം ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. അതിന്റെ ഫലമായി നമുക്കെല്ലാം അറിയുന്നതുപോലെ 394 കോടി രൂപയുടെ കടമാണ് ഈ സർക്കാർ എഴുതിത്തള്ളിയിട്ടുള്ളത്. അതുവഴി ഒന്നേകാൽ ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. മറ്റു ബാങ്കുകളിൽനിന്ന് കടമെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുള്ളവരുടെ കടം എഴുതിത്തള്ളാനുള്ള നടപടികളെക്കുറിച്ച് ഗവർണ്ണർ പറഞ്ഞത് എന്റെ ഗവൺമെന്റ് ഗൗരവത്തിൽ ആലോചിക്കുന്നുവെന്നുള്ളതാണ്.

ശ്രീ. എ. എ. ഷുക്കൂർ : മത്സ്യത്തൊഴിലാളി മേഖലയിൽ നൂറുകണക്കിന് ആളുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ജപ്തി നോട്ടീസ് വരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : മത്സ്യത്തൊഴിലാളി മേഖലയിൽ ഇത്തരത്തിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കടമെടുത്തവർ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് ഗവൺമെന്റിന് ഉത്തമ ബോധ്യമുള്ളതുകൊണ്ടാണല്ലോ ആ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഗവർണ്ണർ ഈ സഭയിൽ ഉറപ്പ് നൽകിയത്. മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ അംഗീകാരം ലഭിക്കുന്നത് ഈ സർക്കാരിനാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാണ് എന്നകാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ ? ഇവിടെ വലിയൊരു വിമർശനം ഗവർണ്ണർ നടത്തിയ പ്രസംഗത്തെക്കുറിച്ച് പ്രതിപക്ഷ മെമ്പർമാർ ഉന്നയിക്കുകയുണ്ടായി, ഗവർണ്ണറെക്കൊണ്ട് കേന്ദ്ര വിരുദ്ധമായി പ്രസംഗിപ്പിച്ചു എന്നാണ്. ഗവർണ്ണർ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ലല്ലോ ; പ്രധാനമന്ത്രിയെന്താണ് രാജ്യത്തോട് പറഞ്ഞത് ? ഈ നാട്ടിലെ ഭരണ കൂടത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന വിധത്തിൽ അഴിമതി ഒരു വലിയ വിപത്തായി നമ്മുടെ മുൻപിൽ വന്നിരിക്കുന്നു.അത് അദ്ദേഹം ഡൽഹിയിലിരുന്ന് ആരുടെയൊക്കെ മുഖത്തു നോക്കിയാണ് പറഞ്ഞതെന്ന് കേട്ടവർക്കും അദ്ദേഹത്തിനും നന്നായി അറിയാം. അദ്ദേഹമങ്ങനെ പറയേണ്ട സ്ഥിതി എന്തുകൊണ്ടുണ്ടായി? ഞാൻ ആരെയും കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല. അതാണ് നമ്മൾ പരിശോധിക്കേണ്ടത്. പ്രധാന മന്ത്രിയുടെ അതേ ആശയം കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധിയായ ഗവർണ്ണർ നിയമസഭയിൽ പറഞ്ഞാൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയാണെന്ന് വ്യഖ്യാനിക്കുന്നതിന്റെ യുക്തിരാഹിത്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയില്ലേ ? അങ്ങനെ ഒരു യുക്തിരാഹിത്യമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ക്രമസമാധാനത്തിന്റെ മാത്രമല്ല, വർഗ്ഗീയശക്തികളുടേയും ഭീകര വാദികളുടേയും പ്രവർത്തനങ്ങൾ തടയണമെങ്കിൽ ഭരണ നടപടികൾ കൊണ്ട് മാത്രം പോരാ എന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ എന്തുവേണം ? മതേതര മൂല്യങ്ങളിൽ വിശ്വസിക്കുന്ന പുരോഗമന ആശയമുള്ള ഒരു രാഷ്ട്രീയ സംവിധാനത്തിന് മാത്രമേ കേരളത്തിന്റെ മതേതര സ്വഭാവം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ നാടിനെ മുന്നോട്ട് കൊണ്ടുപോകാനാകൂ എന്ന് മനസ്സിലാക്കുന്ന, തിരിച്ചറിയുന്ന ജനങ്ങളാണ് ഇപ്പോൾ നമ്മുടെ മുൻപിലുള്ളത്. അപ്പോഴാണ് പ്രതിപക്ഷം നടത്തുന്ന ഒരു മോചന യാത്ര. എന്തിൽനിന്നാണ് അവർ കേരളത്തെ മോചിപ്പിക്കുന്നത്? രാഷ്ട്രീയ അജൻഡയുള്ള ഒരു മുന്നണണിയിൽ നിന്നും അരാഷ്ട്രീയ അജണ്ടയുള്ള ഒരു മുന്നണിയിലേക്ക് കേരളത്തിന്റെ ഭരണം എത്തിക്കുക എന്ന അവിവേകം കേരളത്തിലെ ജനങ്ങൾ കാണിക്കുമെന്ന് തെറ്റിദ്ധരിക്കാൻ യു.ഡി.എഫ്-ന് അല്ലാതെ മറ്റാർക്കും കഴിയില്ല. ആരൊക്കെ എന്തൊക്കെ വ്യാമോഹങ്ങൾ വച്ചുപുലർത്തിയാലും ജനങ്ങൾക്കുവേണ്ടി ജനപക്ഷത്തുനിന്ന് ഭരണനടപടികൾ സ്വീകരിക്കുന്ന രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയെ ജനങ്ങൾ നെഞ്ചിലേറ്റും എന്നതാണ് ഗവർണ്ണർ നടത്തിയ ഈ പ്രസംഗത്തിലൂടെ കേരളത്തിലെ ജനങ്ങൾ അറിഞ്ഞിരിക്കുന്നത്. അത് കേരളത്തിലെ ജനങ്ങൾ നെഞ്ചേറ്റി വാങ്ങും എന്ന പൂർണ്ണ വിശ്വാസത്തോടെ ഒരിക്കൽക്കൂടി ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ചെയർ പേഴ്സൺ : ശ്രീ. ജി. കാർത്തികേയൻ, 9 മിനിറ്റ്.... ......

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, എന്നെ വിളിച്ചില്ല.

ചെയർപേഴ്സൺ : ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നു പറയട്ടെ, ... ശ്രീ. എ. കെ. ശശീന്ദ്രൻ സ്പീക്കറുടെ ഓഫീസിൽ നിന്ന് അനുവാദം വാങ്ങി. ഇവിടെ എഴുതിത്തന്നിരുന്നു. അങ്ങയുടേത് കിട്ടിയിട്ടില്ല. ശ്രീ. ജി. കാർത്തികേയൻ അങ്ങേക്ക് സംസാരിക്കാം.......

ശ്രീ. ജി. കാർത്തികേയൻ : സർ, ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേരുണ്ടായിരുന്നതല്ലേ ?

ചെയർ പേഴ്സൺ : ....(ബഹളം)........ ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് 4 മിനിറ്റ് സംസാരിക്കാം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഇവിടെ ശ്രീ. എ. കെ. ശശീന്ദ്രൻ പ്രസംഗം അവസാനിപ്പിച്ചപ്പോൾ മോചന യാത്ര എന്തിനുവേണ്ടിയായിരുന്നുവെന്ന് ചോദിച്ചു 57 മാസക്കാലം കേരളത്തിലെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ സർക്കാരിൽ നിന്നുള്ള മോചനത്തിനായിരുന്നു ഈ യാത്ര. ഇത് മൂന്നാമത്തെ ജനവിധിയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും ഈ സർക്കാരിന് എതിരായി ജനങ്ങൾ വിധിയെഴുതി.. ഈ യാത്രയിലൂടെ ഇന്ന് യു.ഡി.എഫ്.-ന്റെ നേതാക്കൻമാർ കേരളത്തിലെ ദുരിതങ്ങൾ സഹിച്ച ഒരു കോടിയിലധികം ജനങ്ങൾ ഒപ്പിട്ട കുറ്റപത്രം ഗവർണ്ണർക്ക് സമർപ്പിച്ചിരിക്കുകയാണ്. ഈ സർക്കാരിന് എതിരായ മൂന്നാമത്തെ ജനവിധിയാണ് കുറ്റപത്രം സമർപ്പിച്ചുകൊണ്ട് ഉണ്ടായിരിക്കുന്നത്. ഞാൻ ശ്രീ. ശശീന്ദ്രൻ പറഞ്ഞതുമായി ബന്ധപ്പെട്ട് പറയുകയാണ്. ഇവിടെ നിരവധി അവാർഡുകളെക്കുറിച്ച് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചു. ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ്, അത് അച്ചടിച്ചുവച്ചിരിക്കുന്നത് തെറ്റാണ്. ഇൻഡ്യയുടെ വൈസ് പ്രസിഡന്റിനെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ശരിയായ പേര് പരാമർശിക്കാൻ പോലും ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുപറഞ്ഞാൽ പിന്നെ ഈ ഗവൺമെന്റിന്റെ സാംഗത്യം എന്താണ്? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അവാർഡ് വാങ്ങിക്കുന്ന ഗവൺമെന്റ്. കുറ്റകൃത്യങ്ങളിൽ യു.പി.-യെയും ബീഹാറിനെയും .പുറന്തള്ളി ഒന്നാം സ്ഥാനത്താണ്. എന്നിട്ട് സർക്കാരിന് അവാർഡ് കിട്ടിയെന്ന് പറഞ്ഞ് മേനി കാട്ടിയിട്ട് കാര്യമുണ്ടോ ? അതുകൊണ്ട് ഗൗരവമായി ഇക്കാര്യങ്ങളെ കാണണം. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട ഭരണ കക്ഷി അംഗങ്ങളോട് ചോദിക്കുകയാണ്, ശ്രീ. പി.ശശിയുമായി ബന്ധപ്പെട്ട പരാതിയെ സംബന്ധിച്ച് സി.പി.ഐ.(എം) ഒരു അന്വേഷണ കമ്മീഷനെ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്ത് പരാതിയുടെ പേരിലാണ്; .എന്തിനുവേണ്ടിയാണ് അന്വേഷണ കമ്മീഷൻ ? അതാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.........XXXXXXXXX *....................*

ശ്രീ. പി. ജയരാജൻ : സർ, പോയിന്റ് ഓഫ് ഓർഡർ...

ഇവിടെ സഭയിലില്ലാത്ത ആളെപ്പറ്റി എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുക, അങ്ങനെയാണെങ്കിൽ എനിക്ക് ശ്രീ. ജോസഫ് എം. പുതശ്ശേരിയെപ്പറ്റിയും ആക്ഷേപം ഉന്നയിക്കാമല്ലോ ; നിങ്ങൾ പെണ്ണ്പിടിച്ചു എന്നുപറഞ്ഞ് എനിക്കും ആക്ഷേപം ഉന്നയിക്കാമല്ലോ ? സി.പി.എം.-ന്റെ സംസ്ഥാന കമ്മിറ്റി വ്യക്തമായി കാര്യങ്ങൾ പുറത്ത് പറഞ്ഞിട്ടുണ്ട്. അതായത് ശ്രീ. പി. ശശിക്കെതിരായ ആരോപണം അന്വേഷിക്കാൻ ഞങ്ങൾ ഒരു കമ്മീഷനെ വച്ചിട്ടുണ്ട്. ആ കമ്മീഷൻ ശ്രീ. രാജ്മോഹൻ ഉണ്ണിത്താനുമായി ബന്ധപ്പെട്ട പരാതിയെ സംബന്ധിച്ച് അന്വേഷിക്കാൻ കെ.പി.സി.സി വച്ച അന്വേഷണ കമ്മീഷൻ പോലെയാകില്ല. കുറ്റം കൃത്യമായി തെളിഞ്ഞാൽ നടപടി എടുക്കും. അതിന് നിങ്ങൾ എന്തിനാണ് ബേജാറാകുന്നത് ? പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും കേസുണ്ടെങ്കിൽ തീർച്ചയായും അത് സഭ അറിയേണ്ടകാര്യമാണ്. ഞങ്ങളുടെ പാർട്ടിക്കകത്തുള്ള ഒരു പരാതിയെ സംബന്ധിച്ചാണ്. അത് അന്വേഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അത് ശ്രീ. രാജ്മോഹൻ ഉണ്ണിത്താനെതിരെ കെ.പി.സി.സി. അന്വേഷിച്ചതുപോലെ ആകില്ല. അത് തെളിഞ്ഞിട്ടുണ്ടെങ്കിൽ നടപടിയെടുക്കും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ സൂചിപ്പിച്ചുവന്നത് അതുതന്നെയാണ്. അത്തരം ഒരു പരാതി ഒരു പാർട്ടിയുടെ ആഭ്യന്തര പ്രശ്നമാണോ ? അത്തരം ഒരു പരാതി പാർട്ടിയുടെ ആഭ്യന്തര പ്രശ്നമായി മാറ്റി നിർത്താൻ കഴിയുന്ന കാര്യമാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത് ? ഞാൻ പറയുന്നത് വിശ്വസിക്കേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രക്കാരോട് എന്താണ് പറഞ്ഞത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രക്കാരോട് പറഞ്ഞു, ഉദ്ദേശിച്ച നടപടിയുണ്ടായില്ല എന്ന്. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിയടക്കം ആറ് മന്ത്രിമാർ അംഗങ്ങളായ സെക്രട്ടേറിയറ്റാണ് ഈ പരാതി വായിച്ച് അന്വേഷണ കമ്മീഷനെ നിയമിച്ചത്. ഇവിടെ ഭരണഘടനയും നിയമസംവിധാനവും അട്ടിമറിക്കുകയാണ്. ഇത്തരത്തിൽ ഒരു പരാതി കിട്ടിയാൽ എന്താണ് ചെയ്യേണ്ടത് ? ഞാൻ മുഖ്യമന്ത്രിയോട് വിനയപൂർവ്വം ചോദിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ മറുപടി പറയുമ്പോൾ പറയണം.. പാർട്ടിയിലെ എതിരാളികളെ ഭീഷണിപ്പെടുത്താനുള്ള ആയുധമായി ഇത് വിനിയോഗിക്കാൻ പടില്ല. ശ്രീനിജന് എതിരെ പരാതി വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രിയോട് പറയാതെ ആഭ്യന്തരവകുപ്പിന് നിർദ്ദേശം കൊടുത്തില്ലേ, അന്വേഷിക്കാൻ ? ലോട്ടറി കേസിൽ ഡോ. തോമസ് ഐസക്കിനോട് പറയാതെ ലോട്ടറി വകുപ്പിന് നിർദ്ദേശം കൊടുത്തില്ലേ നടപടി സ്വീകരിക്കാൻ ? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, അങ്ങ് ഇന്നലെ ഇവിടെ പറഞ്ഞു, പെൺകുട്ടികളെ പീഡിപ്പിക്കുന്നവരെ കയ്യാമം വയ്ക്കുമെന്ന്. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങ് വായിച്ച്

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.575/ഇ.ബി./11/ലെജി. തീയതി, 15-2-2011) നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കേട്ട ഈ പരാതി പോലീസിന് കൊടുത്ത് പോലീസിനെ കൊണ്ട് കേസ് എടുപ്പിക്കാൻ തയ്യാറാകുമോ ? ഇവിടെ സുപ്രീം കോടതി വ്യക്തമായി ....(ബഹളം) ....

ചെയർപേഴ്സൺ : ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, വിശാഖാ കേസിൽ സുപ്രീം കോടതി വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഞാൻ ഒരു മിനിട്ട് കൊണ്ട് അവസാനിപ്പിക്കാം. തൊഴിൽ സ്ഥലത്തെ സ്ത്രീപീഡനത്തിന് എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി പാർട്ടിയുടെ ആഭ്യന്തര പ്രശ്നമല്ല, സംഘടനാ പ്രശ്നമല്ല, ...XXXXXXXXXXXX.............*

ചെയർപേഴ്സൺ : അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. പ്രസംഗം അവസാനിപ്പിക്കണം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ അവസാനിപ്പിക്കാം. ഇവിടെ നിയമം നടപ്പിലാക്കേണ്ട, നിയമ വ്യവസ്ഥയെ മാനിക്കേണ്ട ആഭ്യന്തരമന്ത്രി ഈ പരാതി മുക്കി.

ചെയർപേഴ്സൺ : ശ്രീ. സി. ടി. അഹമ്മദ് അലി, അങ്ങേക്ക് പ്രസംഗം തുടങ്ങാം. ശ്രീ. ജോസഫ് എം. പുതുശ്ശേരി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞ സ്ഥാപനത്തിൽ പണിയെടുക്കുന്ന ഒരു സ്ത്രീ അവരുടെ മാനേജുമെന്റിന് പരാതി കൊടുത്തിട്ടുണ്ടെങ്കിൽ കേസ് എടുക്കേണ്ടത് മാനേജുമെന്റാണ്. ഗവൺമെന്റിന്റെ മുമ്പിലോ പോലീസിന്റെ മുമ്പിലോ അങ്ങനെ ഒരു പരാതിയും ഇല്ല. ശ്രീ. രാജ്മോഹൻ ഉണ്ണിത്താന് പോലീസിൽ പരാതിയുണ്ടായിരുന്നു, പോലീസ് പിടിച്ചുകൊണ്ടുപോയതാണ്. അതാണ് ശ്രീ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചത്. അത്തരത്തിലുള്ള ഒരു പരാതി ഗവൺമെന്റിന്റെ മുമ്പിലോ പോലീസ് സ്റ്റേഷനിലോ ആരും ഉന്നയിച്ചിട്ടില്ല. അതിനെക്കുറിച്ച് കേസ് എടുക്കണമെന്നുപറഞ്ഞാൽ എന്താണ് അർത്ഥം? ഒരു സ്ത്രീ മാനേജുമെന്റിനെതിരായി കൊടുത്തിരിക്കുന്ന പരാതിയിന്മേൽ ഗവൺമെന്റ് കേസ് എടുക്കണമോ ? അത് സംബന്ധിച്ച് ഗവൺമെന്റിന് യാതൊരു വിവരവുമില്ല. ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞ് സമർത്ഥിക്കാൻ ശ്രമിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ചെയർപേഴ്സൺ : അത് പരിശോധിക്കാം.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.575/ഇ.ബി./11/ലെജി. തീയതി, 15-2-2011) നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കട്ടെ. ഞാൻ അതുതന്നെയാണ് പറഞ്ഞത്, കേരളത്തിലെ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമടക്കം ആറ് മന്ത്രിമാർ വായിച്ച് കേട്ട പരാതി പുറത്ത് വിടാത്തത് എന്തിന്റെ അടിസ്ഥാനത്തിലാണ് ? ഈ പരാതി പുറത്തുവന്നാൽ ആ സെക്കന്റിൽ കേസ് എടുത്ത് കയ്യാമം വച്ച് ശ്രീ. പി. ശശി അകത്തുപോകേണ്ടിവരും. അതുകൊണ്ട് ബോധപൂർവ്വം ആഭ്യന്തര വകുപ്പുമന്ത്രി ഈ പരാതി മുക്കിയിരിക്കുന്നു. അതാണ് സാർ എന്റെ കേസ്. ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതുതന്നെയാണ് എന്റെ കേസ്. ഞാൻ അവസാനിപ്പിക്കുന്നു. ശ്രീ. പി. ജയരാജനും ശ്രീ. ആനത്തലവട്ടം ആനന്ദനും പറയുന്നത് ശരിയാണെങ്കിൽ ....

ചെയർപേഴ്സൺ : ശ്രീ. പുതുശ്ശേരി എല്ലാ പോയിന്റും പറഞ്ഞുകഴിഞ്ഞു. ഇനി പോയിന്റുകൾ ആവർത്തിക്കേണ്ട.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ അവസാനിപ്പിക്കുകയാണ്. അവർ പറയുന്നത് ശരിയാണെങ്കിൽ, ഇതല്ല പരാതിയെങ്കിൽ ആ പരാതി എന്താണെന്ന് സി.പി.ഐ (എം) പുറത്ത് വിടണ്ടേ? എന്താണ് പുറത്ത് വിടാത്തത് ?

ചെയർപേഴ്സൺ : ശ്രീ. ജോസഫ് എം പുതുശ്ശേരി അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : കേസ് എടുക്കാതിരിക്കാൻ വേണ്ടി പരാതി മുക്കിയിരിക്കുന്നു.

ചെയർപേഴ്സൺ : ശ്രീ. സി.ടി.അഹമ്മദ് അലി, അങ്ങേക്ക് സംസാരിക്കാം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഈ സ്ത്രീയുടെ പരാതി പാർട്ടിയുടെ ആഭ്യന്തര പ്രശ്നമല്ല. ഇത്തരത്തിൽ നിയമ സംവിധാനത്തെ വെല്ലുവിളിച്ചു കൊണ്ട് നിയമത്തെ കാറ്റിൽ പറത്തിക്കൊണ്ട് മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിന് വേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തേയും ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തേയും ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനം നിരാശാജനകമാണ്. കേരളത്തിന്റെ കാതലായ പ്രശ്നങ്ങളിലേക്കൊന്നുംതന്നെ വിരൽ ചൂണ്ടാതെയുള്ള പ്രസംഗമാണിത്. സംസ്ഥാനത്തിന് പുതിയ പദ്ധതികളൊന്നുമില്ല. ലക്ഷ്യം നിയമസഭാ തെരഞ്ഞെടുപ്പ് മാത്രമാണ്. വില വർദ്ധനവ് തടയുന്നതിനോ, പിന്നോക്ക ന്യൂന പക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ പദ്ധതികളില്ല. കർഷകരെയും പ്രവാസികളെയുമെല്ലാം മറന്ന, വികസനംതന്നെ ആകെ മറന്ന ഒരു നയമാണ് ഗവർണ്ണർ പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കുറെ പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുകയാണ്. നാളെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയാണ്. അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് നാളത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ തയ്യാറാകണം. ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന നയം ഒരിക്കലും കേരള ജനത അംഗീകരിക്കില്ല. 2010 ഡിസംബർ 31 വരെ സംസ്ഥാനത്തിന്റെ പൊതുകടം 74,298 കോടിരൂപയായി വർദ്ധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2006 മാർച്ചിൽ സംസ്ഥാനത്തിന്റെ പൊതുകടം 45,929 കോടി രൂപ മാത്ര മായിരുന്നു. 28,369 കോടി രൂപയുടെ വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായി ട്ടുള്ളത്. ആളോഹരി കടം 23,363 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് പലിശയും പിഴപ്പലിശയും നൽകാൻ മാത്രം സംസ്ഥാനത്തിന്റെ വരുമാന ത്തിൽനിന്നും വലിയൊരു ശതമാനം ചെലവഴിക്കേണ്ടി വരുന്നു. എ.ഡി.ബി.-ക്ക് പിഴപ്പലിശയിനത്തിൽ സംസ്ഥാന സർക്കാർ 15 കോടി രൂപ നൽകി. എ.ഡി.ബി. വായ്പ കൃത്യസമയത്ത് അടയ്ക്കാത്തതിന്റെ പേരിലാണ് പിഴപ്പലിശ നൽകേണ്ടി വന്നത്. ഇനി 15 കോടി രൂപകൂടി എ.ഡി.ബി.-ക്ക് അടയ്ക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഈ സഭ പാസ്സാക്കി കൊടുക്കുന്ന തുകയൊന്നും ചെലവഴിക്കാൻ കഴിയാതെ വലിയ ഒരു ഭാഗം ലാപ്സാക്കി കളയുകയാണ് ചെയ്യുന്നത്. വില്ലേജാഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ ഫയലുകൾ കെട്ടി കിടക്കുന്നു. നിസ്സാര ആവശ്യത്തിനുപോലും ഉത്തരവ് ലഭിക്കുന്നതിന് വളരെക്കാലം കാത്തിരി ക്കേണ്ടിവരുന്നു. അതുകാരണം ജനങ്ങൾ നട്ടം തിരിയുകയാണ്. ഇതാണ് നമ്മുടെ സർക്കാർ ഓഫീസുകളുടെ സ്ഥിതി. ഇന്ന് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിശ്ചലമാണ്. സാധാരണക്കാരന് നീതി നിഷേധിക്കപ്പെടുന്ന ഒരു അവസ്ഥയിലാണ് ഇന്ന് നമ്മുടെ സർക്കാർ ഓഫീസുകൾ. അടുക്കും ചിട്ടയുമില്ലാത്ത, യാതൊരു നിയന്ത്രണവുമില്ലാത്ത പൊതുഭരണമാണ് സംസ്ഥാനത്ത് ഇന്ന് നടന്നുവരുന്നത്. കേരളത്തോട് ഇത്രയേറെ കാരുണ്യം കാണിച്ച ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ ഉണ്ടായിട്ടില്ല. ഇന്ന് ഈ ഗവൺമെന്റ് കൊട്ടിഘോഷിക്കുന്ന പദ്ധതികളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ മാത്രമാണ്. എന്നിട്ട് അതിനൊരു നന്ദി പ്രകാശിപ്പിക്കാൻ പോലും തയ്യാറാകുന്നില്ല. ഞാൻ സമയ പരിമിതി കാരണം അതിലേക്കൊന്നും കടക്കുന്നില്ല. ഇവിടെ നടപ്പാക്കുന്ന പദ്ധതികൾ മുഴുവൻ കേന്ദ്രഗവൺമെന്റി ന്റേതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളല്ലാതെ ഈ സംസ്ഥാനത്തിന്റെ പദ്ധതികൾ വളരെ വിരളമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

എന്നിട്ടും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ഡൽഹിയിൽ പോയി കേന്ദ്ര ഗവൺമെന്റിനെതിരെ സത്യാഗ്രഹവും സമരവും നടത്തി കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന്റെ താല്പര്യം പരിരക്ഷിക്കാൻ കഴിയണമെങ്കിൽ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധം കുറേക്കൂടി ശക്തി പ്പെടുത്തേണ്ടതുണ്ട്. അതിന് ഒരുപാട് അനുകൂല സാഹചര്യങ്ങളുണ്ട്. കേരളത്തിലെ ഒട്ടേറെ പ്രതിനിധികൾ കേന്ദ്രമന്ത്രിമാരായിട്ടുണ്ട്. നാടിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി അവരുമായി സഹകരിച്ച്, കൂടിയാ ലോചനകളിലൂടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പോകേണ്ടത് അനിവാര്യ മാണ്. അതുപോലെ പ്രതിപക്ഷത്തേയും വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. കേരളത്തിന്റെ പൊതു പ്രശ്നങ്ങളിൽ പ്രതിപക്ഷ കക്ഷികളുമായും കേന്ദ്ര ഗവൺമെന്റുമായും കൂടിയാലോചിച്ച് പ്രവർത്തിച്ചാൽ മാത്രമേ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. കേന്ദ്ര സർവ്വകലാശാല കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും അനുയോജ്യമായ സ്ഥലം ഏറ്റെടുത്തുകൊടുക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഇതുകാരണം കേന്ദ്രം അനുവദിച്ച കോടിക്കണക്കിന് രൂപ ലാപ്സായി. കാസർഗോഡ് പെരിയായിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ നാഷണൽ ഹൈവേയുടെ തൊട്ടടുത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ജനപ്രതിനിധികളും വിവിധ സംഘടനകളും നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഗവൺമെന്റ് അത് ഗൗരവത്തിൽ എടുത്തിട്ടില്ല. സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതുകൊണ്ട് കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി നഷ്ടപ്പെടാൻ പോകുന്നുവെന്നുള്ള അഭ്യൂഹങ്ങളാണ് വളർന്നു വരുന്നത്. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി നഷ്ടപ്പെടാൻ ഒരിക്കലും അവിടത്തെ ജനങ്ങൾ അനുവദിക്കുകയില്ല. അതുകൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരിലുള്ള സ്ഥലം എത്രയും വേഗം ഏറ്റെടുത്ത് സെൻട്രൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. മറാത്തി സമുദായത്തിൽപ്പെട്ട പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തണമെന്ന് വളരെ വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. പ്രത്യേകിച്ച് കാസർഗോഡ് മേഖലകളിലെ പാവപ്പെട്ട മറാത്തി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എം.പി.-മാരുമായി ഇടപെട്ട് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഈ ഗവൺമെന്റിന് അഞ്ച് വർഷം സമയമുണ്ടായിട്ടും കഴിഞ്ഞിട്ടില്ല. വൈദ്യുതികരണ രംഗത്തും കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി നടപ്പിലാക്കുന്നതിൽ വളരെയേറെ വീഴ്ചകൾ വരുത്തിയിട്ടുണ്ട്. അതുപോലെ കാസർഗോഡ് താപനിലയ നിർമ്മാണം ഇതുവരെയും എവിടെയും എത്തിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ താപനിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗത്തിൽ ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് യാതൊരു താല്പര്യവും എടുത്തില്ല. പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനോ പ്രവാസികളുടെ ക്ഷേമകാര്യങ്ങൾ നടപ്പാക്കാനോ ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. പ്രവാസികളുടെ ശരിയായ കണക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കൈവശമില്ല. അവരുടെ കൃത്യമായ കണക്ക് ശേഖരിക്കണം. ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികളെ സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അർഹരായ പ്രവാസികൾക്ക് സഹായം ലഭിക്കുന്നതിനായി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 18-നും 50 നും ഇടയിലായി ഉയർത്തണം. ഇതിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസി മലയാളികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രവാസി സംഘടനകളുടെ സഹായത്തോടെ ശേഖരിക്കാനും ആവശ്യമുള്ളവർക്ക് നിയമസഹായം സൗജന്യമായി ലഭ്യമാക്കാനും പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുവാൻ സാധിക്കാത്തവർക്ക് പ്രത്യേക സഹായനിധി സ്വരൂപിക്കാനും തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. അണയാൻ പോകുന്ന ഒരു സർക്കാരിന്റെ ചരമപ്രസംഗത്തിൽ പറയാൻപോലും ഒരു നല്ല കാര്യമില്ലല്ലോ എന്ന ദുഃഖമാണ് എനിക്കുള്ളത്. സ്വന്തം നേട്ടം പറയാനില്ലാത്തവർ രാഷ്ട്രീയത്തെ അപവാദ പ്രചരണത്തിന് ഉപയോഗിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. രണ്ട് കാലിലും മന്ത് ഉള്ളവൻ വെള്ളത്തിൽ ഇറങ്ങിനിന്ന് നീർവീഴ്ചയുള്ളവനെ ചൂണ്ടി മന്താ എന്ന് വിളിക്കുന്നതിന് തുല്യമാണിത് എന്നുമാത്രമാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുവാനുള്ളത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇപ്പോൾ ഗൂഢാലോചനകളുടെ രാജകുമാരനായി മാറിയിരിക്കുകയാണ്. ലീഗിനെതിരെ എന്ത് സ്വപ്നം കണ്ടാലും, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് സൂചിപ്പിക്കുവാനുള്ളത്, സമീപഭാവിയിൽ അങ്ങയുടെ സ്ഥാനം സി.പി.ഐ(എം)-ന് പുറത്താണ്. അതിനുള്ള അവസരം ഇന്നോ നാളയോ എന്ന് എണ്ണി കാത്തിരിക്കുന്ന കാഴ്ചയാണ് ഇപ്പോൾ നമ്മൾ കാണുന്നത്. മുമ്പ് സമൂഹം കണ്ടൊരു വി.എസ്. അച്ചുതാനന്ദൻ ഉണ്ടായിരുന്നു. അവസരവാദത്തോട് സന്ധിയില്ലാ പോരാട്ടം നടത്താൻവന്ന വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹം മുഖ്യമന്ത്രിയായതോടു കൂടി അവസരവാദത്തോട് എല്ലാ മേഖലയിലും രാജിയായ കാഴ്ചയാണ് ഇവിടെ കണ്ടത്. പ്രതിപക്ഷനേതാവായിരുന്നപ്പോൾ അദ്ദേഹം നടത്തിയിട്ടുള്ള ഒരുപാട് പ്രഖ്യാപനങ്ങളും പ്രവർത്തനങ്ങളും പ്രസംഗങ്ങളുമുണ്ട്. സ്ത്രീപീഡനത്തിനെതിരെ കൈയ്യാമം വയ്ക്കുമെന്നും കിളിരൂർ കേസ്സിൽ ഒരു വി.ഐ.പി. ഉണ്ടെന്നും അവരെ ആറ് മാസത്തിനുള്ളിൽ പിടികൂടുമെന്നും ലോട്ടറി മാഫിയയുടെ വേര് അറുക്കുമെന്നും കരിമണൽ ലോബിയെ കുളംതോണ്ടിക്കുമെന്നും ചാക്കിനേയും കീറചാക്കിനേയും പടിയടച്ച് പിണ്ഡം വയ്ക്കുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ലാവ്ലിനെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് പറയാനും അദ്ദേഹത്തിന് മടിയുണ്ടായിട്ടില്ല. എ.ഡി.ബി ഉദ്യോഗസ്ഥന്റെ ചെകിട്ടത്ത് അടിക്കുമെന്ന് അദ്ദേഹം പറഞ്ഞത് നമ്മൾ കേട്ടതാണ്. ശാസ്ത്രകച്ചവടക്കാരെ രാവിലെയും വൈകിട്ടും ഏത്തമിടിക്കും എന്നും അദ്ദേഹം തന്നെയാണ് പറഞ്ഞത്. ഇതെല്ലാം കേൾക്കുമ്പോൾ സിനിമയിൽ സുരേഷ് ഗോപിയുടെ ഒരു ഡയലോഗ് കേട്ടാൽ ആർക്കും ഉണ്ടാകുന്ന ഒരാവേശം, ആ ആവേശത്തിന്റെ പുറത്താണ് അന്ന് ആളുകൾ കയ്യടിച്ചത്. ആ ആവേശത്തോടുകൂടിയാണ് അന്ന് എൽ.ഡി.എഫ്-ന് ആളുകൾ വോട്ട് ചെയ്തത്. അങ്ങനെ അധികാരത്തിൽവന്ന എൽ.ഡി.എഫ് ഇപ്പോൾ അഞ്ചുവർഷം പൂർത്തിയാക്കാൻ പോവുകയാണ്. പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനോട് നീതികാണിക്കാൻ കഴിയാതെ അദ്ദേഹം ഒറ്റയാനായി നിൽക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹത്തിന് ഒരു കാര്യം ബോധ്യമായി, ഈ പറയപ്പെടുന്ന എല്ലാ കാര്യങ്ങളും തന്റെ നേർക്കാണെന്ന് സഖാവിന് ബോധ്യമായത് ഇപ്പോഴാണ്. കയ്യാമംവച്ച് ജയിലിലേക്ക് കൊണ്ടുപോകുമെന്നൊക്കെ പറഞ്ഞപ്പോൾ, ഇപ്പോൾ പാർട്ടി സെക്രട്ടേറിയറ്റിൽ തന്നെ ജയിൽ ഉണ്ടാക്കേണ്ട അവസ്ഥയാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന് വന്നിട്ടുള്ളത്. ഈ സർക്കാർ അധികാരം ഏറ്റെടുത്ത അന്നുതന്നെ പാർട്ടി പത്രത്തിൽ ചാക്കിന്റേയും കീറച്ചാക്കിന്റേയുമൊക്കെ ഫുൾ പേജ് പരസ്യമാണ് കാണാൻ സാധിച്ചത്. ഇപ്പോൾ ലൈവായി കണ്ടുകൊണ്ടിരിക്കുകയാണ്. ലോട്ടറിക്കെതിരെ പറഞ്ഞ സഖാവ് വി. എസ്. അച്ചുതാനന്ദൻ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൈരളി ലോട്ടറി നറുക്കെടുപ്പ് ലൈവായി കാണിച്ചുകൊണ്ടിരിക്കുകയാണ്. കേരള പോലീസിനെ വിശ്വാസമില്ലാത്തതുകൊണ്ടാവാം അദ്ദേഹം സി.ബി.ഐ-യുടെ സഹായം തേടിപ്പോയത്. പാർട്ടി അദ്ദേഹത്തിന് ശക്തമായ താക്കീത് നൽകിയിട്ടുണ്ട്. 2006-മേയ് മാസം 18-ാം തീയതിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അന്ന് ദേശാഭിമാനി പത്രത്തിൽ അതിന്റെ ചീഫ് സബ് എഡിറ്റർ മനോജ് ഒരു ലേഖനമെഴുതിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, ശകുനം മുടക്കികൾ പേടിക്കണമെന്നാണ്. ആരാണ് ശകുനം മുടക്കികളെന്ന് എനിക്കറിയില്ല. അത് നിങ്ങൾ തന്നെ പറയേണ്ടതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന് പാർട്ടി നൽകിയ താക്കിതാണ് ദേശാഭിമാനിയുടെ ലേഖനം. എന്റെ കുഞ്ഞുന്നാളിൽ സി.പി.ഐ(എം)-ന്റെ യോഗങ്ങൾ കേൾക്കാറുണ്ടായിരുന്നു. അന്നൊക്കെ അവർ പാലോറ മാതയുടെ കഥയാണ് പറഞ്ഞത്. പാലോറ മാത ദേശാഭിമാനി ഉണ്ടാക്കുന്നതിനുവേണ്ടി തന്റെ ജീവനോപാധിയായ കന്നുകുട്ടിയെ പാർട്ടിക്ക് സംഭാവന ചെയ്തുവെന്നാണ് പറയുന്നത്. അതിനുവേണ്ടി പാട്ടപ്പിരിവ് നടത്തിയ കഥയാണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ ? ഇവിടെ എം.എൽ.എ ക്വാർട്ടേഴ്സിന് തൊട്ടുതാഴെയായി അമ്പരചുംബിയായ കൈരളി ടവർ ഈ ഭരണകാലത്ത് ആരംഭിച്ച് സമയബന്ധിതമായി അത് പൂർത്തിയാക്കി. 30 കോടിരൂപയാണ് അതിന് ചെലവായത്. അത് എവിടെ നിന്ന് കിട്ടി? ആര് പിരിച്ചു ? അത് വ്യക്തമാക്കണ്ടേ ? അതുപോലെ തിരുവേപ്പതി മില്ലിന് ആറരക്കോടി രൂപയാണ്, അതിനുവേണ്ടിയൊരു പാട്ടപ്പിരിവ് നടത്തിയോ? ഞാൻ കേട്ടിട്ടില്ല. വിസ്മയ പാർക്കിന് 30 കോടി രൂപയാണ്, അതിനുവേണ്ടി പിരിച്ചോ ? പിരിച്ചിട്ടില്ല. കോഴിക്കോട് മുതലക്കുളത്ത് ഒരു ത്രീ-സ്റ്റാർ മന്ദിരം ഉയരാൻ പോവുകയാണത്രേ. അതിനുവേണ്ടിയും പിരിച്ചതായി ഞാൻ കേട്ടിട്ടില്ല. ഒന്ന് ഉറപ്പ് ജനപക്ഷത്തുനിന്ന് സി.പി.ഐ(എം) ധനപക്ഷത്ത് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഇന്ന് നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ വ്യാജലോട്ടറിയിലും വ്യാജമദ്യത്തിലും വ്യാജപട്ടയത്തിലും വ്യാജ സന്യാസിമാരിലുമെല്ലാം പെട്ട് മുഖം നഷ്ടപ്പെട്ട എൽ.ഡി.എഫ് ഇപ്പോൾ ഒരു വ്യാജ സി.ഡി.-യുടെ മുഖം രക്ഷിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുന്ന കാഴ്ച അത്യന്തം വേദനാജനകമാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട് രജനി എസ് ആനന്ദ് മരിച്ചപ്പോൾ ഇവിടത്തെ എസ്.എഫ്.ഐ.-കാരും ഡി.വൈ.എഫ്.ഐ.-കാരും ഏതാണ്ട് പത്ത് കോടി രൂപയുടെ പൊതുമുതൽ നഷ്ടപ്പെടുത്തിക്കൊണ്ടാണ് സമരം നടത്തിയത്. നിങ്ങൾ അറിയണം. ഫീസ് അടയ്ക്കാൻ നിവൃത്തിയില്ലാതെ തിരുവല്ലയിലെ സുമി സുരേന്ദ്രൻ എന്ന കുട്ടി ആത്മഹത്യ ചെയ്തപ്പോൾ അത് സംബന്ധിച്ച് സംസാരിക്കാൻ നിങ്ങൾക്കാർക്കും സമയമുണ്ടായില്ല എന്നുള്ളതാണ് വിഷമം. അതൊക്കെ ഈ സർക്കാരിന്റെ മറ്റൊരു മുഖമായി ഞാൻ കാണുകയാണ്. നിങ്ങൾ ജനങ്ങളിൽ നിന്നും അകന്നുപോയിട്ടുണ്ട്. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ നിങ്ങൾ പുറകോട്ടുപോയി. ജനങ്ങൾക്കുവേണ്ടി ഭരിക്കുന്നതിൽ നിന്നും പുറകോട്ടു പോയിട്ടുണ്ട്. നിങ്ങൾ ഭരണരംഗത്തല്ല. സംഭരണ രംഗത്ത് മാത്രമാണ് ഇപ്പോൾ ശ്രദ്ധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് ചന്ദ്രപ്പൻ വലിയ ബുദ്ധിജീവിയാണെന്നും മിടുക്കനാണെന്നുമൊക്കെ സഖാവ് പിണറായി പറയാറുണ്ട്. അദ്ദേഹം ഇപ്പോൾ ഒരു വെളിപ്പെടുത്തൽ നടത്തിയിട്ടുണ്ട്. യു. ഡി. എഫ്.-നകത്ത് ഭയങ്കര തർക്കമാണെന്നതാണ് അദ്ദേഹം നടത്തിയിട്ടുള്ള വെളിപ്പെടുത്തൽ. യു. ഡി. എഫ്.-നകത്തുള്ള ഉപമുഖ്യ
1.00 PM] മന്ത്രി പദം ആർക്കാണ് എന്നുള്ളതിനെച്ചൊല്ലിയാണ് തർക്കമെന്നാണ് സഖാവ് ചന്ദ്രപ്പൻ ഇപ്പോൾ വെളിപ്പെടുത്തിയിട്ടുള്ളത്. സംഗതി ഞാൻ സമ്മതിച്ചു. അങ്ങനെ ഒരു തർക്കം അദ്ദേഹം കണ്ടെങ്കിൽ അത് പറയുമ്പോൾ ഒന്ന് അദ്ദേഹം സമ്മതിക്കുകയാണ് ഇവിടെ യു. ഡി. എഫ്.-ന്റെ ഭരണം വരാൻ പോകുകയാണെന്നും അദ്ദേഹം പങ്കാളിയായ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണരംഗത്തുനിന്ന് പിൻതള്ളപ്പെട്ടുപോകുകയാണെന്നും. ആ യാഥാർത്ഥ്യം അദ്ദേഹത്തിനെങ്കിലും ബോധ്യപ്പെടുകയും അത് പരസ്യമായി പറയാൻ ആർജ്ജവം കാണിക്കുകയും ചെയ്ത ശ്രീ. സഖാവ് ചന്ദ്രപ്പനെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ സി.പി.ഐ.-യെ സംബന്ധിച്ചിടത്തോളം എനിക്ക് ഒരുപാട് മതിപ്പാണ്. കാരണം അവർ ഒന്നുമില്ലെങ്കിലും പറഞ്ഞകാര്യം പിന്നെ ചെയ്യും. സി.പി.ഐ.-യുടെ മനോഹരമായ ഒരു മുദ്രാവാക്യം ഞാൻ കേട്ടിട്ടുണ്ട്. 'തൊഴിൽ തരൂ...ജയിൽ തരൂ...' എന്നൊക്കെയുള്ള മുദ്രാവാക്യങ്ങളും വിളിച്ച് മനോഹരമായ പ്രകടനവും സമരവുമൊക്കെ നടത്തി പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവർക്ക് അധികാരം കിട്ടിയ ഈ ഭരണകാലം വന്നപ്പോഴാണ് അതൊക്കെ നടപ്പിലാക്കാൻ പറ്റിയത്. പല ഭാഗത്തുമായി ഒട്ടേറെ ആളുകൾക്ക് വ്യാജ നിയമനത്തിലൂടെ അവർ ജോലി നൽകി. അങ്ങനെ വ്യാജ നിയമനത്തിലൂടെ ജോലി ലഭിച്ച ആളുകളൊക്കെ ഈ വിവരം പുറത്തായ സമയത്ത് കേസിലെ പ്രതികളായി ജയിലിലേക്കും പോയി. അങ്ങനെ അവർക്ക് തൊഴിലും നൽകി ജയിലും നൽകി. ആ രൂപത്തിലാണ് അവർക്ക് ജനങ്ങളോട് നീതി കാണിക്കാൻ പറ്റിയത്. ഈ കേരളീയ സമൂഹത്തെയാകെ ദുരിതപൂർണ്ണമായ ജീവിതത്തിലേക്ക് തള്ളിവിട്ട സർക്കാരാണിത്. കേരളത്തിലെ സമസ്ത മേഖലകളിലെ ജനങ്ങളുടേയും ശക്തമായ അമർഷവും പ്രതിഷേധവും ഈ സർക്കാരിനെതിരെയുണ്ട്. അതുകൊണ്ടു തന്നെ ഈ സർക്കാരിനുവേണ്ടി അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഇവിടെ എത്ര ഗൗരവതരമായിട്ടാണ് ഭരണ കക്ഷികൾ ഈ ചർച്ചയെ കാണുന്നത് എന്നുള്ളത് ഇപ്പോൾ മനസ്സിലായി. എന്റെ ദീർഘകാലത്തെ നിയമസഭാ ജീവിതാനുഭവത്തിൽ ആദ്യത്തെ ഞെട്ടിപ്പിക്കുന്ന ഒരു അനുഭവമാണ് ഇത്. ഇവിടെ മൂന്ന് ദിവസമായി ചർച്ച നടക്കുന്നു. ഇന്ന് ഈ നിയമസഭയിൽ എത്ര മന്ത്രിമാരുണ്ട് ? ഇത് ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗമാണ് .... ആരോ പറഞ്ഞു, ഇത് അടുത്ത 5 വർഷത്തേയ്ക്കുള്ളതാണെന്ന് ആയിക്കോട്ടെ. ഈ നയപ്രഖ്യാപന പ്രസംഗത്തിനുശേഷമുള്ള ദിവസത്തെ എത്ര ഗൗരവതരമായിട്ടാണ് ഗവൺമെന്റ് കാണുന്നതെന്നുള്ളതിന്റെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണമാണിത്. ഇതൊന്നും ശരിയല്ല. ഇത് നിയമസഭയോടും അതിന്റെ സിസ്റ്റത്തോടുമുള്ള പൂർണ്ണമായ അവഗണനയും അവഹേളനവുമാണെന്ന് ഞാൻ പറയുന്നു. ഞാൻ എന്താണ് പറയുക ? 'ശാന്തം പാപം' എന്നേ പറയാൻ കഴിയുകയുള്ളൂ. ഇത് കേരളത്തിന്റെ സുവർണ്ണ കാലഘട്ടമെന്ന് അദ്ദേഹം പറഞ്ഞു. ഈ സുവർണ്ണ കാലഘട്ടം സ്വർണ്ണത്തിന്റേതായിരിക്കില്ല, റോൾഡ് ഗോൾഡിന്റേതായിരിക്കും. കാരണം കുറേ കഴിയുമ്പോൾ ചെമ്പിച്ചുപോകും. അതല്ലാതെ ഈ ഗവൺമെന്റിന്റെ പ്രവൃത്തി വിലയിരുത്തി ആർക്കും ഇത് പറയാൻ സാധ്യമല്ല. പക്ഷേ അതാണ് സ്ഥിതി. ഒരുപാട് കാര്യങ്ങൾ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ദേശീയ പാതകളിലേക്കും എം.സി. റോഡിലേക്കും മറ്റ് പ്രധാന റോഡുകളിലേക്കും എളുപ്പത്തിൽ എത്തിച്ചേരുന്നതിന് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനുകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു എന്നുള്ളതാണ്'. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്ന് കേൾക്കണം. 'ഉദ്ദേശിക്കുന്നു' എന്താണ് ഇതിന്റെ അർത്ഥം ? 2006 ജനുവരിയിൽ നാറ്റ്പാക് സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പൂർണ്ണ രേഖയാണിത്. 5 വർഷമായി ഇത് കേരളത്തിലെ നിങ്ങളുടെ ഏതോ ഓഫീസിൽ ഇരുന്ന് ഉറങ്ങുകയായിരുന്നു. 5 വർഷമായി അവസാന രേഖ ഇവിടെ ഇരിക്കെ ഈ അവസാനത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ നിങ്ങൾ ഇത് ഏറ്റെടുക്കുമെന്ന് പറഞ്ഞതിനകത്തെ പൂർണ്ണമായ കാപട്യമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ തുടങ്ങാൻ പോകുന്നത് ഒത്തിരി കാര്യങ്ങൾ പറയുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പക്ഷേ ഈ ഹൈവേയുടെ കാര്യത്തിലെ കാപട്യം ഞാൻ ഇവിടെ പറഞ്ഞുവെന്നേയുള്ളൂ. ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേക്ക് അധികമായി കടക്കുന്നില്ല. എന്റെ ബഹുമാന്യനായ ജ്യേഷ്ഠ സഹോദരൻ കൂടിയായ ശ്രീ. ആനത്തലവട്ടം ആനന്ദൻ മൂല്യച്യുതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദു:ഖം രേഖപ്പെടുത്തി. അതെല്ലാം പറഞ്ഞിട്ട്, എനിക്ക് അതാണ് മനസ്സിലാകാത്തത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, മലയോര ഹൈവേയുടെ പ്രവർത്തനം യഥാർത്ഥത്തിൽ തുടങ്ങി. അത് പൂർത്തിയാക്കുമെന്നാണ് ഈ നയപ്രഖ്യാപനത്തിന്റെ ഭാഗമായി പറയുന്നത്. എന്റെ നിയോജക മണ്ഡലത്തിലും ശ്രീ. കെ. സി. ജോസഫിന്റെ മണ്ഡലത്തിലും ശ്രീ. കെ. സി. കുഞ്ഞിരാമന്റെ മണ്ഡലത്തിലുമൊക്കെ മലയോര ഹൈവേയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. 12 കോടി രൂപ എനിക്ക് കിട്ടി. ഇപ്പോൾ വർക്ക് ടെൻഡർ ചെയ്യുകയാണ്. 8 കോടി രൂപ ശ്രീ. കെ. സി. കുഞ്ഞിരാമൻ എം. എൽ. എ.-ക്ക് കിട്ടി. കെ. സി. ജോസഫിന്റെ മണ്ഡലത്തിൽ മലയോര ഹൈവേയുടെ ടെൻഡർ ചെയ്ത വർക്ക് പൂർത്തിയാകാറായി.

ശ്രീ. ജി. കാർത്തികേയൻ : 'നീളുന്ന ഒരു മലയോരഹൈവേ....... നിർമ്മിക്കുന്നതിനുകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു' എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ് ? ഉദ്ദേശിക്കുന്നതല്ലേ ; തുടങ്ങിയതല്ലല്ലോ ? ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

രേഖയിൽ പറയുന്ന ചില കാര്യങ്ങൾ മാത്രം, പെർഫോമൻസാണ് സർക്കാരിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്നത്. കേരളത്തിൽ പെർഫോമൻസിന്റെ കാര്യത്തിൽ നിങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർണ്ണമായും പരാജയമായിരുന്നു. ഡിസംബർ 31 വരെ, കലണ്ടർ ഇയറിന്റെ അവസാനം വരുമ്പോൾ നിങ്ങൾ 42 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കലണ്ടർ ഇയറിന്റെ അവസാനം 70 ശതമാനമാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ എവിടെയാണ് വികസന പ്രവർത്തനങ്ങൾ നടന്നത് ? 10,025 കോടി രൂപ ചെലവഴിക്കേണ്ടിടത്ത് നിങ്ങൾ 4,213 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. നിങ്ങൾ പ്രസിദ്ധീകരിച്ച രേഖയാണ് ഈ പറയുന്നത്. ഏറ്റവും പ്രധാനം ലോക്കൽ ബോഡീസിലാണ്. സ്റ്റേറ്റ് പ്ലാനിൽ 2197.65 കോടി രൂപ അനുവദിച്ചിട്ട് നിങ്ങൾ ചെലവഴിച്ചത് 716 കോടി രൂപ മാത്രമാണ്. പഞ്ചായത്ത് 39 ശതമാനവും ബ്ലോക്ക് പഞ്ചായത്ത് 31 ശതമാനവും ഡിസ്ട്രിക്റ്റ് പഞ്ചായത്ത് 36 ശതമാനവുമാണ് ചെലവഴിച്ചത്. കലണ്ടർ ഇയറിന്റെ അവസാനമായപ്പോൾ ഏറ്റവും ദയനീയമായത് മുനിസിപ്പൽ കോർപ്പറേഷനാണ്, 27 ശതമാനം. മറ്റ് ഏജൻസികളുടെ സഹായമുള്ള പ്രോജക്റ്റുകളിൽ 1216 കോടി രൂപയുള്ള ഒരു പ്രോജക്റ്റിന് ചെലവഴിച്ചത് 324 കോടി രൂപ മാത്രമാണ്. ഫുഡ് സെക്യൂരിറ്റിയുടെ കാര്യത്തിന് 11 സ്കീമുകൾക്കായി 111.7 കോടി രൂപയാണ് ചെലവഴിക്കാനായി തന്നത്. അതിൽ ചെലവഴിച്ചത് 33.97 കോടി രൂപ മാത്രമാണ്. മദ്യ നയത്തിൽ മാത്രമാണ് ഏറ്റവുമധികം. 1610 പുതിയ ഷാപ്പുകൾ വന്നു. ഈ രംഗത്ത് ധാരാളമായി ചെലവഴിക്കുന്നുണ്ട്. 51,795 കോടി രൂപയുടെ കേന്ദ്ര നിക്ഷേപം എന്ത് ചെയ്തെന്ന് ഇപ്പോൾ ആരോ ചോദിച്ചല്ലോ, കേന്ദ്രം ഞങ്ങളുടെ വകയൊന്നുമല്ല. കേന്ദ്രം നമ്മുടെ എല്ലാവരുടേയും കൂടെയാണ്. പക്ഷേ ആ റിയാലിറ്റി നിങ്ങൾ സമ്മതിക്കണം. അത് ഇഴഞ്ഞുനീങ്ങുകയാണ്. 2009–2010–ലെ നഗര വികസനത്തിന്റെ 1400 കോടി രൂപയിൽ 431 കോടി രൂപയാണ് നിങ്ങൾ ചെലവഴിച്ചത്. 2011-ൽ ഇതുവരെ 56 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കേന്ദ്ര പദ്ധതികളെക്കുറിച്ച് നിയമസഭയിൽ ശ്രീ. ശ്രേയാംസ് കുമാറിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്, സെൻട്രൽ ഗവൺമെന്റ് ചെലവിട്ടത് 51 ശതമാനം മാത്രമാണെന്നാണ്. സംസ്ഥാന പദ്ധതി ഇനത്തിൽ 43 ശതമാനം മാത്രം. ഇത് കേരളത്തിന്റെ മുഖ്യമന്ത്രി നിയമസഭയിൽ രേഖാമൂലം നൽകിയതാണ്. എപ്പോഴും ഇവിടെ ഇരുന്നുകൊണ്ട് വളരെ അഭിമാനപൂർവ്വം ട്രഷറി പൂട്ടിയിട്ടില്ല, പൂട്ടിയിട്ടില്ല എന്ന് ധനകാര്യ വകുപ്പുമന്ത്രി പറയും. എന്തിനാണ് പൂട്ടുന്നത് ? ലോക്കൽ ബോഡീസ് കൊണ്ടുവരുന്ന പ്രോജക്ടുകൾക്ക് ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ഇഴച്ചിഴച്ച് നീക്കി അവസാനത്തിലെത്തിച്ചേരും. അവസാനം വരുമ്പോൾ അത് അംഗീകരിച്ചതിന് പൈസ കൊടുക്കേണ്ടി വരില്ല. നമ്മുടെ നാട്ടിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെയുള്ള എക്സ്പെന്റിച്ചർ പഞ്ചായത്തുകളിൽ തുടങ്ങാൻ പ്രധാനപ്പെട്ട കാരണം പെർഫോമൻസിലെ അവരുടെ മികവില്ലായ്മയും ഡി.പി.സി. പ്രോജക്ടുകൾ അംഗീകരിച്ച് കൊടുക്കുക്കാത്തതുകൊണ്ടുമാണ്. ഡി. പി. സി. അംഗീകരിച്ച് പ്രോജക്ട് കൊടുക്കാതിരിക്കുമ്പോൾ ചെലവഴിക്കേണ്ടിവരില്ല. പണം അവിടെ കിടക്കും. ഇത് വല്ലാത്തൊരു മാനേജ്മെന്റാണ്. ചെലവഴിക്കേണ്ട പണം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൊടുത്തിട്ടില്ല. ഞങ്ങളുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിലും ട്രഷറി പൂട്ടിയിട്ടിട്ടില്ല എന്ന് നിങ്ങൾ പറഞ്ഞാൽ ; ഒരു പക്ഷേ ഒന്നോ രണ്ടോ ദിവസം ഒരു വികസനവുമായി ബന്ധപ്പെട്ട് ട്രഷറി പൂട്ടിയാൽ എന്താ ആകാശം ഇടിഞ്ഞ് ഭൂമിയിലോട്ട് വരുമോ ? നിങ്ങൾ കൊടുക്കേണ്ട പണം കൊടുക്കാതെ കൂട്ടി വച്ചു. ഇവിടെ ശ്രീമതി പി. കെ ശ്രീമതി ടീച്ചറില്ലേ ? എൻ.ആർ.എച്ച്.എം. എന്ന ഒരു പദ്ധതി വന്നു. പണമില്ലെങ്കിൽ ഇത് എവിടെ പോകുമായിരുന്നു ? എന്റെ സഹോദരി ബഹുമാനപ്പെട്ട ജെ. അരുന്ധതി അവിടെ ഇരിപ്പുണ്ട്. മിനിഞ്ഞാന്ന് പാലോട് വലിയ ഉദ്ഘാടനവും പടവുമൊക്കെ കണ്ടു. എന്തിനാണിത് ചെയ്തത് ? എവിടത്തെ പണമാണിത് ? ഞാൻ വീണ്ടും പറയുന്നു, ഇത് ഞങ്ങളുടെ പണമൊന്നുമല്ല ; പക്ഷേ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നെങ്കിൽ കേരളത്തിലെ ആരോഗ്യ വകുപ്പിന്റെ സ്ഥിതിയെന്താകുമായിരുന്നു ? കാർഷിക കടാശ്വാസ കമ്മീഷൻ നിങ്ങളുടെ ഫ്ളാഗ് ഷിപ്പാണ്. ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ ഇല്ല. രണ്ട് ലക്ഷം കേസ്സുകൾ വന്നിട്ട് എത്രയെണ്ണത്തിനാണ് വിധി കൊടുത്തത് ? അതിൽ തന്നെ 79 കോടിയുടെ തീരുമാനമെടുത്തു. കൊടുത്തത് 49 കോടി മാത്രം. ഓരോ ഡിപ്പാർട്ടുമെന്റിലൂടെയും ഞാൻ വിശദമായി കടന്നുപോകുന്നില്ല. കേരളത്തിലെ ഡിപ്പാർട്ടുമെന്റുകളുടെ പെർഫോമൻസിന്റെ ചില ഉദാഹരണങ്ങൾ ഞാൻ ആദ്യംതന്നെ പറഞ്ഞു. ഇത് സർക്കാർ അടിച്ചിറക്കിയ രേഖയിൽ പറയുന്ന കാര്യങ്ങൾ മാത്രമാണ്, ഞാനായിട്ട് ഒന്നും പറയുന്നതല്ല. ഇവിടെ ശ്രീ. പി. ജയരാജനിൽ തുടങ്ങി ശ്രീ. ആനത്തലവട്ടം ആനന്ദനിൽ അവസാനിച്ച പ്രസംഗത്തിലെല്ലാം അവസാനം പറഞ്ഞത് 'ഞങ്ങൾ മടങ്ങി വരു'മെന്നാണ്. ആര് പറഞ്ഞു നിങ്ങൾ വരണ്ടെന്ന് ? എന്തിനാണ് ഇങ്ങനെ ഇടക്കിടയ്ക്ക് പറയുന്നത് ? ശ്രീ. യു. സി. രാമൻ വളരെ സെൻസിറ്റീവായി ഒരുകാര്യം പറഞ്ഞു. സി. കെ. ചന്ദ്രപ്പൻ പറയുന്നത് ഇതിനകത്ത് സ്ഥാനത്തർക്കമാണെന്ന്, ഇത് ജനങ്ങൾ തീരുമാനിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നും കേൾക്കില്ല, അങ്ങ് കേൾക്കുന്നുണ്ടാകും, മറുപടി പറയാൻവേണ്ടി പറയുന്നതല്ല. കേരളത്തിലെ ഭരണമിങ്ങനെ പൂത്തുലഞ്ഞ് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യ എന്ന് ജനങ്ങൾ പറയുന്നു, വളരെ സന്തോഷമുള്ള കാര്യം. അങ്ങനെയാണെങ്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലും നിയമസഭ ഉപതെരഞ്ഞെടുപ്പിലും കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും എന്തുകൊണ്ട് ജനങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്തില്ല ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഞങ്ങൾ ഉണ്ടായിരുന്ന ഏതോ ഒരു വേദിയിൽ പറഞ്ഞു, എവിടെയോ ഒരു ചക്ക വീണ് മുയൽ ചത്തുവെന്ന്. ഒരു ചക്കയല്ല വീണത് കേരളത്തിലെ മുഴുവൻ ഗ്രാമങ്ങളിലും ചക്ക വീണു മുയലുകൾ മരിച്ചു. ജനങ്ങളല്ലേ വോട്ട് ചെയ്യുന്നത് ? ഗ്രാമപഞ്ചായത്തുകളിൽ മുൻസിപ്പാലിറ്റിയിൽ കോർപ്പറേഷനുകളിൽ എന്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി പരാജയപ്പെട്ടു ? നിങ്ങൾ അറിയേണ്ടത് ഐക്യജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോഴും കേരളത്തിലെ ലോക്കൽ ബോഡീസ് ഇലക്ഷനിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയിട്ടില്ല. പലകാരണങ്ങൾ കൊണ്ട് ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിങ്ങൾ വിജയിച്ചുകൊണ്ടിരുന്നു. ഇപ്പോൾ എന്തുകൊണ്ടാണ് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കോൺഗ്രസിന് അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യ മുന്നണിക്ക് മേധാവിത്വം ഉണ്ടായത് ? അവിടെയെല്ലാം ഞങ്ങളുടെ ആളുകൾ ഓട് പോളിച്ച് ഇറങ്ങിയതാണോ ? ജനങ്ങൾ കൊടുത്ത പിന്തുണയാണ്. ജനങ്ങൾ പിന്തുണ കൊടുക്കാൻ കാരണം ; നിങ്ങളുടെ ഭരണത്തിലെ പൂർണ്ണമായ പരാജയം തന്നെയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ജാഥയെക്കുറിച്ച് ഇവിടെ എന്തൊരു ബേജാറാണ്. ഇവിടെ ഇരിക്കുന്ന നിങ്ങളിൽ പലരും നിങ്ങളുടെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-മാരായി വരുന്നതിനു മുൻപ് സി.പി.ഐ.(എം)-ന്റെ കൊടിയും പിടിച്ച് ജാഥ നടത്തിയിട്ടില്ലേ ? പാലം വേണം, തോട് വേണം, റോഡ് വേണം സ്റ്റേറ്റിനെതിരെ കേന്ദ്രത്തിനെതിരെ ഒക്കെ ജാഥയായിരുന്നു ജനാധിപത്യ കേരളത്തിൽ ജാഥ നടത്തുന്നത് ആദ്യമാണോ ? അതിനുള്ള അവകാശമില്ലേ ? ദേ രണ്ടുപേർ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നു ഒരാൾ വടക്ക് നടന്ന് തെക്കോട്ടും ഒരാൾ തെക്കുനിന്ന് വടക്കോട്ടും. നിങ്ങൾ ജാഥ നടത്താറില്ലേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ മോചന യാത്രക്ക് ബദലായിട്ട് രണ്ട് മന്ത്രിമാർ ജനങ്ങൾക്കെതിരെയുള്ള പീഡനയാത്ര നടത്താൻ ഒരുങ്ങുകയാണ് എന്നുള്ളത് അങ്ങേക്ക് അറിയുമോ ?

ശ്രീ. ജി. കാർത്തികേയൻ : അത് ഏതായാലും, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജാഥാ ക്യാപ്റ്റൻമാരുടെ സെലക്ഷൻ എന്തായാലും നന്നായി. ഞാൻ അതിന്റെ ഒരു ഗുഡ് സ്പിരിറ്റിൽ പറഞ്ഞതാണ്. അത് ആയിക്കോട്ടേ. പക്ഷേ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മോചനയാത്ര നടത്താൻ പാടില്ലേ ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ മോചനയാത്രയുടെ അവസരത്തിൽ, അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നതാണ്, 'ഒരു ഘട്ടം കഴിഞ്ഞപ്പോൾ മോചനയാത്ര എന്റെ കയ്യിൽനിന്ന് വഴുതിപോയി' എന്നാണ്. അത് ശരിയാണ്. അത് ലീഡർഷിപ്പ് ക്വാളിറ്റിയുടെ ക്വസ്റ്റനിംഗ് അല്ല. അത് ജനങ്ങൾ ഏറ്റെടുത്തു. ഞാൻ ചോദിക്കട്ടെ നിങ്ങൾ ടെലിവിഷൻ കാണുന്നുണ്ടല്ലോ ? നിങ്ങൾ പത്രത്തിലൊക്കെ ഫോട്ടോകൾ കാണുന്നുണ്ടല്ലോ ? ഞങ്ങൾ കാശ് കൊടുത്ത് ആളെ കൊണ്ടുവന്നതാണോ ? ഞങ്ങൾ തമിഴ്നാട്ടിൽനിന്നോ ആന്ധ്ര പ്രദേശിൽനിന്നോ പോണ്ടിച്ചേരിയിൽനിന്നോ കൊണ്ടുവന്നവരാണോ ? ഞങ്ങൾ ഇതിനകത്ത് രാഷ്ട്രീയം മാത്രമല്ല ചർച്ച ചെയ്തത്. 5 വർഷത്തേക്ക് മാത്രമല്ല വളരെ പിന്നോട്ട് ഓടിക്കൊണ്ടിരിക്കുന്ന കേരളത്തെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്നത് സംബന്ധിച്ചാണ്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ജനങ്ങൾ എന്തു പറയുന്നു. അതുമായി ബന്ധപ്പെട്ട അഭിപ്രായം വേണം. അതല്ലാതെ രാഷ്ട്രീയം മാത്രമല്ല പറഞ്ഞത്. അതുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഈ ജാഥയിൽ അദ്ദേഹം ഉറങ്ങാത്തതിലും ഉണ്ണാത്തതിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി സഹപ്രവർത്തകർ വിഷമിക്കണ്ട. ആദ്യമായിട്ട് കേരളത്തിൽ ഒരു പരിപാടി നടക്കുകയാണെന്ന രീതിയിലാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മോചനയാത്രയെക്കുറിച്ച് ഇവിടെ പരാമർശിച്ചിട്ടുള്ളത്. പക്ഷേ നിങ്ങൾ രണ്ട് പേരും ജാഥ നടത്തുമ്പോൾ ഞങ്ങൾ ഏതായാലും അങ്ങനെ പറയില്ല. രാഷ്ട്രീയ അഭിപ്രായമാണ്, സ്വാഭാവികമായും ഈ ഗവൺമെന്റിനെതിരെ സംസാരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ജനാധിപത്യമല്ലേ ? വിയോജിക്കാൻ അവകാശമില്ലേ ; അധികാരമില്ലേ ? ഉടനെ ചാടി ബഹളമുണ്ടാക്കും. അതാണല്ലോ ഇവിടെ കാണുന്നതെല്ലാം. അത് ശരിയല്ല. ഇവിടെ പരിണിതപ്രജ്ഞൻ എന്നുപറയുന്ന പക്വതയുള്ള ശ്രീ. എം. ചന്ദ്രൻ പോലും, കൈവിട്ട ആയുധവും വാവിട്ട വാക്കും തിരിച്ച് കിട്ടുകയില്ല. എന്തെല്ലാം പ്രയോഗങ്ങളായിരുന്നു ഇവിടെ ? ഞാൻ അത്രയേ അതിനെക്കുറിച്ച് പറയുന്നുള്ളു. ശ്രീ. എം. എ. ബേബിയെ കാണുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ യാത്രയിൽ ശ്രീമതി ഗൗരിയമ്മ പങ്കെടുക്കാത്തത് വലിയൊരുപ്രശ്നമായി എടുത്ത്. ഉടൻതന്നെ അവരെ കാണാൻ ശ്രീ. എം. എ. ബേബി പോവുകയാണ്. . ശ്രീ. സുധാകരൻ അവിടെത്തന്നെയാണ്. ഞങ്ങൾക്കങ്ങനെ ബേജാറൊന്നുമില്ല. അപ്പോൾ ഒരു കാര്യം മനസ്സിലായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള മോചനയാത്ര വല്ലാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ അന്ധാളിപ്പ് ഉണ്ടാക്കിയിട്ടുണ്ട്.

മി. സ്പീക്കർ : യെസ്............ശ്രീ. ജി. കാർത്തികേയൻ

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ ഒരു കോടി ജനങ്ങൾ ഒപ്പിട്ട ഒരു കുറ്റപത്രം ഇന്ന് ഗവർണ്ണർക്ക് കൊടുത്തിട്ടുണ്ട്. വി. ആർ. കൃഷ്ണയ്യരും ജസ്റ്റിസ് കെ. ടി. തോമസും അടങ്ങുന്ന ഞങ്ങളുടേതായി ബ്രാന്റ് ചെയ്യപ്പെടാത്ത ഇടതു പക്ഷ ജനാധിപത്യ മുന്നണിയിൽ ബ്രാന്റ് ചെയ്യപ്പെട്ട പലരും അതിൽ ഒപ്പിട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഒപ്പിട്ടത് ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ സൗന്ദര്യം കൊണ്ടൊന്നു മല്ലല്ലോ ?

ശ്രീ. കെ. സി. ജോസഫ് : 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ ജീവിച്ചി രിക്കുന്ന രണ്ട് മന്ത്രിമാർ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരും ശ്രീമതി കെ. ആർ. ഗൗരിയമ്മയും, രണ്ടുപേരും ഇതിൽ ഒപ്പിട്ടത് അങ്ങ് ശ്രദ്ധിച്ചില്ലേ ?

ശ്രീ. ജി. കാർത്തികേയൻ : ശ്രദ്ധിച്ചു. അപ്പോൾ നിങ്ങൾ അധികാരത്തിൽ വരും, വന്നോളു, നമുക്ക് കാണാം, തെരഞ്ഞെടുപ്പ് വരട്ടെ. ഒരു മുന്നണിക്കും ഇതിന്റെ മേൽക്കൂര പൊളിച്ച് താഴോട്ട് വരാൻ സാധ്യമല്ല. ജനങ്ങളുടെ പിന്തുണ കൊണ്ടുമാത്രമേ വരാൻ കഴിയുകയുള്ളൂ. ജനങ്ങളുടെ പിന്തുണ ഇപ്പോൾ ഞങ്ങളുടെ കൂടെയാണ്. നിങ്ങൾ ഉദ്ഘാടന മാമാങ്കങ്ങൾ മാത്രമാണ് നടത്തുന്നത്. ഞാനും പങ്കെടുക്കുകയാണ് പലതിലും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 4 മണിക്ക് തിരുവനന്തപുരത്തും 5 മണിക്ക് ആലപ്പുഴയിലും പദ്ധതികൾക്ക് തറക്കല്ലിടുന്ന വാർത്ത പത്രത്തിലുണ്ട്. അങ്ങയെക്കൊണ്ട് സാധ്യമാണോ അത് ? ഹെലി ക്കോപ്റ്ററിലല്ലോ പോകുന്നത്? ഞാൻ പരസ്യങ്ങളെയല്ല പറയുന്നത്. എത്രയോ പോലീസ് സ്റ്റേഷനുകൾ നമ്മൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനു കൾക്കുവേണ്ടി ഒരു ഹാഫ് പേജ് പരസ്യമൊക്കെ കൊടുക്കുന്നത് ആദ്യമാണ്. ആയിക്കോട്ടേ അത് നിങ്ങളുടെ ഇഷ്ടം. ലീഡറെ കുറിച്ച് പറഞ്ഞിട്ടുണ്ട് 4 മണിക്ക് സെക്രട്ടേറിയറ്റ് 5 മണിക്ക് ആലപ്പുഴ.

മി. സ്പീക്കർ: യെസ്..........ശ്രീ. ജി. കാർത്തികേയൻ അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനങ്ങൾ കാത്തിരിക്കുന്നു. വേറൊന്നിനും വേണ്ടിയല്ല, ജനങ്ങളുടെ രാഷ്ട്രീയ അവകാശം നിങ്ങൾക്ക് എതിരാക്കി നിങ്ങളെ ശിക്ഷിക്കുന്നതിനുവേണ്ടി. അതുകൊണ്ട് 'ഞങ്ങൾ വരും ഞങ്ങൾ വരും' എന്ന് നിങ്ങൾ പറഞ്ഞാൽ വരികയില്ല. സ്വപ്നം കാണാം പക്ഷേ സ്വപ്നം കാണുന്നതിനുമൊക്കെ ചില മര്യാദകളൊക്കെയില്ലേ ? ഒരു ഇന്ത്യാക്കാരൻ അമേരിക്കയുടെ പ്രസിഡന്റാകുമെന്ന് സ്വപ്നം കാണുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയാകുമെന്ന് സ്വപ്നം കണ്ടോട്ടേ. അമേരിക്കയുടെ പ്രസിഡന്റ് ആകുമെന്ന സ്വപ്നം അതു സാധ്യമല്ല. അതുകൊണ്ട് അതിരുവിട്ട സ്വപ്നം കണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അന്ത്യം കുറിക്കുന്ന, നാളുകൾ വന്നുകൊണ്ടിരിക്കുന്നു. ആഭ്യന്തര കലഹങ്ങളുള്ള കലാപങ്ങളുള്ള, ഒന്നിനെകുറിച്ചുമുള്ള കാഴ്ച്ചപ്പാടുകൾക്ക് ക്ലാരിറ്റിയില്ലാത്ത ഒരു ഭരണത്തിന്, ഒരു രാഷ്ട്രീയ നേതൃത്വത്തിന്, ഈ ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട്, റോൾഡ് ഗോൾഡായിരിക്കുന്ന ഒരു ഗവൺമെന്റിനെ സുവർണ്ണ കേരളമെന്ന് വ്യാഖ്യാനിച്ച ഗവർണ്ണറോട് പരിതപിക്കുകയല്ലാതെ മറ്റൊന്നുമില്ല. ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, ഇന്നലത്തെ ചർച്ചയിൽ ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ചില പ്രശ്നങ്ങൾക്ക് വിശദീകരണം നൽകാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. മലബാർ സിമന്റ്സിലെ കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റെയും കുട്ടികളുടെയും മരണത്തെത്തുടർന്ന് ആ സംഭവത്തെ ആസ്പദമാക്കി മലബാർ സിമന്റ്സ് അഴിമതിയെന്ന ഒരു പൊതുതലക്കെട്ടിൽ കുറേ വാർത്തകളും അഭ്യൂഹങ്ങളും പ്രചരിക്കപ്പെടുന്നുണ്ട്. ശശീന്ദ്രന്റെയും കുട്ടികളുടെയും മരണം സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങൾ സി.ബി.ഐ.-യെ കൊണ്ട് അന്വേഷിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാണെന്ന് ഈ സഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ആര് കുറ്റവാളിയാണെങ്കിലും, എത്ര ഉന്നതനാണെങ്കിലും കുറ്റവാളികളെ വെളിച്ചത്തുകൊണ്ടുന്ന് നടപടിയെടുക്കുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം. അതിലൊന്നും ഒളിച്ചുവയ്ക്കാനില്ല. സത്യാവസ്ഥ വെളിച്ചത്തുവരട്ടെ. പക്ഷേ ഈ പ്രശ്നത്തിൽ മലബാർ സിമന്റ്സിന്റെ ഇന്നത്തെ പ്രവർത്തനങ്ങളെ കൂട്ടിക്കെട്ടി കേരളത്തിലെ ഏറ്റവും നല്ല ഒരു പൊതുമേഖലാ സ്ഥാപനത്തെ നിർവീര്യമാക്കുകയും അതിന്റെ പ്രവർത്തനങ്ങളെ താറുമാറാക്കുകയും ചെയ്യാൻ ആരും ശ്രമിക്കരുത്. മലബാർ സിമന്റ്സ് അഴിമതിയെന്ന ഈ തലക്കെട്ട് വാർത്തകൾ ഇങ്ങനെ വരുമ്പോൾ എന്നാണ് അവിടെ അഴിമതി നടന്നത്, എന്താണ് അഴിമതിയെന്നത് സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകേണ്ടത് ആവശ്യമാണ്. ഈ സഭയിൽ ഇപ്പോൾ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ബാലൻ 2001-2006 കാലത്ത് ഈ സഭയിലെ അംഗമാണ്. അന്നത്തെ സഭയുടെ അവസാനത്തെ സമ്മേളനത്തിൽ മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം നടത്തിയ പ്രസംഗത്തിൽ എന്തൊക്കെയാണ് നടന്നതെന്ന് അന്ന് അക്കമിട്ട് നിരത്തുകയുണ്ടായി. എ. ജി. ആഡിറ്റിലൂടെ ചൂണ്ടിക്കാണിച്ച ക്രമക്കേടുകളെ സംബന്ധിച്ച് പത്രവാർത്തകളുമുണ്ടായിരുന്നു. സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. പൊതുസമൂഹത്തിൽ ചർച്ചയുണ്ടായിരുന്നു. ഇതിനെയെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് 2007-ൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടത്. ആ വിജിലൻസ് അന്വേഷണത്തെത്തുടർന്ന് നാല് കേസ്സുകളാണ് ഇതിനകം വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിജിലൻസ് കേസ് 3/2008 ചുണ്ണാമ്പുകല്ല് എടുക്കുന്നതിനായി ക്രസൺ മൈൻസുമായി നടത്തിയ ദീർഘകാല കരാറിലൂടെ കമ്പനിക്ക് വരുത്തിയ നഷ്ടം, വിജിലൻസ് കേസ് 7/2008 എസ്.ആർ.ബി. ട്രാൻസ്പോർട്ടിംഗ് കമ്പനിയുമായി ഡ്രൈ ഫ്ളൈ ആഷ് നൽകുന്നതിനായി 18-11-2004 മുതൽ നടത്തിയ എഗ്രിമെന്റിലെ അഴിമതി. വിജിലൻസ് കേസ് 8/2008 എ.ആർ.കെ. വുഡ്സിൽനിന്നും ഫ്ളൈ ആഷ് വാങ്ങുന്നതിൽ വരുത്തിയ അഴിമതി. വിജിലൻസ് കേസ് 1/2009, 2004-05-ലും 2005-06-ലും 25 കോടി രൂപയ്ക്കും 31 കോടി രൂപയ്ക്കും സ്പെയർ പാർട്ട്സ് വാങ്ങിയതിൽ നടന്ന അഴിമതി. ഈ നാലുകേസ്സുകളും ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകൾ പരിശോധിച്ച് കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരായി നടപടി സ്വീകരിക്കേണ്ടത് വിജിലൻസ് കോടതിയാണ്. 2006-2011 ജനുവരി 31 വരെയുള്ള കാലയളവിൽ മലബാർ സിമെന്റ്സിൽ നടന്നിട്ടുള്ള ഏതെങ്കിലും ഇടപാട് സംബന്ധിച്ചോ കോൺട്രാക്ട് സംബന്ധിച്ചോ ഒരാക്ഷേപം ഇതുവരെയും ഗവൺമെന്റിന്റെയും കോടതിയുടെയും വിജിലൻസിന്റെയും മുമ്പിൽ വന്നിട്ടില്ല. അങ്ങനെയൊരു പരാതിയും നിലവിലില്ല. ....(ബഹളം)............. കമ്പനിയുടെ ഇടപാട് സംബന്ധിച്ച് ഒരു പരാതിയും ഇതേവരെ ഉണ്ടായിട്ടില്ല. ഒരു അന്വേഷണവും നടന്നിട്ടില്ല. ....(ബഹളം)............. മാത്രമല്ല ....(ബഹളം)..............

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ, പോയിന്റ് ഓഫ് ഓർഡർ...........

<u>ശ്രീ. കെ. ബാബു</u> : സർ, മലബാർ സിമെന്റ്സിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഒരു ആക്ഷേപവും ഉണ്ടായിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ അത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. കാരണം മലബാർ സിമന്റ്സിലെ ഗ്രീൻ കാർഡുപയോഗിച്ച് ചാരായം കടത്തിയ വിവരം ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അത് മലബാർ സിമന്റ്സുമായി ബന്ധപ്പെട്ടതാണ്. എന്നാൽ വസ്തുതകൾക്ക് വിരുദ്ധമായി മന്ത്രി നടത്തുന്ന ഈ സ്റ്റേറ്റുമെന്റ് തെറ്റാണ്. ഇത് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എളമരം കരീം</u> : ശ്രീ. കെ. ബാബു പറയുന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. ഞാൻ പറയുന്നത് മലബാർ സിമന്റ്സിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്പനിക്ക് സാമ്പത്തിക നഷ്ടമുണ്ടാകത്തക്ക നിലയിൽ ഒരു ആരോപണവും ഇന്നേവരെയുണ്ടായിട്ടില്ല എന്നാണ്. പിന്നെ ആ കമ്പനിയുടെ ചരക്ക് കടത്തിക്കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പാസ്സുപയോഗിച്ച് ക്രിമിനൽ പ്രവർത്തനം നടത്തിയതിന് കേസ്സെടുക്കുകയും നടപടിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. നിർദ്ദാക്ഷിണ്യമായി കേസ്സെടുത്തിട്ടുണ്ട്. അതിൽ പ്രതികളായ ആളുകളുടെ പേരിൽ കേസ്സെടുത്ത് നടപടിയും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

............(ബഹളം).......... ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയാം. ഒരു നയാപൈസയും കമ്പനിക്ക് നഷ്ടം വരുത്തുന്ന വിധത്തിലുള്ള എന്തെങ്കിലുമൊരു ആക്ഷേപം ഏതെങ്കിലുമൊരു കോൺട്രാക്ട് സംബന്ധിച്ചോ ഒരു ഇടപാട് സംബന്ധിച്ചോ ഇന്നേവരെ ഉണ്ടായിട്ടില്ല. ....(ബഹളം)............ ഇത് വ്യക്തമാക്കുന്നത്, കമ്പനിയുടെ പ്രവർത്തനത്തിന്റെ ഒരു പൊതുസ്വഭാവമെടുത്താൽ മനസ്സിലാകും. 1996-2001 വരെയുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ട് ആ കമ്പനിയുണ്ടാക്കിയ ലാഭം 80 കോടി ഏഴുലക്ഷം രൂപയാണ്. 2001-2006 കാലഘട്ടത്തിൽ അഞ്ചുവർഷക്കാലംകൊണ്ട് കമ്പനിയുണ്ടാക്കിയ ലാഭം ഒരുകോടി 87 ലക്ഷം രൂപയാണ്. 80 കോടി രൂപയേക്കാൾ വലുതാണ് ഈ ഒരു കോടി 87 ലക്ഷം രൂപ ? 2006 ഏപ്രിൽ 1 മുതൽ 2011 ജനുവരി 31 വരെ കമ്പനി ഉണ്ടാക്കിയ ലാഭം 174 കോടി 33 ലക്ഷം രൂപയാണ്. 2011 മാർച്ച് 31 ആകുമ്പോൾ 200 കോടി രൂപയാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എങ്ങനെയാണ് ഈ വ്യത്യാസമുണ്ടാകുന്നത് ? അഴിമതിയെന്ന് പൊതുവൽക്കരിച്ച് പറയുമ്പോൾ ഈ വ്യത്യാസം എന്തുകൊണ്ടാണ് കാണാൻ കഴിയാത്തത്. ഈ ഗവൺമെന്റുവന്ന് 2006 ആദ്യംതന്നെ അവിടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചത് ശ്രീ. ശ്രീനിവാസൻ ഐ.എ.എസ്.-നെയാണ്. ഏതാണ്ട് രണ്ട് രണ്ടരവർഷമുണ്ടായിരുന്നു. അദ്ദേഹം പിന്നീട് പാലക്കാട് കളക്ടറായി ചുമതലയേറ്റതിനുശേഷമാണ് മാറ്റുന്നത്. പിന്നീട് ഏതാണ്ട് ഒരു വർഷത്തിലധികം ശ്രീ. രമേശ് ചന്ദ്രഭാനുവായിരുന്നു അവിടുത്തെ മാനേജിംഗ് ഡയറക്ടർ. അതിനുശേഷം രണ്ടുമാസം ഇൻഡസ്ട്രീസ് വകുപ്പ് സെക്രട്ടറിയായ ശ്രീ. അൽക്കേഷ് ശർമ്മയ്ക്കായിരുന്നു അവിടത്തെ എം.ഡി.യുടെ ചുമതല. 2010 ഫെബ്രുവരിയിലാണ് ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ ചുമതലയേൽക്കുന്നത്. ഈ 2010-2011 സാമ്പത്തിക വർഷം മലബാർ സിമന്റ്സ് സിമന്റ് പ്രൊഡക്ഷനിൽ അതിന്റെ highest record-ലാണ്. സിമന്റ് ഡെസ്പാച്ചിൽ all time record-ലാണ്. ഇന്നേവരെയുള്ള അതിന്റെ ചരിത്രത്തിൽ ടേൺ ഓവറാണെങ്കിൽ highest ആണ്. കപ്പാസിറ്റി യൂട്ടിലൈസേഷനിൽ മലബാർ സിമന്റ്സ് വാളയാർ കമ്പനി 127 ശതമാനമാണ് അച്ചീവ് ചെയ്തത്. ആ കമ്പനിയുടെ ചരിത്രത്തിലെ all time record ആണ്. ലോവസ്റ്റ് പവർ കൺസംപ്ഷനാണ്. Highest monthly cumulative profit ആണ് 2011 ജനുവരി മാസമുണ്ടാക്കിയിട്ടുള്ളത്. അഞ്ചുകോടിയിലധികം രൂപയാണ് ജനുവരി മാസത്തെമാത്രം പ്രോഫിറ്റ്. പിന്നെ കമ്പനിക്ക് ബെസ്റ്റ് അവാർഡുകൾ ലഭിച്ചത്, ഏറ്റവും പ്രധാനമായി സെയിൽസ് ടാക്സ് ഏറ്റവും കൂടുതൽ കൊടുത്ത കമ്പനികളിൽ ഒന്നാം സ്ഥാനം ലഭിച്ചത് മലബാർ സിമെന്റ്സിനാണ്. ഈ കഴിഞ്ഞ വർഷം അഞ്ചുകോടി 30 ലക്ഷം രൂപയാണ് കമ്പനി ഡിവിഡന്റായി ഗവൺമെന്റിന് കൊടുത്തത്. 40 കോടി രൂപയാണ് ഗവൺമെന്റ് തീരുമാനമനുസരിച്ച് പുതിയ പി.എസ്.യു. സ്ഥാപിക്കാൻ ഫണ്ട് കൊടുത്തത്. അവിടത്തെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തുതീർത്ത ഒരുകാലം ഇതുപോലെയുണ്ടായിട്ടില്ല. 123 തൊഴിലാളികളെയാണ് ഈ കാലയളവിൽ സ്ഥിരപ്പെടുത്തിയത്. അതിൽ 40-ലധികം ആളുകൾ ആദിവാസികളാണ്. എല്ലാ പ്രശ്നങ്ങളും തീർത്ത് വളരെ നല്ല ലേബർ മാനേജുമെന്റ് റിലേഷനാണ് അവിടെയുള്ളത്. ഇതുകാണിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി.-യുടെയും സി.ഐ.ടി.യു.-വിന്റെയും യൂണിയനുകൾ വിവിധ

സന്ദർഭങ്ങളിൽ ഗവൺമെന്റിന് നൽകിയ കത്തുകളിൽ ഈ കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇനി ശമ്പളപരിഷ്കരണത്തിന്റെ കാര്യത്തിൽ ഓൾ ഇന്ത്യാ സിമന്റ് വേജ് ബോർഡിന്റെ ശിപാർശയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം മാത്രമേ ബാക്കിയുള്ളൂ. ബാക്കിയെല്ലാം settle ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്യാൻ കമ്പനിക്ക് സാധിച്ചത് ആ കമ്പനി മികച്ച നിലയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഇവിടെ മാത്രമല്ല മറ്റ് കമ്പനികളുടെ അവസ്ഥയും അതുതന്നെയാണ്. കെ.എം.എം.എൽ. ഈ വർഷം നേടാൻ പോകുന്നത് 130 കോടി രൂപയുടെ ലാഭമാണ്. ഞങ്ങൾ ഈ ലക്ഷ്യം പ്രഖ്യാപിക്കുമ്പോൾ ഓരോ മാസത്തേയും കമ്പനിയുടെ പ്രവർത്തനം റിവ്യൂ ചെയ്ത് ടാർജറ്റ് അച്ചീവ് ചെയ്യുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് പറയുന്നത്. 2005-06-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ, തൊട്ടുതലേവർഷം കേവലം എട്ടുകോടി രൂപ ലാഭത്തിലുണ്ടായിരുന്ന കമ്പനിയായിരുന്നു ഇത്. 2000-01 സാമ്പത്തിക വർഷത്തിൽ 120 കോടി രൂപയുടെ ലാഭം നേടിയിരുന്നു. ഈ ഒരു അവസ്ഥ എല്ലാ കമ്പനികൾക്കും ബാധകമാണ്. അഴിമതികളെ സംബന്ധിച്ച് പറയുമ്പോൾ പബ്ലിക് സെക്ടറിലെ അഴിമതികൾ മലബാർ സിമെന്റ്സിൽ മാത്രമായിരുന്നില്ല. കെ.എം.എം.എൽ.-മായി ബന്ധപ്പെട്ടും അഴിമതി ആരോപണമുണ്ടായിരുന്നു. അവിടത്തെ നേരത്തെയുള്ള എക്സ്പാൻഷൻ കരാർ പിന്നീട് ഈ ഗവൺമെന്റുവന്ന് റദ്ദു ചെയ്തു. അതുസംബന്ധിച്ച പരാതികൾ അന്വേഷിക്കാൻ സി.ബി.ഐ.-യെ ചുമതലപ്പെടുത്തണമെന്ന് ക്യാബിനറ്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ആദ്യത്തെ ആവശ്യം കേന്ദ്ര സർക്കാർ തള്ളി. വീണ്ടും ഞങ്ങൾ ഒരിക്കൽകൂടി ആവശ്യപ്പെട്ടു. ആ ആവശ്യവും കേന്ദ്ര സർക്കാർ തള്ളി. പിന്നെ വിജിലൻസിന്റെ സ്പെഷ്യൽ ടീമിനെവച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചു. അന്വേഷണം നടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെക്സ്റ്റൈൽ കോർപ്പറേഷൻ, കെൽ, സിൽക്ക്, ടി.ടി.പി. എന്നിവയെക്കുറിച്ച് പരാതികളുണ്ടായി. നാനാവിധത്തിലുള്ള പരാതികൾ ഈ സഭാതലത്തിലും പുറത്തും ഉയർന്നുവന്നതാണ്. ഇപ്പോൾ ഏതെങ്കിലുമൊരു പബ്ലിക് സെക്ടർ കമ്പനിയെക്കുറിച്ച് തത്തുല്യമായ ഒരു പരാതി ഇന്നേവരെ ഉയർന്നുവന്നിട്ടില്ല. മാത്രമല്ല കമ്പനി ഭരണത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയവും പഴയ ഗവൺമെന്റിന്റെ നയവും വ്യത്യസ്തമാണ്. ഞങ്ങൾ മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്തു. സെലക്ഷൻ ബോർഡ് മുഖേന മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്ന രീതി കൊണ്ടുവന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് മലബാർ സിമെന്റ്സിനെക്കുറിച്ച് പറഞ്ഞല്ലോ. അങ്ങ് വളരെ പ്രശസ്തനായി പറഞ്ഞ മലബാർ സിമന്റ്സിന്റെ എം.ഡി., ഞാൻ അദ്ദേഹത്തിന്റെ പേര് പറയുന്നില്ല, ഏറ്റവും അവസാനമായിട്ട് ഇരുന്ന ആളാണ്. ഈ നിയമസഭയിൽ ഒരു സന്ദർഭത്തിൽ ഇന്നത്തെ മുഖ്യമന്ത്രി തന്നെ അദ്ദേഹത്തെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തിയിട്ടുള്ളതാണ്. അദ്ദേഹം ഒരു സ്ഥാപനത്തിന്റെ മാനേജർ മാത്രമായിരുന്നുവെന്നും അങ്ങനെ മാനേജരായി ഇരുന്ന ആളിനെ ഇതുപോലൊരു പൊതുമേഖലാ സ്ഥാപനത്തിൽ മാനേജിങ് ഡയറക്ടറായി വെക്കരുതെന്നുപറഞ്ഞ് എന്തെങ്കിലും ഒരു രേഖ ഈ ഗവൺമെന്റിന്റെ കൈവശമുണ്ടോ ? അത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : അങ്ങനെ ഒരു രേഖയും ഈ ഗവൺമെന്റിന്റെ കൈവശമില്ല. മാത്രമല്ല അദ്ദേഹത്തെ സംബന്ധിച്ച് ഒരു പരാമർശവും ഈ സഭയിൽ ഒരാളും നടത്തിയിട്ടുമില്ല. .

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ പറഞ്ഞു.

ശ്രീ. എളമരം കരീം : മലബാർ സിമെന്റ്സിലെ എം.ഡി.യെ കുറിച്ചോ ? No, no കെ.എം.എം.എൽ. എം.ഡി.-യെ കുറിച്ചാണ് നമ്മൾ പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കെ.എം.എം.എൽ. എം.ഡി. മുമ്പ് മലബാർ സിമെന്റ്സിൽ ഉണ്ടായിരുന്നു. അദ്ദേഹം മലബാർ സിമന്റ്സിൽ ഉണ്ടായിരുന്ന സമയത്ത് ....

ശ്രീ. എളമരം കരീം : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മലബാർ സിമന്റ്സ് എന്ന് പറഞ്ഞതുകൊണ്ടാണ് ഇപ്പോൾ നിലവിലുള്ള എം.ഡി.-യെക്കുറിച്ച് ഒരു പരാതിയുമില്ല, പരാമർശം ഉണ്ടായില്ല എന്ന് ഞാൻ പറഞ്ഞത്. മലബാർ സിമന്റ്സിൽ നേരത്തെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ.എൻ.ആർ. സുബ്രഹ്മണ്യം ഇപ്പോൾ കെ.എം.എം.എൽ. മാനേജിംഗ് ഡയറക്ടറാണ്. നേരത്തെ അദ്ദേഹത്തെ സംബന്ധിച്ച് പരാതികൾ ഉന്നയിക്കപ്പെട്ടിരുന്നു. ആ പരാതി ഉണ്ടായിരുന്നകാലം എൽ.ഡി.എഫ്.-മായിട്ട് ഒരു ബന്ധവുമില്ലാത്ത കാലമായിരുന്നു. ആ പരാതിയിൽ യാതൊരു കഴമ്പുമില്ലെന്ന് കോടതി അദ്ദേഹത്തെ എക്സോണറേറ്റ് ചെയ്തതിന് ശേഷവും അദ്ദേഹം മാനേജിംഗ് ഡയറക്ടറായി തുടരുകയായിരുന്നു. ഈ ഗവൺമെന്റ് വരുമ്പോൾ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് എന്ന ടി.സി.സി.-യുടെ മാനേജിംഗ് ഡയറക്ടറായി തുടരുകയായിരുന്നു. ഞങ്ങൾ പുതുതായി അപ്പോയിന്റ് ചെയ്തതല്ല.

ശ്രീ. പി.സി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ പ്രതിപക്ഷത്തിരുന്നപ്പോൾ മലബാർ സിമന്റ്സിലെ അഴിമതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട് എന്നാണ്. 2001-ലും 2004-ലും മലബാർ സിമന്റ്സിനെ സംബന്ധിച്ചും കെ.എം.എം.എൽ.-നെ സംബന്ധിച്ചും അന്നത്തെ മുഖ്യമന്ത്രിക്ക് പരാതികൊടുക്കുകയും അന്നത്തെ പ്രതിപക്ഷ നേതാവ് ആയിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന് പേരുവച്ച് പരാതി കൊടുക്കുകയും ചെയ്തത് എന്റെ കൈവശമുണ്ട്. അതിനുശേഷം 2007-ലും 2008-ലും 2010-ലും ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദന് ഞാൻ തന്നെ മലബാർ സിമെന്റ്സിൽ നടക്കുന്ന കൊള്ള സംബന്ധിച്ച് പരാതി കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രി നിഷേധിക്കട്ടെ. ഞാൻ കോപ്പി തരാം. അപ്പോൾ പിന്നെ ഇത് അറിഞ്ഞില്ല എന്ന് പറയരുത്. 2001-ലും 2004-ലും ഉൾപ്പെടെ. പക്ഷേ വേറൊരു കാര്യം കൂടിയുണ്ട്. ശ്രീ. എൻ. ആർ. സുബ്രഹ്മണ്യത്തിനെതിരെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആരോപണം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ.-ൽനിന്നും മാറ്റിയതാണ്. അങ്ങ് വീണ്ടും അദ്ദേഹത്തെ കൊണ്ടുവന്ന് നിയമിച്ചു. അതാണ് ഇവിടെത്തെ കുഴപ്പം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ശ്രീ. എൻ. ആർ. സുബ്രഹ്മണ്യത്തിനെതിരായി ആരോപണം ഉണ്ടായിരുന്നുവെന്ന് അങ്ങ് സമ്മതിച്ചു. പക്ഷേ അദ്ദേഹത്തിന്റെ കേസ് പരിശോധിച്ചതിനുശേഷം അദ്ദേഹത്തെ എക്സോണറേറ്റ് ചെയ്തു. അദ്ദേഹത്തിന്റെ പേരിൽ യാതൊരു ആക്ഷേപവുമില്ലെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. എന്നുപറഞ്ഞാൽ അതിനർത്ഥം പ്രതിപക്ഷനേതാവായിരുന്നപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെയിരുന്ന് ഉന്നയിച്ച ആരോപണം തെറ്റാണെന്നല്ലേ ? അടിസ്ഥാനരഹിതമാണെന്നല്ലേ ?

ശ്രീ. എളമരം കരീം : അങ്ങനെയല്ല. മലബാർ സിമെന്റ്സിലെ അഴിമതികളെ സംബന്ധിച്ച്, 2001-2006 കാലത്തെ അഴിമതികളെ സംബന്ധിച്ച് പറഞ്ഞതെല്ലാം ശരിയായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഉന്നയിച്ച ആരോപണം കോടതി എക്സോണറേറ്റ് ചെയ്തു എന്ന് മാത്രമേയുള്ളു. അദ്ദേഹം മാത്രമല്ല അഴിമതിക്കാരൻ. മാത്രമല്ല എ.ജി. -യുടെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നങ്ങളെല്ലാം ഈ സഭയിൽ വീണ്ടും വന്നത്. ശ്രീ. പി. സി. ജോർജ് മൈക്കില്ലാതെ അദ്ദേഹം സംസാരിക്കുന്നതിൽ എന്ത് ന്യായം? ഞാൻ സംസാരിച്ചു കഴിഞ്ഞില്ലല്ലോ. അങ്ങനെ പറയുകയല്ല. എനിക്ക് സംസാരിക്കാൻ സ്പീക്കർ സംരക്ഷണം നൽകണം. ഞാൻ വഴങ്ങിയിട്ടില്ല. ഞാൻ പറഞ്ഞു തീർക്കട്ടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഞാൻ അവസരംതരാം. 2001-2006-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഴിമതി നടന്നിരുന്നുവെന്ന് അന്ന് പരാതി കൊടുത്ത ശ്രീ. പി. സി. ജോർജ് പറയുന്നത് ശരിയാണ്. എന്നുവച്ചാൽ അന്ന് ആ ഭരണത്തിന് നേതൃത്വം കൊടുത്ത മുസ്ലീം ലീഗിലെ മന്ത്രിമാരെക്കുറിച്ച് എന്നെക്കൊണ്ട് പറയിക്കണമെന്ന് ശ്രീ.പി. സി. ജോർജിന് നിർബന്ധമുണ്ട്. അത് യു.ഡി.എഫ്.-ലെ രണ്ടാം സ്ഥാനത്തിന്റെ തർക്കം ഒന്നുകൂടി രൂക്ഷമാക്കാൻ വേണ്ടിയാണ്. അതല്ലാതെ അതുതന്നെ വീണ്ടുംവീണ്ടും ആവർത്തിക്കേണ്ട കാര്യമില്ലല്ലോ. 2003-ലും 2004-ലും ആ ഭരണത്തിന് നേതൃത്വം കൊടുത്തിരുന്നത് മുസ്ലീം ലീഗിലെ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു. അത് വീണ്ടും ഈ സഭയിൽ പറയിക്കണമെന്നാണ് ശ്രീ.പി.സി. ജോർജിന് വാശി. അങ്ങനെ എന്നെക്കൊണ്ട് പറയിക്കേണ്ട. കെ.എം.എം.എൽ.-ൽ ഉണ്ടായിരുന്ന എക്സ്പാൻഷൻ പ്രോജക്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം റദ്ദു ചെയ്ത് അന്വേഷണം ആവശ്യപ്പെട്ടു. പക്ഷേ കേന്ദ്ര സർക്കാർ സി.ബി.ഐ. അന്വേഷണം അംഗീകരിച്ചില്ല. ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുകയാണ്. വേറെയും കമ്പനികളെ സംബന്ധിച്ച് ഇതുപോലുള്ള പരാതികൾ ഉണ്ടായിരുന്നു. ആ പരാതികളെ സംബന്ധിച്ച് വിവിധ തലത്തിലുള്ള അന്വേഷണങ്ങൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2006 മുതൽ 2011 ഫെബ്രുവരി 9 വരെയുള്ള തീയതികൾക്കുള്ളിൽ ഒരു പബ്ളിക് സെക്ടർ കമ്പനിയുടെ പേരിലും ഇതുപോലുള്ള ഒരു പരാതിയും അന്വേഷിക്കത്തക്ക നിലയിൽ ഗവൺമെന്റിന് മുമ്പിൽ വന്നിട്ടില്ല. അങ്ങനെ ഏതെങ്കിലും പരാതികൾവന്നാൽ തീർച്ചയായും അന്വേഷിക്കും. കുറ്റവാളികളാണെങ്കിൽ നടപടി സ്വീകരിക്കും എന്നതാണ് കമ്പനി ഭരണം സംബന്ധിച്ച ഞങ്ങളുടെ നിലപാട്. കമ്പനികൾക്ക് പരമാവധി

ഓട്ടോണമി കൊടുക്കുക എന്ന നിലപാടാണ് സ്വീകരിച്ചത്. അവിടെത്തെ എല്ലാ പ്രവർത്തനങ്ങളും ചട്ടങ്ങൾ അനുസരിച്ച് നടത്താൻ മാനേജ്മെന്റിന് പരമാവധി സ്വാതന്ത്ര്യം കൊടുക്കുന്ന നിലപാടാണ് കമ്പനി ഭരണത്തിൽ ഞങ്ങൾ സ്വീകരിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുന്ന പ്രശ്നമില്ല. ചട്ടവിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം അവർക്കാണ്. അതിന്റെ പേരിൽ കർശനമായ നടപടി സ്വീകരിക്കും. ഇതിനകം പലരുടെ പേരിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും അക്കാര്യത്തിൽ ചെയ്യുന്നതല്ല. ഇവിടെ പ്രശ്നം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എം.എം.എൽ. ഗവൺമെന്റിന്റെ അനുമതിയില്ലാത്ത എക്സ്പാൻഷൻ പ്രോജക്ട് അംഗീകരിച്ച് ടെൻഡർ ചെയ്ത് അഡ്വാൻസ് കൊടുത്ത് 48 കോടി രൂപ സർക്കാരിന് നഷ്ടം വരുത്തിയെന്ന് കഴിഞ്ഞ വർഷത്തെ എ.ജി.-യുടെ റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുകയാണ്. ആ സംഭവങ്ങളാണ് നമ്മൾ സി.ബി.ഐ. അന്വേഷണത്തിന് വിധേയമാക്കാൻ തീരുമാനിച്ചത്. അതിന് നേതൃത്വം കൊടുക്കുന്ന ഏറ്റവും ശക്തമായ മാഫിയ സംഘത്തിന്റെ ശബ്ദമാണ് പലപ്പോഴും ഇവിടെ ശ്രീ. പി. സി. ജോർജിലൂടെ മുഴങ്ങി കേൾക്കുന്നത്. ആർക്കുവേണ്ടിയാണ് ഈ സംസാരിക്കുന്നതെന്ന് എനിക്ക് മനസിലാകുന്നില്ല.

<u>ശ്രീ. കെ. ബാബു</u> : അങ്ങനെ പറയുന്നത് ശരിയല്ല. ആ പ്രയോഗം ശരിയല്ല.

<u>ശ്രീ. എളമരം കരീം</u> : ശ്രീ. പി. സി. ജോർജ്, എന്താണ് പ്രശ്നം ? ഇവിടെ മാഫിയാ സംഘങ്ങൾ തമ്മിൽ, കരാറുകാർ തമ്മിൽ വ്യാപാര മത്സരങ്ങളും വാണിജ്യ മത്സരങ്ങളുമുണ്ട്. ആ മത്സരത്തിൽ കക്ഷിചേർന്നിട്ട് പരസ്പരം പഴി ചാരുന്നതിന് ഗവൺമെന്റിനെ പ്രതിയാക്കേണ്ട കാര്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് സംസാരിക്കുന്നതിനുവേണ്ടി തൊണ്ണൂറ് മിനിട്ടുണ്ട്. ശാന്തമായ ആ സംസാരമെല്ലാം ഞങ്ങൾ കേൾക്കും. പക്ഷേ ഈ നിയമസഭയിലെ ഒരു ബഹുമാനപ്പെട്ട അംഗത്തിനെതിരെ ജനങ്ങളുടെ മദ്ധ്യത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത രൂപത്തിൽ ആരോപണം കൊണ്ടുവരികയും ജനമദ്ധ്യത്തിൽ ടാർനിഷ് ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു. ഒരു കാരണവശാലും റൂൾ 307 അനുസരിച്ച് അത് സഭാരേഖകളിൽ കാണരുത്. അതല്ലെങ്കിൽ ഈ ആക്ഷേപം മന്ത്രിക്കുണ്ടെങ്കിൽ എഴുതിക്കൊടുക്കണം. എഴുതിക്കൊടുത്തിട്ട് ഉന്നയിക്കണം. അത് ഉന്നയിച്ചാൽ മറുപടി പറയാനുള്ള അനുമതി ആ അംഗത്തിന് കൊടുക്കണം. അല്ലായെങ്കിൽ നിശ്ചയമായും അത് വിത്ഡ്രോ ചെയ്യണം.

<u>ശ്രീ. എളമരം കരീം</u> : ഞാൻ അവസാനിപ്പിക്കാം. ഇടപെടലുള്ളതുകൊണ്ട് മാത്രമല്ലേ ഞാൻ പറയുന്നത്. ഈ കമ്പനികളെ അടക്കിഭരിച്ച് എല്ലാ അഴിമതിക്കും നേതൃത്വം കൊടുത്തിട്ടുള്ള ശക്തികൾ തമ്മിലുള്ള മത്സരത്തിൽ അവരുടെ വാദപ്രതിവാദത്തിന്റെ വേദിയാക്കി സഭയെ മാറ്റരുത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യം.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ശ്രീ. പി.സി. ജോർജിനെ കുറിച്ച് പറഞ്ഞകാര്യം പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : ഞാൻ ശ്രീ. പി. സി. ജോർജിനെക്കുറിച്ച് ഒന്നും പറഞ്ഞില്ലല്ലോ. അദ്ദേഹത്തിന്റെ ശബ്ദമാണ് ഇവിടെ കേൾക്കുന്നത് എന്നല്ലേ ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ ശബ്ദമാണിവിടെ കേൾക്കുന്നത് എന്ന് പറഞ്ഞാൽ അദ്ദേഹം എന്തിനാണ് ബുദ്ധിമുട്ടുന്നത് ? അദ്ദേഹം അതിന്റെ ആളാണ് എന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇങ്ങനെയുള്ള ആളുകളുടെ ശബ്ദമാണ് ഇവിടെ കേൾക്കുന്നത് എന്നേ ഞാൻ പറഞ്ഞുള്ളു. അതിൽ അസംഭവ്യമായിട്ട് ഒന്നുമില്ല. അതുമാത്രമല്ല ഇന്നലെ ഈ സഭയിൽ ശ്രീ. പി. സി. ജോർജ് നടത്തിയ പദപ്രയോഗങ്ങൾ സഭാ രേഖകൾ ഒന്ന് പരിശോധിച്ചാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്ന മാന്യതയുടെ സീമ എവിടെ നിൽക്കുന്നുവെന്ന് മനസ്സിലാകും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ ഒരു കാര്യം വളരെ വ്യക്തമാണ്. ഈ സർക്കാർ പബ്ലിക് സെക്ടർ കമ്പനികളായാലും മറ്റ് ഭരണ മേഖലകളായാലും അഴിമതി രഹിതമായി പ്രവർത്തിപ്പിക്കാനാണ് ഇന്നേവരെ ശ്രമിച്ചിട്ടുള്ളത്. പഴയ സർക്കാരിന്റെ കാലത്തുനടന്ന അഴിമതികൾ ഓരോന്ന് വെളിച്ചത്ത് വരുമ്പോൾ പുകമറ സൃഷ്ടിച്ച് അതിൽനിന്നും ആരെയെങ്കിലും രക്ഷപ്പെടുത്താൻവേണ്ടി ഇത്തരത്തിലുള്ള വാദഗതികൾ ഉന്നയിക്കുന്നത് നിരർത്ഥകമാണ്, അടിസ്ഥാനരഹിതമാണ്. പ്രസംഗം അവസാനിപ്പിക്കുന്നതിന് ഒറ്റ ദുഖം മാത്രമേ എനിക്കുള്ളൂ. അത് എന്താണെന്നുവച്ചാൽ എന്റെ ഒരു സുഹൃത്ത് ഒരിക്കൽ വാഹനാപകടത്തിൽ പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുമ്പോൾ ഞാൻ കാണാൻ ചെന്നപ്പോൾ ഉണ്ടായ ഒരു അനുഭവം ഓർത്തുപോകുകയാണ്. അദ്ദേഹത്തിന് കാര്യമായ പരിക്കൊന്നുമില്ലായെന്ന് ഡോക്ടർ പറഞ്ഞു. പക്ഷേ ചെന്നപ്പോൾ ഇദ്ദേഹം വലിയ കരച്ചിലാണ്. കാര്യമായ പരിക്കൊന്നുമില്ലാതെ നിങ്ങൾ എന്തിനാണ് കരയുന്നതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. സഖാവേ വല്ല ബസോ ലോറിയോ ജീപ്പോ ഇടിച്ച് പരിക്കുപറ്റിയാൽ നാല് ആളുകളോട് പറയാം. കോർപ്പറേഷന്റെ ഈ ചണ്ടിവണ്ടി മുട്ടി പരിക്ക് പറ്റിയാൽ എങ്ങനെയാണ് ആളുകളോട് പറയുക എന്നോർത്തുള്ള ദുഃഖമാണ്. ഞാൻ ഏതാണ്ട് ആ നാരായണന്റെ അവസ്ഥയിലാണ് ഈ സഭയിൽ നിൽക്കുന്നത്. അതുകൊണ്ട് ഈ അവസ്ഥയിൽനിന്നും രക്ഷിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി ഗൗരവമേറിയ പല വിഷയങ്ങളും ഈ സഭയിൽ ചർച്ച ചെയ്യുകയായിരുന്നു. എന്റെ സുഹൃത്ത് ശ്രീ. ജി. കാർത്തികേയൻ പ്രസംഗം അവസാനിപ്പിച്ചത് മോചനയാത്ര നടക്കുന്നതിൽ എൽ.ഡി.എഫ്.-കാർ എല്ലാം വളരെ അസ്വസ്ഥരാണെന്നും ജനങ്ങളെല്ലാം കോൺഗ്രസ്സിന്റെ പക്ഷത്ത് പൂർണ്ണമായും ചേർന്നിരിക്കുകയാണെന്നും അത് ഈ നിയമസഭയിൽ ഒരു രേഖയായി അവശേഷിക്കുമെന്നുമുള്ള വിശ്വാസത്തിലാണ് അദ്ദേഹം പറഞ്ഞത് എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ജനങ്ങൾ ആരുടെയെങ്കിലും കുത്തകയാണോ ? നിങ്ങൾ പറയുന്നത് ഈ ഭരണം മോശമാണ് അതുകൊണ്ട് നിങ്ങൾ പൂർണ്ണമായും ജയിക്കാൻ പോവുകയാണ് എന്ന്. അങ്ങനെയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണിയിൽനിന്നും ആരംഭിച്ച് ശ്രീ. ഉമ്മൻചാണ്ടിയിൽ എത്തിയ കഴിഞ്ഞ കാലത്തെ ഭരണം ദുർഭരണമാണ് എന്ന് നിങ്ങൾ അംഗീകരിക്കുകയല്ലേ ചെയ്യുന്നത് ? അല്ലെങ്കിൽ നിങ്ങൾ പരാജയപ്പെടേണ്ട കാര്യമുണ്ടോ? ജനങ്ങൾ തോൽപ്പിച്ചു. എന്തുകൊണ്ട് ജനങ്ങൾ തോൽപ്പിച്ചു ? നിങ്ങളുടെ ഭരണം ദുർഭരണമായിരുന്നു. ജനദ്രോഹപരമായിരുന്നു. അതുകൊണ്ട് നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. എന്നാൽ ഇന്ന് ഞങ്ങൾ നിശ്ചയിക്കുന്നു, ഞങ്ങൾ ഇന്ന് വിശ്വസിക്കുന്നു ഞങ്ങളുടെ ഭരണം വ്യത്യസ്തമായ ഭരണമാണ്. അതുകൊണ്ട് ജനങ്ങൾ മഹാഭൂരിപക്ഷത്തോടുകൂടി ഞങ്ങൾക്കനുകൂലമായി വിധിയെഴുതാൻ പോകുന്നു. ....(ബഹളം)..... ശ്രീ. കെ. കെ. ഷാജു എന്നെ പ്രകോപിപ്പിക്കണ്ട. പ്രകോപിപ്പിച്ചാൽ ഞാൻ എല്ലാംപറയും. രണ്ടാമത്തെകാര്യം, ഭരണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ....

ശ്രീ. ആര്യാടൻ മുഹമ്മദ് : പോയിന്റ് ഓഫ് ഓർഡർ. ഒരു മന്ത്രി പ്രകോപിപ്പിച്ചാൽ എല്ലാം പറയുമെന്ന് പറയുന്നു. അപ്പോൾ വസ്തുത മറച്ചുവച്ചുകൊണ്ട് സ്റ്റേറ്റ്മെന്റ് സഭയിൽ വയ്ക്കുന്നത് ശരിയാണോ സർ ?

ശ്രീ. സി. ദിവാകരൻ : വസ്തുത മറച്ചുവച്ച് വഴിവിട്ട് സഹായിച്ചുവെന്ന് പറയുന്നത് ഞാനല്ല. എന്നെ പ്രകോപിപ്പിക്കരുത് എന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അതിന് വേറെ ദുർവ്യാഖ്യാനം ഒന്നും വേണ്ട. (....ബഹളം...) ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് കോൺഗ്രസ്സുകാരുടെ സ്ഥിതി എന്തായിരുന്നു ? ഇന്ന് ഡോ. മൻമോഹൻസിംഗിന്റെ കാലത്ത് എന്താണ് സ്ഥിതി ? നിങ്ങൾ ഇൻഡ്യാ മഹാരാജ്യത്തെ ഏക കക്ഷിയല്ലായിരുന്നോ ? കുത്തക ഭരണമല്ലായിരുന്നോ ? ഇന്ന് കോൺഗ്രസ്സിന് കേന്ദ്രത്തിൽ ഭൂരിപക്ഷമുണ്ടോ ? കേരളത്തിൽ പടവെട്ടാൻ നിൽക്കുന്ന നിങ്ങൾ ഇൻഡ്യ മഹാരാജ്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ഇൻഡ്യയിലെ നിങ്ങളുടെ രാഷ്ട്രീയ സ്വാധീനം എവിടെ ? നിങ്ങൾക്ക് എന്തുപറ്റി ? ഈ 60 കൊല്ലമായി ഭരണം നടത്തി കോടാനുകോടി ജനങ്ങളെ തെരുവിലാക്കി, പട്ടിണിക്കാരാക്കി, മുതലാളിത്തത്തെ വളർത്തിയതിന്റെ ഫലമല്ലേ ജനങ്ങൾ നിങ്ങളിൽനിന്ന് മാറിയത്? കേരളത്തിന്റെ സ്ഥിതിഗതികളെപ്പറ്റി നിങ്ങൾ കാണുന്നില്ല. കോൺഗ്രസ്സിന്റെ ഓരോ സ്റ്റേറ്റിലേയും ഗതി എന്താണ്? തോൽക്കുന്നവരെ ആക്ഷേപിച്ച് നിങ്ങൾ ഓരോ ദിവസവും കുഴിതോണ്ടിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയത്തിൽ ജയാപജയങ്ങൾ സ്വാഭാവികമാണ്. അതുകൊണ്ട് അഹങ്കരിക്കരുത്. ഈ ജാഥ എന്നാണ് തുടങ്ങിയത്? ജാഥ തുടങ്ങിയാൽ കുറച്ച് ആളൊക്കെകൂടും. അത് ഞങ്ങൾ തുടങ്ങിയാലും കൂടും നിങ്ങൾ തുടങ്ങിയാലും കൂടും. അത് രാഷ്ട്രീയത്തിന്റെ അവസാനത്തെ വിലയിരുത്തലല്ല. അതിനുവേണ്ടി നിങ്ങൾ കാത്തിരിക്കുക. നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നുപോലും ഈ സഭയിൽ ഗൗരവമായി നിങ്ങൾ ഉന്നയിക്കുന്നില്ല. ഇൻഡ്യാ മഹാരാജ്യത്ത് ദേശീയ പത്രങ്ങൾ ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നത് ഞെട്ടിപ്പിക്കുന്ന കാര്യങ്ങളല്ലേ ? നിങ്ങൾ അതിനെക്കുറിച്ച് പറയാതിരിക്കാൻ അത് മറച്ചുപിടിക്കാനും ശ്രമിക്കുന്നു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇന്നേവരെ ഇത്രയും ഭീകരമായ അഴിമതിയുടെ പെരുമഴ ഏതെങ്കിലും പ്രധാനമന്ത്രിയുടെ കാലത്ത് ഉണ്ടായിട്ടുണ്ടോ ? എന്തെങ്കിലും മറുപടി പറയാനുണ്ടോ ? ജനങ്ങൾ ഇതെല്ലാം അറിയുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: ഈ സഭയിൽ ഇതിനു മുൻപും നയപ്രഖ്യാപന പ്രസംഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിനുമുൻപും മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷേ അതാതു മന്ത്രി മാർ സാധാരണ അവരുടെ വകുപ്പുകളെക്കുറിച്ച് വന്നിട്ടുള്ള ആക്ഷേപങ്ങൾക്കും ചർച്ചകൾക്കുമാണ് മറുപടി പറയാറുള്ളത്. മുഖ്യമന്ത്രിയാണ് സാധാരണ ഇത്തരം കാര്യങ്ങൾ പറയുന്നത്. ഇത്തരം രാഷ്ട്രീയമായ പ്രസംഗം ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ മറുപടിയിൽ മന്ത്രിമാരിൽ നിന്നുണ്ടാകുന്നത് ഇവിടത്തെ കീഴ്‌വഴക്കങ്ങൾക്കനുസരിച്ചാണോ സർ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും.

ശ്രീ. സി. ദിവാകരൻ : എല്ലാ വിഷയങ്ങളും രാഷ്ട്രീയ അടിത്തറയുള്ളതാണ്. രാഷ്ട്രീയ അടിത്തറയില്ലാത്ത ഒരു വിഷയവുമില്ല. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. യുഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ കേരളത്തിലെ ജനങ്ങളുടെ അനുഭവം എന്തായിരുന്നു? ഇൻഡ്യ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണ്. ആ വിലക്കയറ്റത്തിൽ കേന്ദ്ര ഗവൺമെന്റ് ഇടപെട്ടുകൊണ്ട് കേരളത്തോട് വാഗ്ദാനം ചെയ്തത് ഫുഡ് ഫോർ ആൾ എന്നാണ്. കഴിഞ്ഞ റിപ്പബ്ലിക് ഡേ-ക്ക് ഇൻഡ്യൻ പ്രസിഡന്റിന്റെ വാഗ്ദാനം ഈ രാജ്യത്ത് ഭക്ഷണമില്ലാത്ത മഹാഭൂരിപക്ഷം പേർക്ക് ഭക്ഷണം നൽകുന്നതിനുവേണ്ടിയുള്ള ഒരു കേന്ദ്രനിയമം കൊണ്ടുവരാൻ പോകുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പറഞ്ഞു മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും 35 കിലോ വച്ച് കൊടുക്കുമെന്ന്. ഫുഡ് സെക്യൂരിറ്റി ആക്ടിന്റെ കരട് രേഖ പുറത്തുവന്നു. ആ കരട് രേഖയിൽ കൊടുത്തുകൊണ്ടിരുന്ന 35 കിലോ എന്നത് 25 കിലോയാക്കി മാറ്റുകയാണ് ചെയ്തത്. ഒരു വർഷം കഴിഞ്ഞു. ഇന്നേവരെ കേന്ദ്രത്തിൽനിന്ന് ഒരുമണിയരി പോലും ഫുഡ് സെക്യൂരിറ്റി ആക്ട് അനുസരിച്ച് ലഭ്യമായിട്ടില്ല. കഴിഞ്ഞ ദിവസങ്ങളിൽ കേന്ദ്ര ഭക്ഷ്യമന്ത്രി ശ്രീ. കെ. വി. തോമസ് പങ്കെടുത്തുകൊണ്ട് ദക്ഷിണ ഭക്ഷ്യ മന്ത്രിമാരുടെ യോഗംചേർന്നു, അതിൽ അദ്ദേഹം പറഞ്ഞത്, കേന്ദ്രം ആലോചിക്കുന്നുവെന്നാണ്. കേരളത്തിലാണെങ്കിൽ മാർക്കറ്റിൽ അരി വില ക്രമാതീതമായി വർദ്ധിച്ചു. കള്ളക്കച്ചവടക്കാരും കരിഞ്ചന്തക്കാരും ഇൻഡ്യയിലാകെ ഉയർന്നുവന്നു. അത്തരം സംഭ്രമജനകമായ ഒരു സാഹചര്യത്തിൽപ്പോലും കേരളത്തിൽ ഇന്ന് ഇവിടെയിരിക്കുന്ന എല്ലാവർക്കുമറിയാം, പതിനാറ് രൂപയ്ക്ക് ഒന്നാംതരം ഗുണനിലവാരമുള്ള അരി ലഭ്യമാണ്. രണ്ടു രൂപയ്ക്ക് നാൽപ്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് അരി കൊടുത്തു, ഇതാണോ തെറ്റ്. ഇതാണോ നിങ്ങളുടെ കുറ്റപത്രം. രണ്ടു രൂപയ്ക്ക് അരി കൊടുത്തതാണോ കുറ്റപത്രമായി വരുന്നത്. ഡൽഹിയിൽ ഒരു കിലോ അരിക്ക് 28 രൂപയാണ്. ഇരുപത്തിയെട്ടു രൂപ മുതൽ മുപ്പതു രൂപവരെയുണ്ട്. തമിഴ് നാട്ടിൽ 27 രൂപയാണ്. ആന്ധ്രാപ്രദേശിൽ 28 രൂപയാണ്. കർണ്ണാടകത്തിൽ 30 രൂപയാണ്. കേരളത്തിൽ ഓപ്പൺ മാർക്കറ്റിൽ ഏറ്റവും ഗുണനിലവാരമുള്ള അരിക്ക് 26 രൂപയാണ്. 26 രൂപയുടെ അരി പത്തുരൂപ സബ്സിഡി കൊടുത്ത് പതിനാറ് രൂപയ്ക്ക് സപ്ലൈകോവഴി വിതരണം ചെയ്യുന്നുണ്ട്. ഇതാണോ കുറ്റപത്രം, രണ്ടു രൂപയ്ക്കുള്ള അരി വ്യാപകമായി കൊടുക്കാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുന്നതാണോ കുറ്റപത്രം ? കേരളത്തിലെ 14,400 റേഷൻ കടകൾവഴി ഇന്ന് സപ്ലൈകോ പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ രാജ്യത്താകെ വിതരണം ചെയ്യാൻ സബ്സിഡി റേറ്റിൽ ഒരു പ്രോജക്ട് തയ്യാറാക്കി കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. അത് അംഗീകരിച്ചില്ല. തള്ളിക്കളഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ജില്ലാ പഞ്ചായത്ത് അയച്ചുതന്നിട്ടുള്ളത് നിങ്ങൾ കൊടുത്തോ ?

ശ്രീ. സി. ദിവാകരൻ : ജില്ലാ പഞ്ചായത്ത് ഒന്നും തന്നിട്ടില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് വെറുതെ, ഇല്ലാത്ത കാര്യം പറയരുത്. ഒന്നും തന്നിട്ടില്ല. കേന്ദ്രത്തിന് കൊടുത്ത പദ്ധതി അംഗീകരിച്ചില്ല എന്നുപറയുമ്പോൾ പിന്നെന്തിനാണ് ബുദ്ധിമുട്ടിക്കുന്നത് ? പ്രൊഫ. കെ. വി. തോമസ് പറയുന്നു അംഗീകരിച്ചിട്ടില്ല, ഞങ്ങളത് പരിശോധിക്കാൻ പോകുകയാണ്. കേരളം ഒരു റോൾ മോഡലാണ്. പൊതുവിതരണ സമ്പ്രദായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ, വിലക്കയറ്റം തടയുന്നതിൽ എല്ലാ കാര്യത്തിലും കേരളം ഒരു മാതൃകയാണെന്നു പറഞ്ഞാൽ...... കേരളത്തിനകത്ത് നിങ്ങൾ കൂടിയുണ്ടല്ലോ ; ഞങ്ങൾ മാത്രമാണോ ഉള്ളത്. കേരളം ഒരു മാതൃകയായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ആ പദ്ധതി പരിശോധിക്കുകയാണ്. അപ്പോൾ ആര്യാടൻ പറഞ്ഞത് പഞ്ചായത്ത് തന്നത് ഇവിടെ പരിശോധിച്ചു, തള്ളിക്കളയാൻ പറ്റുമോ ? എന്നാൽ ഞങ്ങൾ ആ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. ഈ വരുന്ന ദിവസങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13 ഇനം നിത്യോപയോഗ സാധനങ്ങൾ 14,400 റേഷൻ കടകൾവഴി വിതരണം ചെയ്യാനുള്ള ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അതോടുകൂടി കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമാക്കാൻ കഴിയും . രണ്ടു രൂപയുടെ അരി വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇനി ഏതു ഭരണമാറ്റം വന്നാലും ശരി കേരളത്തിൽ ജനങ്ങളെ സംബന്ധിച്ച് എൽ.ഡി.എഫ്. നടപ്പിലാക്കിയ ഇക്കാര്യം മാറ്റാൻ സാധ്യമല്ല. ആ നിലയിൽ വരാൻ പോകുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങയുടെ പത്ര പ്രസ്താവന നയപ്രഖ്യാപനത്തിന് മുമ്പുതന്നെ ഞാൻ കണ്ടു. മുന്നൂറ്റി ചില്ലാനം കോടി രൂപയുടെ സ്കീം ഉണ്ടാക്കുന്നു. പതിമൂന്നിനം ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നു, മുന്നൂറ്റി മുപ്പത്തിയേഴ് കോടി രൂപയുടെ പദ്ധതി ബഡ്ജറ്റിൽ കൊണ്ടുവരുമെന്നും അങ്ങ് പറഞ്ഞു. വളരെ നല്ലത്. ഈ ബഡ്ജറ്റ് പാസായാൽ എന്നു മുതലാണ് ഇത് നടപ്പിലാക്കുക ? ഏപ്രിൽ ഒന്നാം തീയതി ആണോ ? അപ്പോൾ ഇവിടെ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ വന്നുകഴിയില്ലേ. വാസ്തവത്തിലിത് ജനങ്ങളെ കണ്ണിൽ പൊടിയിടാൻ വേണ്ടി മാത്രമുള്ള ഒരായുധമല്ലേ ?

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ നിലമ്പൂർ മണ്ഡലത്തിൽവരെ ഈ സഭയുടെ കാലാവധി കഴിയുന്നതിനുമുമ്പ് അങ്ങേക്കു തന്നെ അത് ഉദ്ഘാടനം ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്ന് പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പോരേ. ബഡ്ജറ്റിലൊക്കെ ഉണ്ടോ ഇല്ലയോ എന്ന് നമുക്ക് നോക്കാം. വേറെ പല സംവിധാനങ്ങളുമുണ്ട്. ലോൺ എടുത്തുകൂടെ? പിന്നെന്താ കാര്യം. ഇപ്പോൾ ബഡ്ജറ്റിനെക്കുറിച്ചൊന്നും പറയാൻ എന്നെക്കൊണ്ട് സാദ്ധ്യമല്ല. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രയോഗം എനിക്ക് മനസ്സിലായി. ബഡ്ജറ്റിനെക്കുറിച്ച് പറയാൻ ഞാൻ നിസ്സഹായനാണ്. ഒന്നും പറയാൻ പറ്റില്ല. വിലക്കയറ്റത്തെ സംബന്ധിച്ചു പറഞ്ഞു. ഡൽഹിയിൽ ഒരു കിലോ പഞ്ചസാരയ്ക്ക് 34 രൂപയാണ്. ഓപ്പൺ മാർക്കറ്റിൽ 31 രൂപയാണ്. 25 രൂപയ്ക്ക് സപ്ലൈകോ കൊടുക്കുന്നു. ചെറുപയറിന് ഡൽഹിയിൽ 75 രൂപയാണ്. ഇവിടെ ഓപ്പൺ മാർക്കറ്റിൽ 69 രൂപയാണ്. നാൽപ്പത്തിയെട്ടു രൂപയ്ക്ക് സപ്ലൈകോ കൊടുക്കുന്നു. അതുപോലതന്നെ തോരൻ പരിപ്പിന് ഡൽഹിയിൽ 74 രൂപയാണ്. കേരളത്തിൽ ഓപ്പൺ മാർക്കറ്റിൽ 69 രൂപയാണ്. മുളകിന് ഡൽഹിയിൽ 88 രൂപയാണ്. ഇവിടെ കേരളത്തിൽ 68 രൂപയാണ്. സവാളയ്ക്ക് കേരളത്തിൽ 24 രൂപയാണ്. ഡൽഹിയിൽ 75 രൂപയാണ്. ബ്യൂറോ ഓഫ് ലേബർ എന്നുപറയുന്ന കേന്ദ്ര സ്ഥാപനം ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റിലേയും വില നിലവാരം പരിശോധിച്ചിട്ട് പറഞ്ഞു, വിലക്കയറ്റത്തിൽ പതിനേഴാമത്തെ സ്ഥാനത്താണ് കേരളം നിൽക്കുന്നതെന്ന്. നിഷേധിക്കാൻ കഴിയുകയില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, ഈ പ്രസംഗത്തിന്റെ ആറാം ഖണ്ഡികയിൽ ഇവിടെ നേരത്തെ ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതാണ്. 13 ഇനങ്ങൾ നൽകുന്നതിനുവേണ്ടി 337 കോടി രൂപ ചെലവഴിച്ചുവെന്നു പറഞ്ഞു. ഈ പുതിയ തുടക്കത്തിന്റെ പകുതി ചെലവ് കേന്ദ്രസർക്കാർ വഹിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ ; കേന്ദ്ര ഗവൺമെന്റിന് പ്രോജക്ട് കൊടുത്തിട്ടുണ്ടോ ; കൊടുത്തെങ്കിൽ എന്നാണ് കൊടുത്തതെന്ന് അറിയിക്കാമോ ?

ശ്രീ. സി. ദിവാകരൻ : കേന്ദ്രസർക്കാരിന് കൊടുത്തു. കേന്ദ്രമന്ത്രിമാരായ ശ്രീ. ശരത്പവാറിനും ശ്രീ. എ. കെ. ആന്റണിക്കും ശ്രീ. ഇ. അഹമ്മദിനും ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും കൊടുത്തു. പ്രധാനമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാർക്കും കൊടുത്തിട്ടുണ്ട്. റിമൈൻഡറും കൊടുത്തു. പ്ലാനിംഗ് കമ്മീഷന് കൊടുത്തു, അവർ എനിക്ക് മറുപടി തന്നു, ഇപ്പോൾ കേന്ദ്രത്തിന്റെ മുമ്പിൽ ഇങ്ങനെയൊരു സ്കീം ഇല്ല, അതുണ്ടാകുമ്പോൾ പരിശോധിക്കാമെന്ന്.

ശ്രീ. കെ. സി. ജോസഫ്: അങ്ങനെയൊരു സ്കീം ഇല്ലെങ്കിൽ പിന്നെ എന്തടിസ്ഥാനത്തിലാണത് ?

ശ്രീ. സി. ദിവാകരൻ : വീണ്ടും ഞങ്ങൾ റിമൈൻഡർ അയച്ചു, ഒരിക്കൽ തള്ളിക്കളഞ്ഞാൽ പിന്നെ ഡിമാന്റ് ചെയ്തുകൂടെ. വീണ്ടും ഡിമാന്റ് ചെയ്യുന്നു. അവർ പരിഗണിക്കുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. ശ്രീ. കെ. സി. ജോസഫിന്റെ പാർട്ടിക്കാർ കൂടി വിചാരിച്ച് സമ്മർദ്ദം ചെലുത്തി കേരളത്തിന് അതുണ്ടാകുമെന്നുതന്നെയാണ് എന്റെ ശുഭപ്രതീക്ഷ. അതിന് നിങ്ങളുടെ സഹായം വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കടമെടുത്തിട്ടായാലും ചെയ്യും, ആര്യാടൻ മുഹമ്മദിനെക്കൊണ്ട് നിയോജക മണ്ഡലത്തിൽ ഉദ്ഘാടനം ചെയ്യിക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ അങ്ങ് പറയുന്നു അവിടെ നിന്ന് കിട്ടായാലേ ചെയ്യുകയുള്ളൂ എന്ന്. ഏതാണ് ശരി ?

ശ്രീ. സി. ദിവാകരൻ : രണ്ടും ശരിയാണ്. വിലക്കയറ്റത്തെ സംബന്ധിച്ച് സംഭ്രമജനകമായ യാതൊരു അന്തരീക്ഷവും കേരളത്തിലില്ല. മാർക്കറ്റിൽ സുലഭമായി ഭക്ഷ്യധാന്യങ്ങളുണ്ട്. വിലനിലവാരത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അത് നിയന്ത്രിക്കാനുള്ള എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിന്റെ വിഹിതത്തിൽ കുറച്ച് ഷോർട്ടേജുണ്ട് അതുംകൂടി അവർ തരാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അങ്ങനെയാണെങ്കിൽ തീർച്ചയായിട്ടും പഞ്ചസാരയുടേയും മണ്ണെണ്ണയുടേയും ഭക്ഷ്യധാന്യത്തിന്റേയും കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് സംഭ്രമജനകമായ യാതൊരു കാര്യവും നേരിടേണ്ടിവരില്ല. അതുകൊണ്ട് ഇതിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ സംസാരിക്കുമ്പോൾ സൂചിപ്പിച്ച ഒരു കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് അനുവദിച്ച തുക ലാപ്സായി എന്നുള്ളതാണ്. ഞാനത് പരിപൂർണ്ണമായും പരിശോധിച്ചു.

2.00 PM] 2001-06 കാലഘട്ടത്തിൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ 63 ശതമാനം മുതൽ 68 ശതമാനംവരെയാണ് എക്സ്പെന്റിച്ചർ. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 91 മുതൽ 98 ശതമാനംവരെയാണ് എക്സപെന്റിച്ചർ. ഒരു റിക്കാർഡ് ഭേദിക്കുന്ന എക്സ്പെന്റിച്ചറാണ് പ്ലാൻ ഫണ്ടിൽ ഉണ്ടായത്. അതേ സമയത്ത് എസ്.സി./എസ്.ടി. വകുപ്പുകൾക്ക് കേന്ദ്രത്തിൽനിന്ന് ലഭിച്ച ഫണ്ട് 64 കോടി രൂപ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ചെലവഴിച്ചിരുന്നില്ല. അത് ഈ കാലഘട്ടത്തിൽ ചെലവഴിച്ചു. ട്രൈബലിന്റെ ഫണ്ടൊന്നുമില്ല. 100 ശതമാനം എക്സപെന്റിച്ചറാക്കാൻ നമുക്ക് പറ്റില്ല. പക്ഷേ സർവ്വകാല റിക്കാർഡ് ഭേദിക്കുന്ന പുരോഗതിയാണ് ഈ ഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വകുപ്പിനെ പറ്റിക്കുന്ന, കളിപ്പിക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു, നോഷണൽ ഫ്ളോ എന്നു പറഞ്ഞ് നൂറ് കോടിയോളം രൂപ നീക്കിവയ്ക്കും. എന്നിട്ട് അത് ചെലവഴിക്കുകയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ തുകയും നമുക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ വിഭാഗത്തിന് സാധ്യമായ എല്ലാ സൗകര്യങ്ങളും നമ്മൾ ചെയ്തുകൊടുത്തിട്ടുണ്ട്. ആനുകൂല്യങ്ങൾ എത്രത്തോളം വർദ്ധിപ്പിക്കാൻ പറ്റുമോ അത് പരിപൂർണ്ണമായും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിൽനിന്ന് വന്നിട്ടുള്ള വിമർശനത്തിന്റെയുംനിർദ്ദേശങ്ങളുടെയും ഭാഗമായിട്ടുതന്നെയാണ് വർദ്ധിപ്പിച്ചത്. ഇത്രത്തോളം ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുത്ത ഒരു കാലഘട്ടം പൊതുവിൽ ഉണ്ടായിട്ടില്ല. നമുക്കെല്ലാം അറിയാം പാവപ്പെട്ടവർക്ക് രോഗംവന്നാൽ ആശുപത്രിയിൽ പോകില്ല. വീട്ടിൽ തന്നെ കിടക്കും. പക്ഷേ പട്ടിണിയാണെങ്കിലും ജോലിക്കു പോകും. 1,25,000 കുടുംബങ്ങൾക്ക് 26 കോടി രൂപയാണ് നമ്മൾ വീട്ടിലേക്ക് എത്തിച്ചത്. ഇവിടെയുള്ള എല്ലാ എം.എൽ.എ.-മാരും അത് വാങ്ങിക്കൊടുത്തിട്ടുണ്ട്. ശ്രീ. ടി. എൻ. പ്രതാപൻ ഒക്കെ വാങ്ങി കൊടുത്തിട്ടുള്ള ആളാണ്. അപ്പോൾ പൊതുവിൽ ഒരു ബുദ്ധിമുട്ടും ആ വിഭാഗത്തിന് ചെയ്തിട്ടില്ലെന്ന് അങ്ങ് മനസ്സിലാക്കിയാൽ മതി. അത്രയേ ഞാൻ പറയുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേന്ദ്ര ഗവൺമെന്റ് ട്രൈബൽ വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേകമായി നൽകിയ ഫണ്ടിനത്തിൽ എത്ര പണം ലഭിച്ചു. അതിൽ എത്ര പണം ചെലവഴിച്ചു എന്നു പറയാമോ ?

ശ്രീ. എ. കെ. ബാലൻ : ഞാൻ ഇവിടെ ശതമാനം പറഞ്ഞതല്ലോ, കൃത്യമായ കണക്ക് ഞാൻ ബഡ്ജറ്റിന്റെ ഭാഗമായി പറയാം. 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ട്രൈബൽ പ്രത്യേകിച്ച് പ്രിമിറ്റീവായിട്ടുള്ള ആദിവാസിയുണ്ട്, പ്രാക്തനാ ആദിവാസിയുണ്ട്, അവരുടെ ഉന്നമനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 148 കോടി രൂപ തന്നിട്ടുണ്ട്. അതുപ്രകാരമുള്ള പദ്ധതി ഇക്കൊല്ലം മുതലാണ് നമ്മൾ നടപ്പിലാക്കുന്നത്. അടുത്ത പഞ്ചവൽസര പദ്ധതിയിൽ തീർക്കേണ്ടതാണ്. ഈ വർഷം തീർക്കേണ്ടതല്ല. ഈ വർഷം തീർക്കേണ്ടത് 16 കോടി രൂപയാണ്. അതിനുള്ള പദ്ധതി നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒറ്റകാര്യമേ പറയാനുള്ളു. ഈ മേഖലയിൽ രണ്ട് പ്രതിസന്ധിയായിരുന്നു ഞങ്ങൾ നേരിട്ടത്. ഒന്ന്, ഇതിന്റെ നിലനിൽപ്പായിരുന്നു. മറ്റൊന്ന്, ഊർജ്ജ പ്രതിസന്ധിയായിരുന്നു. ഇത് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും നല്ല ശ്രമം നടത്തിയിട്ടുണ്ട്. ഇന്ത്യാ രാജ്യത്ത് ഈ സ്ഥാപനത്തെ വിഭജിക്കാതെ റീസ്ട്രക്ച്ചറിംഗ് നടത്താതെ, സ്വകാര്യവൽക്കരിക്കാതെ ഒരു പൊതുമേഖലക്ക് കീഴിൽ സംരക്ഷിച്ച സംസ്ഥാനങ്ങൾ കേരളവും ഹിമാചൽപ്രദേശുമാണ്. ഇനി ഏത് ഗവൺമെന്റ് വന്നാലും ഇതിനെ സ്വകാര്യവൽക്കരിക്കാൻ സാധിക്കാത്ത രൂപത്തിൽ പൊതുമേഖലയിൽ ഇതിനെ ഞങ്ങൾ സംരക്ഷിച്ചു. ഒരു രൂപത്തിലും ഈ സ്ഥാപനത്തിന്റെ നിലനിൽപ്പ് ഞങ്ങൾ ഇല്ലാതാക്കിയിട്ടില്ല. അടുത്ത 25 വർഷത്തിനുള്ളിൽ ഊർജ്ജ പ്രതിസന്ധിയില്ലാത്ത വോൾട്ടേജ് കമ്മിയില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചു. ഇന്ത്യാ രാജ്യത്ത് ആദ്യമായി എല്ലാ വീടുകളും വൈദ്യുതീകരിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യം വച്ചുകൊണ്ട് 60 അസംബ്ലി മണ്ഡലങ്ങൾ ഇപ്പോൾത്തന്നെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു. അതിൽ 20 മണ്ഡലങ്ങൾ യു.ഡി.എഫ്. എം.എൽ.എ-മാരുടേതാണ്. അവ കണ്ണൂർ, വടകര, കോഴിക്കോട്-2, പട്ടാമ്പി, ചിറ്റൂർ, തൃശ്ശൂർ, ഇരിഞ്ഞാലക്കുട, നാട്ടിക, എറണാകുളം, മട്ടാഞ്ചേരി, തൃപ്പൂണ്ണിത്തുറ, വാഴൂർ, ചങ്ങനാശ്ശേരി, പുതുപ്പള്ളി, ആലപ്പുഴ, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, കല്ലുപ്പാറ, അടൂർ എന്നിവയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് 10 മണ്ഡലങ്ങൾകൂടി സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻപറ്റും. അങ്ങനെ വരുമ്പോൾ ഏതാണ്ട് 75 ശതമാനം യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുകയാണ്. യു.ഡി.എഫ്. അധികാരത്തിലുള്ള സമയത്ത് ഒരു പഞ്ചായത്തിലെ എല്ലാ വീടുകളും സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ ഏറ്റവും അഭിമാനമായി എനിക്ക് തോന്നിയത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയുടെ പുതുപ്പള്ളി അസംബ്ലി മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച പ്രക്രിയയാണ്. മറ്റ് കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നില്ല. മറ്റൊരു കാര്യംകൂടിയുണ്ട്. വല്ലാത്ത ഒരു വേദന, നേരത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ എനിക്കും ഉണ്ട്. അത് ശരിയോ തെറ്റോയെന്ന് നിങ്ങൾ പറഞ്ഞാൽ മതി. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് പോകുന്നില്ല. 1-2-2011-ൽ ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ ഒരു പത്രസമ്മേളനംനടത്തി. അന്നുതന്നെ ശ്രീ. പി. സി. ജോർജും പത്രസമ്മേളനം നടത്തിയിട്ടുണ്ട്. കേസ് ഒതുക്കാൻ പി. സി. ജോർജ് എം.എൽ.എ. പ്രതിഫലം ചോദിച്ചു .... ജോമോൻ..... ശ്രീ. ജോമോൻ സ്വാധീനിക്കാൻ ശ്രമിച്ചു.... പി. സി. ജോർജ്. ഇതാണ് രണ്ടുകാര്യം. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് കടക്കുന്നില്ല. പക്ഷേ ശ്രീ. ജോമോൻ പറഞ്ഞ ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശരിയോ തെറ്റോയെന്നത് എനിക്കറിയില്ല. അദ്ദേഹം ശ്രീ. ജോമോനോട് പത്രസമ്മേളനം നടത്തി പറഞ്ഞകാര്യമാണ്. അതിലുള്ള പാരഗ്രാഫ്മാത്രം ഞാൻ വായിക്കാം. രണ്ട് സെന്റൻസേയുള്ളൂ. 'മന്ത്രി എ. കെ. ബാലന് എതിരായി ലോകായുക്തയിലുള്ള കേസ്സിൽ മന്ത്രിക്ക് എതിരെ വിധി പറയാൻ ലോകായുക്ത ജസ്റ്റീസ് എം. എം. പരീദ് പിള്ളയെ സ്വാധീനിക്കണമെന്ന് പി. സി. ജോർജ് എം.എൽഎ. കഴിഞ്ഞ ആഴ്ച തന്നോട് ആവശ്യപ്പെട്ടിരുന്നു. ജസ്റ്റിസ് പരീദ് പിള്ള നീതിപൂർവ്വകമായ വിധി പറയുന്ന ആളാണെന്നും അതിൽ ആശങ്കപ്പെടേണ്ടതില്ലെന്നും താൻ പി. സി. ജോർജിനോട് അപ്പോൾത്തന്നെ മറുപടിപറഞ്ഞു'. അടുത്ത സെന്റൻസ്, 'കൂടാതെ ജസ്റ്റിസ് പരീദ് പിള്ളയെ എറണാകുളം ഗസ്റ്റ്ഹൗസിൽ നേരിൽ കണ്ടപ്പോൾ പി. സി. ജോർജ് ബാലനെപ്പറ്റി പറഞ്ഞകാര്യം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു'. വല്ലാതെ വിഷമം തോന്നിയിട്ട് പറയുന്നതാണ്. വേറൊന്നും ഉണ്ടായിട്ടില്ല. ഇതിനകത്ത് എന്തെങ്കിലും വസ്തുത ഉണ്ടോ ഇല്ലയോ അത് ബഹുമാനപ്പെട്ട പി. സി. ജോർജാണ് പറയേണ്ടത്. ഞാൻ ഇതിനകത്ത് ഒരു ആരോപണവും ഉന്നയിക്കുന്നില്ല. ശ്രീ. പി. സി. ജോർജിനെതിരായി ശ്രീ. ജോമോൻ ഈ രൂപത്തിൽ ഒരു പത്രസമ്മേളനം നടത്തിയാൽ സ്വാഭാവികമായും ശ്രീ. പി. സി. ജോർജിനെ പോലെയുള്ള ഒരാൾ അന്നേരംതന്നെ നന്നായി പ്രതികരിക്കുമല്ലോ ; അദ്ദേഹം കണ്ടില്ലായെന്നുള്ളതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. സി. ജോർജ് : ഇലക്ട്രിസിറ്റി മന്ത്രി എ. കെ. ബാലൻ സഖാവേ എനിക്ക് അങ്ങയോട് സഹതാപം തോന്നുന്നു. ജോമോൻ എന്നു പറയുന്ന ഒരു ഫ്രോഡ് ഇതുപോലെ സംസാരിക്കുന്നതിന് മറുപടി പറയാൻ പറഞ്ഞാൽ അത് മനസിലാക്കണ്ടേ. വ്യവസായവകുപ്പു മന്ത്രി പറഞ്ഞതും ഇലക്ട്രിസിറ്റി മന്ത്രി പറഞ്ഞതും തമ്മിൽ അങ്ങ് ഒന്ന് ചർച്ച ചെയ്താൽമതി. അപ്പോൾ പി. സി. ജോർജിന്റെ നീതിബോധം മനസ്സിലാകും. പരീദ് പിള്ള ജഡ്ജിയെ എനിക്കറിയില്ല. അതും പരീദ് പിള്ള എന്ന ജഡ്ജിയെ സ്വാധീനിക്കാൻ ഇതുപോലെ ഒരു ഫ്രാഡാണോ അതിനയാൾ ചീഫ് ജസ്റ്റീസാണോ ? അങ്ങ് പറഞ്ഞ ഫ്രാഡ് നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞതും അത് ഏതോ ഒരു മാഫിയാ സംഘമാണ് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി പറയുന്നത് വേറെ ഒരു മാഫിയ സംഘമാണ്. രണ്ട് മന്ത്രിമാരുംപറയുന്ന മാഫിയ രണ്ടാണ്. ഇതുരണ്ടും രണ്ടാണെന്നാണ് അങ്ങ് പറഞ്ഞത്. ആ മാഫിയുടെ ശബ്ദം ഏതാണെന്ന്, ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏത് മാഫിയയുടെ ആളാണ് ഞാൻ ? 2001-ലും 2004-ലും ഞാൻ കൊടുത്ത പരാതി പോരെ? 2006-ലും 2010-ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ നിവേദനം കൊടുത്തു. ശ്രീ. വി. എസ്.അച്ചുതാനന്ദൻ പ്രതിപക്ഷനേതാവായിരുന്ന സമയത്ത് എൻ. ആർ.സുബ്രഹ്മണ്യത്തെ മാറ്റണമെന്ന് ഞാൻ ആവശ്യപ്പെട്ടു മെമ്മോറാണ്ടം കൊടുത്തു. പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ട് അദ്ദേഹത്തെ മാറ്റി. .....(ബഹളം) .....ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത് ഈ വിവരക്കേട് തന്നെയാണ്. ഇത് ആരുടേതാകാം സർ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ എനിക്ക് ബോദ്ധ്യപ്പെട്ടു. കാരണം അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. ഫ്രോഡാണ് എന്നൊക്കെ പറഞ്ഞത് സത്യം. പക്ഷേ ജോമോൻ പുത്തൻപുരയ്ക്കൽ ഒരു പുസ്തകം എഴുതിയിരുന്നു. അതായത് 'അഭയാ ഡയറി' അതിൽ അദ്ദേഹം ഒരു കാര്യം പറഞ്ഞു. കേസ് നടത്തുന്നതിന് എനിക്ക് ഒരു ലക്ഷം രൂപ പി. സി.ജോർജ് തന്നിരുന്നുവെന്ന്. അപ്പോൾ ഈ രൂപത്തിലുള്ള ഒരു ഫ്രോഡിന് ഒരു ലക്ഷം രൂപ ശ്രീ. പി. സി. ജോർജ് കൊടുത്തത് ശരിയാണോ ? അതാണ് അതിന്റെ പ്രശ്നം.

ശ്രീ. പി. സി. ജോർജ് : സർ, ഒരു പൊതുപ്രവർത്തകൻ, ആ വ്യക്തിയെപ്പറ്റി കോടതി പറയാൻ പാടില്ലാത്തത് പറഞ്ഞപ്പോൾ വളരെ വേദനയോടെ ഞാൻ അഭയാ കേസ് നടത്തിയതിന്റെ പേരിൽ ഞാൻ അനുഭവിക്കുന്ന വേദനയാണിത്. എന്നെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടാൽ ശ്രീ. എ. കെ. ബാലൻ വിളിച്ചാലും ഞാൻ സഹായിക്കും. ഒരു സംശയവും വേണ്ട. പക്ഷേ വേറൊരുകാര്യം അങ്ങനെ ഞാൻ സഹായം ചെയ്തുകൊടുത്ത ഒരുത്തൻ എനിക്ക് എതിരായി ഇപ്പോൾ ഇങ്ങനെ പറയുമ്പോൾ അതിന് പുറകിലുള്ള ചേതോവികാരം എന്താണെന്ന് മനസാക്ഷിയോടെ ചിന്തിക്കണമെന്ന് ഭരണകക്ഷിയിലെ എം.എൽ.എ.-മാരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ എതിർക്കുന്നു. ഇത് ആലോചിക്ക്. അതിൽനിന്ന് മനസ്സിലാകും സത്യം. അന്നത്തെ കാര്യം എന്ത്, ഇന്നത്തെ കാര്യം എന്ത് എന്ന് അപ്പോൾ മനസ്സിലാകും.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, ഞാൻ ഒരു കത്ത് സ്പീക്കർക്ക് കൊടുത്തിരുന്നു. ഇന്നലത്തെ ശ്രീ. പി. സി. ജോർജിന്റെ പ്രസംഗത്തിലെ ഒരു വാക്ക് നമ്മുടെ സഭയുടെ അന്തസ്സിനു നിരക്കാത്തതാണ്. ഞാൻ ഇന്നലെ കേട്ടില്ല, ഞാൻ രേഖ നോക്കിയതാണ്....x x x *....... എന്ന പരാമർശം ആ വാചകം സഭാ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്നാണ് എഴുതിത്തന്നത്.

മി. സ്പീക്കർ : യെസ്, സഭാ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

ആഭ്യന്തരവും വകുപ്പും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കേരളത്തിലെ ക്രമസമാധാന രംഗത്തുവന്ന മാറ്റങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ചർച്ചയാണ് പ്രതിപക്ഷം നടത്തിയത് എന്നുള്ളതുകൊണ്ട് എനിക്കവരോട് വളരെ നന്ദിയുണ്ട്. ക്രമസമാധാനം ഇല്ലാതാക്കുന്ന വലിയ പ്രശ്നങ്ങളൊന്നും ഇന്ന് കേരളത്തിലില്ല എന്ന് പ്രതിപക്ഷം സമ്മതിച്ചതിനാണ് ഞാൻ അവരോട് നന്ദി പറയുന്നത്.

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗം തോമസ് ചാഴികാടൻ സംസാരിക്കുന്ന സന്ദർഭത്തിൽ ഒരു കാര്യം പറഞ്ഞു. ഇവിടെ പോലീസ് സ്റ്റേഷനുകളെല്ലാം ആക്രമിക്കപ്പെടുന്നുവെന്ന് പോലീസ് സ്റ്റേഷനിൽ ആളെ പിടിച്ചുകൊണ്ടു പോകുമ്പോൾ ഇറക്കിക്കൊണ്ടു പോകുന്ന സംഭവങ്ങൾ സംസ്ഥാനത്ത് മുമ്പും ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ് ഭരണകാലത്ത് അത്തരം 20 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഉണ്ടായ സംഭവങ്ങളുമുണ്ട്. ഇപ്പോൾ കേരളത്തിലുണ്ടായ സംഭവങ്ങളിൽ പതിനേഴ് എണ്ണം നടത്തിയത് യു.ഡി.എഫ് ആണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ മുൻകാലങ്ങളിൽ ഉണ്ടാകുന്നതുപോലെ ഈ കാലത്തും ഉണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സ്ഥിതി ഇവിടെ ഉണ്ടെന്നുള്ളത് അംഗീകരിച്ചേ പറ്റൂ. കോൺഗ്രസ് ഭരിക്കുന്ന ചില സംസ്ഥാനങ്ങളിൽ പോലീസ് സ്റ്റേഷൻ തന്നെ എടുത്തുകൊണ്ട് പോകുകയാണ്. അവിടുത്തെ പോലീസുകാരൊക്കെ 'ഈ പോലീസ് സ്റ്റേഷനിൽ വെപ്പൺ വേണ്ട' എന്നുപറഞ്ഞ് അങ്ങോട്ട് എഴുതിക്കൊടുക്കുവാൻ തുടങ്ങിയിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ കഴിഞ്ഞ വർഷം ആയിരത്തോളം പോലീസുകാർ കൊലചെയ്യപ്പെട്ടു. ഇതിൽനിന്ന് വ്യത്യസ്തമായി സംസ്ഥാനത്ത് ക്രമസമാധാന പാലനത്തിൽ വന്നമാറ്റം കഴിഞ്ഞ ദിവസം പ്രധാനമന്ത്രി വിളിച്ചുചേർത്ത സമ്മേളനത്തിൽ പ്രധാനമന്ത്രിപോലും കേരളത്തിൽ നടന്ന പരിഷ്കരണത്തെ പ്രകീർത്തിച്ചുകൊണ്ട് സംസാരിച്ചതു കൊണ്ടായിരിക്കാം പ്രതിപക്ഷ മെമ്പർമാർ അത്തരത്തിലുള്ള ഒരു സമീപനം ഇവിടെ സ്വീകരിച്ചത്. മറ്റ് സംസ്ഥാനങ്ങളെപ്പറ്റിയൊന്നും ഞാൻ കൂടുതലായി പറയുന്നില്ല. മഹാരാഷ്ട്രയിൽ കണ്ടില്ലേ ഒരു ഡെപ്യൂട്ടി കളക്ടറെ മണ്ണെണ്ണ മാഫിയ ചുട്ടുകൊന്നത് ? അദ്ദേഹത്തെ താരതമ്യപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മറ്റൊരു പ്രശ്നം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ പറഞ്ഞു, ഒരു മാധ്യമ പ്രവർത്തകയായ കെ. കെ. ഷാഹിനയുടെ പേരിൽ കർണ്ണാടക പോലീസ് ഒരു കേസ്സെടുത്ത് പീഡിപ്പിക്കുന്നു ഗവൺമെന്റ് ഇടപെടണമെന്ന്. മറ്റൊരു സംസ്ഥാനമെടുത്ത കേസ് ആയതുകൊണ്ട് അതിന്റെ നിജസ്ഥിതി എന്താണെന്ന് നമുക്ക് അറിയുകയില്ല. അതൊരു ഗൗരവതരമായ പ്രശ്നമായി വന്നിട്ടുണ്ട്. കർണ്ണാടക ഗവൺമെന്റിന് ഒരു പ്രത്യേക സമീപനമുണ്ട്. ആ സമീപനം വച്ചുകൊണ്ട് അവർ ചില നിലപാടുകൾ എടുക്കുന്നുണ്ട്. അതുകൊണ്ട് ഇവിടെ ഉന്നയിച്ചിട്ടുള്ള കെ. കെ. ഷാഹിനയെ സംബന്ധിച്ച പ്രശ്നം കർണ്ണാടക ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒരു മാധ്യമ പ്രവർത്തക എന്നുള്ള നിലയിൽ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് സാധ്യമാകുന്ന ഇടപെടൽ നടത്താൻ സന്നദ്ധമാണ്. പ്രതിപക്ഷംകൂടി അനുകൂലമാണെന്ന് പറഞ്ഞുകൊണ്ട് നമുക്ക് അറിയിക്കാം. അല്ലെങ്കിൽ നിയമസഭയുടെതന്നെ അഭിപ്രായമായി നമുക്ക് അറിയിക്കാം. ഈ ഗവൺമെന്റ് അഞ്ചാമത്തെ വർഷം പൂർത്തീകരിക്കുകയാണ്. ഞങ്ങൾക്ക് അഭിമാനമുണ്ട്. കേരളം ഉണ്ടായ ശേഷം ഏറ്റവും കൂടുതൽ വികസന പ്രവർത്തനം നടത്തിയ ഒരു കാലഘട്ടമാണ് ഈ അഞ്ച് വർഷം. പ്ലാനിംഗ് ബോർഡിന്റെ കണക്ക് പ്രകാരം സർക്കാർ നാലരക്കൊല്ലംകൊണ്ട് 45,000 കോടി രൂപ ചെലവഴിച്ചു. ഇനിയുള്ള മാസത്തെ കണക്കുകൂടി വരുമ്പോൾ 50,000 കോടി രൂപ ചെലവഴിക്കുന്ന ആദ്യത്തെ ഗവൺമെന്റാണിത്. അഞ്ചു വർഷത്തെ മന്ത്രിസഭ നിങ്ങളുടെ കാലത്ത് എത്ര ചെലവഴിച്ചു ? അതിനും കണക്കുണ്ടല്ലോ ? 19,000

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയാണ് യു.ഡി.എഫ് ഭരണകാലത്ത് ചെലവഴിച്ചത്. വികസന രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കി. ഈ വികസന രംഗത്തുണ്ടായ നേട്ടങ്ങളെല്ലാം അഞ്ച് വർഷവും പുതിയ നികുതി ചുമത്താതെയാണ് ഉണ്ടാക്കിയത്. നേട്ടങ്ങളുണ്ടായിട്ടുണ്ട്, മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ മാറ്റത്തിനു കാരണം കേന്ദ്ര സഹായമാണെന്നാണ് പ്രതിപക്ഷത്തിന്റെ പ്രധാനപ്പെട്ട ആർഗ്യുമെന്റായി ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. മാറ്റംവന്നു എന്നത് പ്രതിപക്ഷവും അംഗീകരിക്കുന്നു. ....(ബഹളം) .... ഇവിടെ വന്ന എല്ലാ മാറ്റത്തിനും കാരണം കേന്ദ്ര സഹായമാണെന്നു പറഞ്ഞാൽ മാറ്റമുണ്ട് എന്നല്ലേ അതിന്റെ അർത്ഥം ? ....(ബഹളം).... ഇവിടെ വന്ന ഒരു വലിയ മാറ്റം എന്താണ് ? യു.ഡി.എഫ് ഭരണ കാലത്തുനിന്ന് വ്യത്യസ്തമായി കർഷക ആത്മഹത്യ ഇല്ലാതെയാക്കി. ഈ കർഷക ആത്മഹത്യ ഇല്ലാതായത് കേന്ദ്ര സഹായം കൊണ്ടാണോ ? കേന്ദ്ര സഹായം കൊണ്ടാണെങ്കിൽ ഞാൻ പറയട്ടെ, കഴിഞ്ഞ ദിവസം കർഷക ആത്മഹത്യ സംബന്ധിച്ച് നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പുറത്തുവന്നു. അതിൽ പറയുന്നത്, Data showed that suicides among farmers had increased during is the period. മഹാരാഷ്ട്രയിൽ 2872 കൃഷിക്കാർ ആത്മഹത്യ ചെയ്തു. അവിടെ കോൺഗ്രസ് അല്ലേ ഭരിക്കുന്നത് ? ആന്ധ്രയിൽ-2414 കൃഷിക്കാർ ആത്മഹത്യ ചെയ്തു. അവിടെ കോൺഗ്രസ് ഭരിക്കുന്നു. ബിജെപി. ഭരിക്കുന്ന കർണ്ണാടകയിൽ 2252 കൃഷിക്കാരും മദ്ധ്യപ്രദേശിൽ 1395 കൃഷിക്കാരും ഛത്തീസ്ഗഢിൽ 1802 കൃഷിക്കാരും ആത്മഹത്യ ചെയ്തു. ബി.ജെ.പി.-ക്കാരും കോൺഗ്രസ്സുകാരും ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം കർഷക ആത്മഹത്യകൾ വർദ്ധിച്ചു. ബംഗാൾ ഈ ലിസ്റ്റിൽ ഇല്ല. അതാണ് പ്രശ്നം. കർഷക ആത്മഹത്യയുടെ ലിസ്റ്റിൽ ബംഗാളും കേരളവും ഇല്ല.

ശ്രീ. ജി. കാർത്തികേയൻ : ഇത് ഏത് കണക്കാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്ത്യൻ എക്സ്പ്രസ്, നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്കാണ്.

ശ്രീ. ജി. കാർത്തികേയൻ : ബംഗാൾ ചിത്രത്തിലേ ഇല്ലേ, അവിടെ ഇതു വരെ ആത്മഹത്യയേ നടന്നില്ലേ ? അങ്ങനെയാണോ അങ്ങ് പറയുന്നത് ? അതാണോ ശരി ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കർഷക ആത്മഹത്യ സംബന്ധിച്ച് വന്ന കണക്കാണ് ഞാൻ പറയുന്നത്. ഈ പ്രശ്നം ഞാൻ അവതരിപ്പിക്കുന്നത്, കേരളത്തിൽ ഈ മാറ്റം വന്നത് കേരളം ആവിഷ്കരിച്ച നയത്തിന്റെ ഫലമായിട്ടാണ്. ഈ ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളെല്ലാംതന്നെ നമുക്ക് പൂർണ്ണ രൂപത്തിൽ എത്തിക്കുവാൻ സാധിക്കാത്തത് കേന്ദ്രം സ്വീകരിക്കുന്ന സാമ്പത്തിക നയത്തിന്റെ ഭാഗമായാണ്. വിലക്കയറ്റം, അതിരൂക്ഷമാകുന്നത് സംബന്ധിച്ച് ശ്രീ. സി. ദിവാകരൻ ഇവിടെ പറഞ്ഞു. പെട്രോളിന്റെ വില എത്രയാണ് നിങ്ങൾ വർദ്ധിപ്പിക്കുന്നത് ? ഒന്നാമത്തെ യു.പി.എ ഗവൺമെന്റ് അധികാരത്തിൽ വരുന്നകാലത്ത് 25 രൂപ കൊടുത്താൽ കിട്ടുമായിരുന്ന ഒരു ലിറ്റർ പെട്രോളിനാണ് ഇന്ന് 63 രൂപ കൊടുക്കേണ്ടി വരുന്നത്. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ 38 രൂപയാണ് പെട്രോളിന്റെ വില അധികം വർദ്ധിപ്പിച്ചത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ്

ഓയിലിന്റെ വില കുറയുമ്പോഴാണ് ഇവിടെ പെട്രോളിന്റെ വില കൂട്ടുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന് 160 ഡോളർ ഉണ്ടായിരുന്ന കാലത്ത് ഇവിടെ 42 രൂപയ്ക്ക് പെട്രോൾ വിറ്റു. ഇന്ന് 92 ഡോളറായപ്പോഴാണ് ഇവിടെ 63 രൂപ. ഈ പെട്രോളിന്റെ വില നിയന്ത്രണം ഇന്ത്യാ ഗവൺമെന്റ് എടുത്തുകളഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒരു വീപ്പയ്ക്ക് 160 ഡോളർ വില വന്നകാലം അങ്ങ് ഒന്നു പറയുമോ ? ഏത് കാലത്താണ് വന്നത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആറുകൊല്ലം മുമ്പ് കേരളത്തിൽ 42 രൂപയ്ക്ക് പെട്രോൾ വിറ്റ കാലത്താണ് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില ഇത്രയും ഉയർന്നത്. ഇന്ത്യാ ഗവൺമെന്റ് പെട്രോളിന്റെ വിലനിയന്ത്രണം എടുത്തുകളഞ്ഞു. പെട്രോളിന്റെ വില നിയന്ത്രണം എടുത്ത് കളഞ്ഞ് റിലയൻസ് കമ്പനിക്കാർക്കും പെട്രോൾ കമ്പനിക്കാർക്കും വില വർദ്ധിപ്പിക്കാൻ അവസരം കൊടുത്തു. ഇന്ത്യ ഇപ്പോൾ ഭരിക്കുന്നത് കോർപ്പറേറ്റുകളാണ്. അതിന്റെ ഫലമാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റവും അഴിമതിയുമാണ് നമ്മുടെ രാജ്യമിന്ന് നേരിടുന്ന മുഖ്യ പ്രശ്നം. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഇവിടെ നടന്ന സന്ദർഭത്തിൽ 2 ജി സ്പെക്ട്രത്തെക്കുറിച്ച് പറഞ്ഞു. 1.76 ലക്ഷം കോടി രൂപ. ആദർശ് ഫ്ളാറ്റ് കുംഭകോണം, കോമൺവെൽത്ത് ഗെയിംസ് അഴിമതി, ഐ.പി.എൽ. അഴിമതി ശ്രീ. ശശി തരൂരിന് എങ്ങനെ മന്ത്രി സ്ഥാനം പോയി ? എസ്-ബാന്റ് സ്പെക്ട്രം വിതരണം ചെയ്ത കാര്യത്തിൽ രണ്ടു ലക്ഷം കോടി രൂപയുടെ അഴിമതി നടന്നു. സി.ആന്റ്.എ.ജി. റിപ്പോർട്ട് കൊടുത്തതല്ലേ ? .....(ബഹളം)..........

ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ട് 2005-ൽ കൊടുത്ത ഈ കരാർ 2010 ആയിട്ടും ആ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രധാനമന്ത്രി എന്തുകൊണ്ട് അറിഞ്ഞില്ല ? ഐ.എസ്.ആർ.ഒ. ചെയർമാൻ ഈ വിവാദത്തിൽപ്പെട്ടിരിക്കുന്ന ആളാണ്. ഐ.എസ്.ആർ.ഒ. ആണ് ഇതു സംബന്ധിച്ച് കരാർ കൊടുത്തിരിക്കുന്നത്. ഐ.എസ്.ആർ.ഒ. യുടെ മുൻ ശാസ്ത്ര ഉപദേഷ്ടാവായിട്ടുള്ള ഡോ. എം. ആർ ചന്ദ്രശേഖരന്റെ മൾട്ടി മീഡിയ കമ്പനിക്കാണ് ഇത് കൊടുത്തിരിക്കുന്നത്. ഇതു സംബന്ധിച്ചാണ് ആക്ഷേപം വന്നിരിക്കുന്നത്. കേന്ദ്ര ഭരണത്തിൽ നടക്കുന്ന ഈ കുംഭകോണങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് ഇവിടെ വന്ന മാറ്റങ്ങൾക്ക് കാരണം. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ പറഞ്ഞു പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവർ ജയിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചു. ഇനി ഞങ്ങൾ ജയിച്ചുകൊണ്ടേയിരിക്കുമെന്ന്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം രാജ്യത്ത് വന്ന രാഷ്ട്രീയ മാറ്റം നിങ്ങൾ കാണുന്നില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പിനു ശേഷമല്ലേ ബീഹാറിൽ ഇലക്ഷൻ നടന്നത് ? സാക്ഷാൽ ശ്രീ. രാഹുൽ ഗാന്ധി അവിടെ ടെന്റ് കെട്ടി താമസിച്ചിട്ട് ബീഹാറിൽ കോൺഗ്രസിനു കിട്ടിയ സീറ്റെത്ര, നാല് സീറ്റ്. ബീഹാർ എത്രയോ തവണ ഭരിച്ച കോൺഗ്രസിന് നാല് സീറ്റായിപ്പോയതിൽ ശ്രീ. കെ. സി. ജോസഫിന് സന്തോഷം. നിങ്ങളെ [illegible] ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ വന്ന രാഷ്ട്രീയ മാറ്റം കാണാതെയാണ് ഞാൻ പറഞ്ഞതെന്ന് അങ്ങ് പറഞ്ഞു. എന്റെ ലളിതമായ ഒരു ചോദ്യം, രാഷ്ട്രീയമാറ്റത്തിന് ഒരുപക്ഷെ ചില ചെറിയ ചലനങ്ങൾ ഉണ്ടാകാം. അങ്ങ് പ്രതീക്ഷിക്കുന്ന വിജയം രാഷ്ട്രീയ മാറ്റത്തിലൂടെ മാത്രമാണോ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയ ക്ഷേമ പ്രവർത്തനങ്ങളുടെ പേരിലല്ലേ ? നിങ്ങൾ വിജയം ഉറപ്പിക്കുന്നത്. രാഷ്ട്രീയ മാറ്റത്തിന്റെ പേരിലാണോ ? അതാണ് ഞങ്ങളുടെ പോയിന്റ്. നിങ്ങൾ കേരള സംസ്ഥാനത്തിലെ ജനങ്ങളെ ശിക്ഷിച്ചുകൊണ്ടിരിക്കുന്നു. ബീഹാറിലെ കാര്യം ശരിയാണ്. ബീഹാറിൽ ഒരുപാട് തവണ ഞങ്ങൾ തോറ്റിട്ടുണ്ട്. ബീഹാറിലെ തെരഞ്ഞെടുപ്പും ഇവിടുത്തെ തെരഞ്ഞെടുപ്പും ഒരുപോലെയാണോ ? ബീഹാറിൽ തോറ്റതുകൊണ്ട് ഞങ്ങൾ ഇവിടെ തോൽക്കണമെന്നുണ്ടോ ? 1977-നുശേഷം ബീഹാറിൽ ഞങ്ങൾ ജയിച്ചിട്ടേയില്ല. സ്റ്റേറ്റുകളുടെ കണക്ക് പറഞ്ഞാൽ വെസ്റ്റ്ബംഗാളിൽ കഴിഞ്ഞ ലോക്കൽബോഡി സെലക്ഷനകത്ത് സി.പി.എം. എന്ന ഒരു പാർട്ടിയുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതിനുശേഷമാണ് ആന്ധ്രയിലെ കോൺഗ്രസിന് കുഴപ്പം. ആന്ധ്രയിലെ കോൺഗ്രസ് ഭരണം തകർച്ചയിൽ. പുതുശ്ശേരിയിലെ കോൺഗ്രസ് ഭരണം തകർന്നു. ഇന്ത്യയിൽ മുഴുവൻ കോൺഗ്രസിൽ കലാപം ആരംഭിച്ചത് പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷമല്ലേ ? അതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ചിത്രമല്ല കേരളത്തിൽ വരാൻ പോകുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷമാണ് ടു-ജി സ്പെക്ട്രം, എസ്-ബാൻഡ് സ്പെക്ട്രം, പെട്രോളിന്റെ വില വർദ്ധനവ് ഇതൊക്കെ ഉണ്ടായത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും നിങ്ങളെ ജയിപ്പിച്ചതിന്റെ പേരിൽ നിങ്ങൾ എന്തിനാണ് ജനങ്ങളെ ശിക്ഷിക്കുന്നത് ? പെട്രോളിന്റെ വില കൂട്ടിക്കൂട്ടി ജനങ്ങളെ ശിക്ഷിക്കാനാണോ നിങ്ങൾക്ക് ജനങ്ങൾ വോട്ട് ചെയ്തത് ? ആ ജനവിധി നിങ്ങളെ അഹങ്കാരികളാക്കി മാറ്റി. നിങ്ങൾക്ക് എന്തും ചെയ്യാം. ഞങ്ങൾക്ക് കേന്ദ്ര ഭരണം കിട്ടിയിരിക്കുന്നു എന്ന ധാരണയിലല്ലേ നിങ്ങൾ ഇക്കാര്യങ്ങളെല്ലാം ചെയ്തു കൂട്ടുന്നത്. അതുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് ചെയ്തിട്ടുള്ള അഞ്ച് വർഷക്കാലത്തെ പ്രവർത്തനവും കേന്ദ്ര ഭരണത്തിന്റെ കെടുതികളും മനസ്സിലാക്കുന്ന കേരളത്തിലെ ജനങ്ങളിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. കേരളത്തിലെ ജനങ്ങൾ ഇത് വിലയിരുത്തി പ്രവർത്തിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞു ശ്രീ. ഉമ്മൻചാണ്ടിയുടെ ജാഥ കണ്ട് ഞങ്ങൾ വിരണ്ടിരിക്കുകയാണെന്ന്. ഏതായാലും ശ്രീ. ഉമ്മൻചാണ്ടി നേതാക്കൻമാരുമായി ഒരു ജാഥ നടത്തിയത് നന്നായി. അദ്ദേഹം പറഞ്ഞല്ലോ ഞാൻ അങ്ങ് ചെന്നപ്പോൾ ഇക്കാര്യങ്ങളൊക്കെ ജനങ്ങൾ ഏറ്റെടുത്തെന്ന്. ജനങ്ങളെ നമ്മൾ കണ്ടല്ലോ. ജാഥ തുടങ്ങുന്ന നേരത്ത് പ്രസംഗിച്ചു ജാഥ തിരുവനന്തപുരത്ത് എത്തുമ്പോഴേക്കും ഒരു ഭൂകമ്പം ഉണ്ടാകുമെന്ന്. ഭൂകമ്പം ഉണ്ടായല്ലോ, റൗഫ് ഒരു ബോംബ് പൊട്ടിച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വേറൊരു ബോംബ് പൊട്ടിച്ചു. ഇങ്ങനെ പല പല ബോംബുകൾ പൊട്ടിയതോടുകൂടി എന്തായി ? ....(ബഹളം)........... നിങ്ങൾ പറയേണ്ടത് നിങ്ങൾ പറഞ്ഞുകൊള്ളു.

ഞാനൊന്ന് പറയട്ടെ. റൗഫിന്റെ ബോംബ് പൊട്ടിയതോടുകൂടി, റൗഫ് ഒരു ആരോപണം ഉന്നയിച്ചതോടുകൂടി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി രാവിലെ എന്തു പറഞ്ഞു, 'ഞാൻ മന്ത്രിയായിരുന്ന കാലത്ത് വഴിവിട്ട് പലതും ചെയ്തുപോയിട്ടുണ്ട് എന്ന് അദ്ദേഹം കുറ്റസമ്മതം നടത്തി. വഴിവിട്ട് പോയതു സംബന്ധിച്ച് വൈകുന്നേരം ശ്രീ. ഉമ്മൻചാണ്ടി ഒരു പത്രസമ്മേളനം നടത്തി. ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു 'തുറന്നു പറഞ്ഞതിന് സ്വാഗതം'. ഇങ്ങനെയുള്ള ഒരു ചങ്കൂറ്റം കേരളത്തിലാർക്കും കണ്ടിട്ടില്ല. വൈകുന്നേരം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു പത്രസമ്മേളനം നടത്തി പറഞ്ഞു, 'ഞാൻ അങ്ങനെയല്ല പറഞ്ഞത്. ഞാൻ അങ്ങനെ വഴിവിട്ട് സഹായിച്ചെന്നൊന്നും പറഞ്ഞിട്ടില്ല' എന്ന്. ഉടനെ പിറ്റേ ദിവസം ശ്രീ. ഉമ്മൻചാണ്ടി എന്തു ചെയ്തു, അതിനേയും സ്വാഗതം പറഞ്ഞു. ഈ രണ്ടിനേയും സ്വാഗതം ചെയ്താൽ ശ്രീ. ഉമ്മൻ ചാണ്ടി ആദ്യത്തെ സ്വാഗതത്തിലാണോ രണ്ടാമത്തെ സ്വാഗതത്തിലാണോ ഇപ്പോൾ നിൽക്കുന്നത് ? ബോംബ് എവിടെ പൊട്ടി ? ജാഥ പുറപ്പെട്ടപ്പോൾ ഉണ്ടായ ബോംബ് ഇപ്പോൾ എവിടെ നിൽക്കുന്നു ? ജാഥ നടത്തിയിട്ട് മാറ്റം വരുമെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ടതോടുകൂടി കേരളം മാറുമെങ്കിൽ ശ്രീ. ഉമ്മൻചാണ്ടിയേക്കാൾ ആദരണീയനായ നേതാവല്ലേ മിസ്റ്റർ എ. കെ. ആന്റണി ? അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് പാർലമെന്റ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഒരു ജാഥ നടത്തിയത് ഓർമ്മയുണ്ടോ ? മുഖ്യമന്ത്രിയായിരുന്നതുകൊണ്ട്, നിങ്ങൾ എല്ലാ മന്ത്രിമാരും കേരളം മുഴുവൻ യാത്ര നടത്തിയിട്ടും പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങൾ തോറ്റില്ലേ ? ....(ബഹളം).............അസംബ്ലി തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ശ്രീ. എ. കെ. ആന്റണി ജാഥ നടത്തിയിട്ട് നിങ്ങൾക്ക് ജയിക്കാൻ സാധിച്ചോ ? നിങ്ങൾ മന്ത്രിമാർ മുഴുവൻ പോയി. .... (ബഹളം)........ അതുകൊണ്ട് ജാഥ നടത്തിയതുകൊണ്ട് ഇതിലൊന്നും ഞങ്ങൾക്ക് ഭയമില്ല. നിങ്ങളുടെ ഒരുപാട് ജാഥകൾ കണ്ടവരാണ് കേരളത്തിലെ ജനങ്ങൾ. പക്ഷെ എനിക്ക് അൽഭുതം തോന്നുന്നത്, ഒരു കോടി ആളുകളുടെ ഒപ്പ് ശേഖരിച്ച മെമ്മോറാണ്ടം ഗവർണ്ണർക്ക് കൊടുക്കുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചു. കൊടുത്തപ്പോൾ ഒരു കോടിക്ക് ഒന്ന് കുറവുമില്ല. അധികവുമില്ല. ഇങ്ങനെ കറക്റ്റായി ഒപ്പ് ശേഖരിക്കാൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചു ? ഇത് ഒരു വലിയ സംഘടനാ രീതി തന്നെയാണ്. ഏതായാലും ഇരിക്കട്ടെ. ഇവിടെ യു.ഡി.എഫ്. -ന് അകത്തുള്ള തമ്മിലടിയും പ്രശ്നങ്ങളും എല്ലാം കാരണം ഐക്യജനാധിപത്യ മുന്നണി ഇന്നത്തെ രൂപത്തിൽ തുടരാൻ പോകുന്നില്ല. കേരളത്തിൽ ആരംഭിച്ച വികസന പ്രവർത്തനങ്ങൾക്ക് ഒരു തുടർച്ചയുണ്ടാകണം. കേരളത്തെ ഒരു വികസിത സംസ്ഥാനമാക്കി മാറ്റണം. അതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ആരംഭിച്ച പ്രവർത്തനങ്ങളിൽ പരമാവധി കാര്യങ്ങൾ ഞങ്ങൾ ചെയ്തു. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുന്നതോടുകൂടി യു.ഡി.എഫ്. നടത്തിയ എല്ലാ പ്രചരണങ്ങളും പൊളിയും. ഇതോടുകൂടി കേരളം ഒരു വികസിത സംസ്ഥാനം എന്ന നിലയിലേക്ക് എത്തുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റിന് തുടർച്ചയുണ്ടാകണം. അതിനുവേണ്ടി കേരളത്തിലെ ജനങ്ങളിലാണ് ഞങ്ങൾ പ്രതീക്ഷ അർപ്പിക്കുന്നത്. ജനങ്ങളിൽ മാറ്റമുണ്ടാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ആ മാറ്റത്തിന്റെ കൂടെ ജനങ്ങൾ ഉണ്ടാകും. അതുകൊണ്ട് ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഒരു ചൂണ്ടു പലകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : എല്ലാം ശരിയാണ്. വേറെ പേടിക്കാനൊന്നുമില്ല നിങ്ങൾക്ക് പിൻതുണയുണ്ടെന്നുപറഞ്ഞു. പിന്നെ എന്തിനാണ് നിങ്ങൾ ഒരാൾ വടക്കുനിന്നും ഒരാൾ തെക്കുനിന്നും ജാഥ നടത്തുന്നത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ജനങ്ങളെ അറിയിക്കാൻ ഇനിയിപ്പോൾ ഞങ്ങൾക്ക് സമയമില്ല. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് രണ്ടായി വിഭജിച്ച് പ്രചരണ പരിപാടിക്ക് പോകുക എന്നതാണ്. കേരളത്തെ ഇളക്കി മറിക്കുന്ന പ്രചരണ പരിപാടി. നിങ്ങളുടെ യോഗത്തിൽ കൂടിയതിനേക്കാൾ ഇരട്ടി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിൽ ഒരു വികസന മുന്നേറ്റത്തിന് തുടർച്ചയുണ്ടാകുന്നതിനുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളിലേക്ക് ഇറങ്ങി തിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ജാഥ നടത്തിയെന്ന് പറഞ്ഞുകൊണ്ട് ഇതാ ഞങ്ങൾ ഇവിടെ ഇരിക്കാൻ പോകുന്നു എന്ന് പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കേണ്ട. ഞങ്ങൾ ഏറ്റിട്ടുള്ള ഉത്തരവാദിത്വം ഞങ്ങൾ പൂർത്തീകരിക്കും. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അതിന് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുകയാണ്. അതിനുവേണ്ടി ഇവിടെ ഗവർണ്ണർ നയപ്രഖ്യാപനം നടത്തിയതിൽ അദ്ദേഹത്തോട് നന്ദിയുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപനം ഗവൺമെന്റിന്റേതാണെങ്കിലും റിപ്പബ്ലിക് ദിനത്തിൽ ഗവർണ്ണർ സ്വയം ഒരു പ്രസംഗം നടത്തി. അന്ന് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിനെ പ്രശംസിച്ചു. ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് ഗവർണ്ണർ പ്രസംഗിച്ചു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാരും മന്ത്രിമാരും നിങ്ങൾ തൊടുത്തുവിട്ട ആക്ഷേപങ്ങൾക്ക് സമർത്ഥമായ നിലയിൽത്തന്നെ മറുപടി പറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. കൂടുതൽ എനിക്ക് പറയാൻ ഇടവരാത്ത രീതിയിൽ അവർതന്നെ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ജാഥയുടെ സ്ഥിതിയെ സംബന്ധിച്ച് അദ്ദേഹംതന്നെ അവസാനം "എന്റെ കയ്യിൽനിന്ന് ആ ജാഥ വഴുതിപ്പോയി" എന്ന് പറഞ്ഞു. അദ്ദേഹം ഉദ്ദേശിച്ചത് ജനങ്ങൾ അദ്ദേഹത്തിനെ വാരിപൊതിഞ്ഞ് എടുത്തു എന്നാണ്. അങ്ങനെ എടുത്തതാണോ ? അതോ ശ്രീ. റൗഫിന്റേയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടേയും പ്രഖ്യാപനങ്ങൾ വന്നതിനുശേഷം വഴുതിയതാണോ ? അത് വിശദീകരിച്ചിട്ടില്ല. ഏതായാലും ജാഥ വഴുതിപ്പോയി. അത് ചീറ്റിപ്പോകുമെന്ന് ഞങ്ങൾ നേരത്തെതന്നെ പറഞ്ഞിരുന്നു.

ഈ ജാഥ തിരുവനന്തപുരത്തേക്കല്ല, ഡൽഹിയിലേക്കാണ് പോകേണ്ടതെന്ന് കോഴിക്കോട്ട് എത്തിയപ്പോൾതന്നെ ഞാൻ ഉപദേശിച്ചു. കാരണം, പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യം, അതുപോലെതന്നെ അരിയുടെ കാര്യം ഇതുപോലുള്ള ഒട്ടേറെ കാര്യങ്ങൾ ഞങ്ങളിങ്ങനെ പറഞ്ഞിട്ടും കേന്ദ്രം വേണ്ടതുപോലെ പരിഗണിക്കുന്നില്ല. ആ കാര്യങ്ങളടക്കം പറയുന്നതിനുവേണ്ടി നിങ്ങൾ ആത്മാർത്ഥ

മായാണ് ജാഥ നടത്തുന്നതെങ്കിൽ നിങ്ങളുടെകൂടി ഭാഗഭാഗിത്വമുള്ള ഒരു കേന്ദ്ര ഗവൺമെന്റ് അധികാരത്തിലുള്ളപ്പോൾ കേരളത്തെ നന്നാക്കുന്നതിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന നിങ്ങൾ അതുസംബന്ധിച്ചുകൂടി പറയുന്നതായിരിക്കും നല്ലത് എന്ന നിലയിലാണ് ഞാൻ അതിനെ ഉപദേശിച്ചത്. പക്ഷേ ഉപദേശം കേട്ടില്ല. തെക്കോട്ടുതന്നെ, തിരുവനന്തപുരത്തേക്കുതന്നെ ലക്ഷ്യംവച്ചാണെങ്കിലും ഇടയ്ക്ക് മലപ്പുറത്തേക്കുവന്നു. അവസാനം പത്തനംതിട്ടയിലേക്ക് എത്തുന്നു. എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും ആകെയൊന്ന് കുഴങ്ങി. വഴുതിയത് തന്നെയാണെന്ന് അദ്ദേഹം സൂചിപ്പിച്ചത് ശരിയാണെന്ന് വിശ്വസിക്കാൻ തക്ക വിധത്തിലുള്ള കാര്യങ്ങളിലാണ് അവസാനം എത്തിയിരിക്കുന്നത്. ഈ അഞ്ചുകൊല്ലം അവസാനിക്കാൻ പോകുന്ന അവസരത്തിൽ ഞങ്ങൾ കൈകാര്യം ചെയ്ത വകുപ്പുകൾ ഫലപ്രദമായി ഓരോന്നിനെ സംബന്ധിച്ചും പ്രൂവ് ചെയ്യത്തക്ക വിധത്തിൽ ജനങ്ങളെ ബോധ്യപ്പെടുത്തികൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കുടിവെള്ള പ്രശ്നം, കേരളത്തിന്റെ വൈദ്യുതി പ്രശ്നം ഇവയൊക്കെയാണ്. അന്ധകാരം തലയിൽ കയറിക്കഴിഞ്ഞാൽ വസ്തുക്കൾ കാണാൻ കഴിയില്ല. ഇപ്പോൾ നാല് ജില്ലകളിലെ അന്ധകാരം മാറ്റുന്നതിനുവേണ്ടിയുള്ള സമീപനമുണ്ടായി. ഇപ്പോൾ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം വന്നുവെന്നാണ്. പക്ഷേ ഇദ്ദേഹത്തിന്റെ കണ്ണിലേക്ക് വൈദ്യുതി കടക്കാതിരുന്നല്ലോ എന്നാണ് എനിക്ക് ശ്രീ. എ. കെ. ബാലനോട് പറയാനുള്ളത്. പക്ഷേ ശ്രീ. എ. കെ. ബാലൻ അത് അറിഞ്ഞുകാണില്ല. കണ്ണിലേക്ക് നല്ലതുപോലെ വെട്ടം കയറിക്കാണും. കാരണം വീട്ടിനകത്തൊക്കെ ആ വെട്ടം പ്രസരിച്ചുകാണും എന്നല്ലേ ന്യായമായും കരുതാനൊക്കുകയുള്ളൂ? പക്ഷേ ശ്രീ. ഉമ്മൻ ചാണ്ടി പറയുകയാണ് അന്ധകാരമാണെന്ന്. ആ അന്ധകാരത്തിന് കാരണം യഥാർത്ഥ വസ്തുത കാണാൻ കൂട്ടാക്കാത്തതാണ്. കണ്ണ് മാത്രമല്ല, മനസ്സും ചേർന്നാലേ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാൻ കഴിയൂ. ആ നിലയിൽ നിങ്ങൾ വളരെയധികം മാറിപ്പോയിരിക്കുകയാണ് തെറ്റിപ്പോയിരിക്കുകയാണ്. നേരായ നിലയിൽ വസ്തുതകൾ മനസ്സിലാക്കാൻ തുനിഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾ ഈ വിവിധ വകുപ്പുകളിലൂടെ കേരളത്തിന്റെ വികസനത്തിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നിങ്ങൾ അംഗീകരിക്കാതിരിക്കില്ല. കേന്ദ്ര മന്ത്രിമാർ ഞങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ എഴുതി അറിയിച്ചിട്ടുണ്ട്. അവാർഡ് തന്നിട്ടുണ്ട്. കേന്ദ്ര മന്ത്രിമാരെ ഉപദേശിക്കുന്നതിന് നിങ്ങൾ ശ്രീമതി സോണിയാഗാന്ധിയെ സമീപിച്ചു. കേരളത്തിൽ വരാതെ അവിടിരുന്നു മന്ത്രിമാരെപ്പറ്റി ഇങ്ങനെ അഭിപ്രായം പറയുന്നത് നല്ലതല്ല, അതുകൊണ്ട് അവരെ ഉപദേശിക്കണമെന്ന് പറഞ്ഞു. പക്ഷേ ശ്രീമതി സോണിയാ ഗാന്ധിതന്നെ കേരളത്തിലെ എം.പി.-മാരെ സംബന്ധിച്ച് അവരുടെ മനസ്സിൽ എന്ത് തോന്നിക്കാണുമെന്നു പോലും ചിന്തിക്കാനുള്ള വിവരമോ വിവരക്കേടോ എന്ന് ഞാൻ പറയുന്നില്ല, ഏതായാലും അവർക്കുപോലും മോശമുണ്ടാകുന്ന വിധത്തിലുള്ള ഗൂഢശ്രമങ്ങളും അഭ്യർത്ഥനകളുമാണ് നിങ്ങൾ നടത്തിയിട്ടുള്ളത്. ഏതായാലും കേരളത്തിലെ ജനങ്ങൾക്ക് ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ രീതി എന്തെന്നുള്ളത് അറിയാം. ഈ അവസാന കാലം നിങ്ങൾ ഓരോന്നോരോന്നായി എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ കഴിയുന്നതാണ്. നിങ്ങൾ മൂന്നു രൂപയ്ക്ക് അരി കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തില്ല. ഞങ്ങൾ രണ്ടു രൂപയ്ക്ക് 40 ലക്ഷത്തോളം ആളുകൾക്ക് അരി കൊടുത്തു. അരി കൊടുത്തുവെന്നുള്ള സത്യം നിലനിൽക്കുകയല്ലേ ? അങ്ങനെ ഭക്ഷ്യ സാധനങ്ങൾ വിലകുറച്ച് കൊടുക്കുന്നതിനുവേണ്ടി മാർക്കറ്റ് ഇടപെടൽ നടത്തി പതിമൂന്നര രൂപയ്ക്കും പതിനാലര രൂപയ്ക്കും അരി കൊടുത്തുവെന്നുള്ളത് സത്യമല്ലേ ? നിങ്ങൾക്ക് മറച്ചുവയ്ക്കാൻ കഴിയുമോ ? അതേപോലെ ഭക്ഷണ സാധനത്തിന്റെ കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന അവസരത്തിൽ അവരെ സഹായിക്കുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിച്ചുവെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. നിങ്ങൾക്കോ നിങ്ങളുടെ കേന്ദ്ര ഗവൺമെന്റിനോ മറ്റ് സംസ്ഥാനങ്ങളിൽ ഭരിക്കുന്ന കോൺഗ്രസ്സ് ഗവൺമെന്റുകൾക്കോ ബി.ജെ.പി. ഗവൺമെന്റുകൾക്കൊന്നും സാധിക്കാത്തത് ഞങ്ങൾക്ക് ഇവിടെ സാധിച്ചുവെന്നുള്ളത് അഭിമാനത്തോടുകൂടി ഓർക്കുകയാണ്. ജനങ്ങൾ ആ നിലയിലാണ് പറയുന്നത്. നിങ്ങൾക്ക് കുശുമ്പ് തോന്നിയിട്ട് കാര്യമില്ല. അതേപോലെതന്നെ കേരളമാകെ വൈദ്യുതീകരിക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഞങ്ങൾ നടത്തി. അത് ഉൾപ്പെടെ ഇപ്പോൾ വിജയിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നത് മോശമാണോ ? കുടിവെള്ളത്തിന്റെ പ്രശ്നം, ഏതാണ്ട് അടുത്ത കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ പരിശോധിച്ചാൽ കേരളത്തിന്റെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് ആവശ്യമായ ആത്മാർത്ഥമായ ശ്രമത്തേയും കോൺഗ്രസ്സ് എന്നോ യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ വ്യത്യാസമില്ലാതെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളേയും ഞങ്ങൾ അഭിമാനത്തോടുകൂടിയാണ് ഓർക്കുന്നത്. ആ നിലയിൽ ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സത്യസന്ധമായി പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നുംതന്നെ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. അദ്ദേഹം കഴിഞ്ഞ തവണ ഇവിടെ വന്നിട്ട് നിങ്ങളുടെ അടുത്തുകൂടി ഒന്നുപോയി എന്നുള്ളതിന്റെ പേരിൽ നിങ്ങൾ അഭിമാനം കൊണ്ടെങ്കിൽ ഇത്തവണ നിങ്ങൾ അദ്ദേഹത്തെ തിരിഞ്ഞു നോക്കാൻപോലും തയ്യാറായില്ല. കാരണം ചില സത്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നതുകൊണ്ടാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഈ അവസരത്തിൽ പറയാനുള്ളത് ഈ അവസാന കാലത്ത് നിങ്ങൾ തമ്മിൽ കുശുമ്പും കുന്നായ്മയും പറഞ്ഞ് വ്യത്യസ്തമായ സമീപനത്തോടുകൂടി പോകാതെ സാങ്ഷൻ തരേണ്ട കാര്യങ്ങളെങ്കിലും തരാൻ തക്കവണ്ണമുള്ള ഒരു സമീപനം നിങ്ങൾ എടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ...

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എന്തോന്ന് ചോദിക്കാനാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ? ശ്രീ. ആര്യാടൻ മുഹമ്മദ് എന്ത് ചോദിക്കാനാണ് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ഗവർണ്ണറെക്കുറിച്ച് പറഞ്ഞു. ഗവർണ്ണർ ഇതിലെ വന്നിട്ടില്ലെങ്കിലും ഞങ്ങൾക്ക് അദ്ദേഹത്തെക്കുറിച്ച് നല്ല അഭിപ്രായമാണ്. അങ്ങയുടെ ഗവൺമെന്റ് അദ്ദേഹത്തിന്റെ പേരിൽ ഒരു കേസ്സ് കൊടുത്തു. മര്യാദക്കാരനായ അദ്ദേഹത്തിന്റെ പേരിലുള്ള ആ കേസ്സൊന്ന് പിൻവലിക്കാൻ എന്തെങ്കിലും നടപടിയും കൈക്കൊള്ളാൻ അങ്ങ് തയ്യാറുണ്ടോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഏത് കേസ്സാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ? ശ്രീ. ആര്യാടൻ മുഹമ്മദ് എഴുതിത്തന്നാൽ ആ കത്ത് കിട്ടിയാൽ അതനുസരിച്ചുള്ള മറുപടി ഞാൻ പറയുന്നതാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് എന്നെ സംബന്ധിച്ച് അടിയന്തര പ്രമേയത്തിൽ ഉന്നയിച്ച കാര്യങ്ങൾ ഉന്നയിക്കുമ്പോൾതന്നെ എം.എൽ.എ. പ്രശ്നത്തിലുള്ള ബന്ധം എനിക്ക് അറിയാൻ പാടില്ലാഞ്ഞിട്ടാണെന്നാണോ നിങ്ങൾ ധരിച്ചത് ? ഈ പാവനമായ അസംബ്ലിയിൽ മലീമസമായ കാര്യങ്ങൾ ഉപയോഗിച്ച് അഭിപ്രായ വ്യത്യാസമുണ്ടാക്കാമെന്ന് കരുതി അതിനൊന്നും തുനിയുന്നവനല്ല ഞാൻ. അത് ശ്രീ. ആര്യാടൻ മുഹമ്മദ് മനസ്സിലാക്കണം. ....(ബഹളം)................എന്തിനാണ് ഈ ബഹളം ? എന്ത് കേസ്സാണെന്നോ ? ആ കേസ്സ് ഏത് കേസ്സ് ? ആ കേസ്സുതന്നെ അതുതന്നെ. കേസ്സ് ഞാൻ പറയുന്നത്, സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ....(ബഹളം) ....സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ....

ശ്രീ. കെ. സി. ജോസഫ് : സർ, പോയിന്റ് ഓഫ് ഓർഡർ, ...

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ...പോയിന്റ് ഓഫ് ഓർഡർ.............

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അദ്ദേഹം, ശ്രീ. ആര്യാടൻ മുഹമ്മദ് ചോദ്യം ചോദിച്ചതുകൊണ്ടാണ് ഇരുന്നത്. ബാക്കി പറയുകയാണ്. പ്രസംഗം അവസാനിച്ചിട്ടില്ല.

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ........ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പോയിന്റ് ഓഫ് ഓർഡർ .... ശ്രീ. കെ. സി. ജോസഫിന്റെ പോയിന്റ് ഓഫ് ഓർഡർ.........

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗവർണ്ണർക്കെതിരായി ശ്രീ. പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്ത നടപടി ചോദ്യം ചെയ്ത് കൊടുത്ത കേസ് സൂചിപ്പിച്ചപ്പോൾ മുഖ്യമന്ത്രി എന്തോ അവ്യക്തമായി പറഞ്ഞ് അവസാനിപ്പിച്ചു. ആ കേസ്...ആ കേസ് എന്നുപറഞ്ഞു. ഈ സഭയിൽ ഒരു പുകമറ സൃഷ്ടിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രി വ്യക്തമാക്കണം. എന്ത് കേസ് ? എന്താ അങ്ങ് പറയാൻ ഉദ്ദേശിക്കുന്നതെന്ന് ഈ സഭയിൽ. വ്യക്തമാക്കണം. അങ്ങ് വ്യക്തമാക്കാതെ പോകുന്നത് ശരിയല്ല. ഈ സഭയ്ക്ക് അറിയണം. എന്താണ് അങ്ങ് ഉദ്ദേശിക്കുന്ന കേസ് ? അങ്ങ് പറയണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, എന്റെ സ്നേഹിതൻ ശ്രീ. ആര്യാടൻ മുഹമ്മദ് ക്ലിയറായൊന്നും പറഞ്ഞില്ല. ഇപ്പോൾ ശ്രീ. കെ.സി. ജോസഫാണ് അദ്ദേഹത്തിനുവേണ്ടി ക്ലിയറായി പറഞ്ഞിട്ടുള്ളത്. അല്ലേ ; അതല്ലേ ? അത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ മറുപടി പിന്നീട് പറയുന്നതാണ്. ഞാൻ പറഞ്ഞുവന്നത് നിങ്ങളുടെ കാലത്ത്, യു.ഡി.എഫ്.-ന്റെ കാലത്ത് ഇൻഫോപാർക്ക്...... ഇൻഫോപാർക്ക്.....ഇപ്പോൾ സ്മാർട്ട് സിറ്റിയുടെ കാര്യത്തെ സംബന്ധിച്ച് ഒത്തുതീർപ്പിലായി... അത് ഭംഗിയായി നടക്കുമെന്ന് വന്നതോടുകൂടി അവർക്കിപ്പോൾ സ്മാർട്ട് സിറ്റി ഇല്ല. ഓരോ കൊല്ലവും ആ സ്മാർട്ട് സിറ്റിയുടെ കല്ലിട്ട സ്ഥലത്ത് പോയി അവർ ദുഃഖകരമായി കറുപ്പുകൊടി തൂക്കി സന്തോഷിച്ചവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിപ്പോൾ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകാൻ പോകുന്നുവെന്ന് വന്നുകഴിഞ്ഞപ്പോൾ അവർക്ക് വ്യസനമുണ്ട്. അതുപോലെത്തന്നെ ദുബായി കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിരുന്നതാണ് ഇൻഫോപാർക്ക്. അത് ഞങ്ങൾ സമ്മതിച്ചില്ല. ഭാഗ്യത്തിന് പെട്ടെന്ന് തെരഞ്ഞെടുപ്പുവന്നു. തെരഞ്ഞെടുപ്പിൽ ശ്രീ. ഉമ്മൻചാണ്ടിയും കൂട്ടരും തോറ്റു. ഞങ്ങൾ ജയിച്ചു. അതിനെത്തുടർന്ന് അവരുമായിട്ടുള്ള ചർച്ചയിൽ ഇൻഫോ പാർക്ക് തരാനൊക്കില്ലെന്ന് ശക്തമായി നാം ആവശ്യപ്പെടുകയും അവർ സമ്മതി ക്കുകയും ചെയ്തു. ഇവർ ഫ്രീയായി കൊടുക്കാനുദ്ദേശിച്ചതല്ല, പൈസ വാങ്ങി എന്നൊക്കെ പിന്നീട് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. ഞാൻ അത് സമ്മതിക്കുന്നു, മുഖവിലയ്ക്ക് ഞാനത് സമ്മതിക്കുന്നു. രണ്ടായിരം ആളുകളാണ് അവിടെ ജോലി ചെയ്തിട്ടുള്ളത്. ഇന്നിപ്പോൾ 13500-ഓളം ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നുണ്ട്. നമ്മുടെ സ്വന്തം സ്ഥാപനം. ടെക്നോപാർക്കും ഇൻഫോപാർക്കുമാണ് ഉണ്ടായി രുന്നതെങ്കിൽ ഇപ്പോഴുള്ളത് 10 പാർക്കുകളാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന പാർക്കുകൾ ഇപ്പോൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അത് സംബന്ധിച്ച് നിങ്ങൾക്ക് സന്തോഷിക്കാനോ അല്ലെങ്കിൽ ദുഃഖിക്കാനോ എന്താണോ അവസരമെന്നുവച്ചാൽ അത് ചെയ്യാം. ഉള്ള വസ്തുത ഞാൻ പറയുകയാണ്. ഇങ്ങനെയുള്ള വളർച്ച ഐ.ടി. രംഗത്തും ഉണ്ടായിട്ടുണ്ടെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് ഇപ്പോഴുണ്ടായ ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരം ഒഴിയുന്നതിനുമുമ്പ്, അല്ലെങ്കിൽ ഈ സർക്കാരിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് വളരെ വേഗത്തിൽത്തന്നെ സിറ്റിയുടെ പുതിയ കെട്ടിടങ്ങൾ ഉയരുന്നതാണ് എന്നുകൂടി ഞാൻ അറിയിച്ചുകൊണ്ട് ശ്രീ. പി. ജയരാജന്റെ നന്ദിപ്രമേയം ഞാൻ അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയുടെ 1-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ 14,15,16,17,18 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 19, 20, 21, 22, 23, 24, 25, 26, 27 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി.ബാബു പ്രസാദ്, അങ്ങയുടെ 34, 35, 36, 37 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി.ബാബു പ്രസാദ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എ. ഷുക്കൂർ, അങ്ങയുടെ 43, 44, 45, 46, 47, 48 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു അങ്ങയുടെ 49, 50, 51, 52, 53, 54, 55 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ബാബു : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ്, അങ്ങയുടെ 56, 57, 58, 59, 60 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. എ.വാഹീദ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അങ്ങയുടെ 94, 95, 96, 97, 98 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങയുടെ 134, 135 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ 142, 143 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ചോദ്യങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി, അങ്ങയുടെ 144, 145 എന്നീ നമ്പർ ചോദ്യങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ, അങ്ങയുടെ 148-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. അജിത്
6. ശ്രീ. ആനത്തലവട്ടം ആനന്ദൻ
7. ശ്രീമതി ജെ. അരുന്ധതി
8. ശ്രീ. എ. എ. അസീസ്
9. ശ്രീ. ബാബു എം. പാലിശ്ശേരി
10. ശ്രീ. ബാബു പോൾ
11. ശ്രീ. എം. എ. ബേബി
12. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
13. ശ്രീ. എ. കെ. ബാലൻ
14. ശ്രീ. പള്ളിപ്രം ബാലൻ
15. ശ്രീമതി ഇ. എസ്. ബിജി മോൾ
16. ശ്രീ. ബിനോയ് വിശ്വം

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. എ. കെ. ചന്ദ്രൻ
18. ശ്രീ. എം. ചന്ദ്രൻ
19. ശ്രീ. വി. ചെന്താമരാക്ഷൻ
20. ശ്രീ. ബി. ഡി. ദേവസ്സി
21. ശ്രീ. സി. എം. ദിനേശ് മണി
22. ശ്രീ. സി. ദിവാകരൻ
23. ശ്രീ. കെ. കെ. ദിവാകരൻ
24. ശ്രീ. എം. ഹംസ
25. ശ്രീ. കെ. കെ. ജയചന്ദ്രൻ
26. ശ്രീ. പി. ജയരാജൻ
27. ശ്രീ. ജോസ് തെറ്റയിൽ
28. ശ്രീ. എളമരം കരീം
29. ശ്രീ. പി. കൃഷ്ണപ്രസാദ്
30. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
31. ശ്രീ. കെ. കുഞ്ഞിരാമൻ
32. ശ്രീ. കെ. സി. കുഞ്ഞിരാമൻ
33. ശ്രീ. ടി. പി. കുഞ്ഞുണ്ണി
34. ശ്രീമതി കെ. കെ. ലതിക
35. ശ്രീ. മാത്യു ടി. തോമസ്
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. എം. എം. മോനായി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. പി. പത്മനാഭൻ
40. ശ്രീ. എ. പ്രദീപ് കുമാർ
41. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
42. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
43. ശ്രീ. എം. കെ. പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. ബി. രാഘവൻ

45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. കെ. സി. രാജഗോപാലൻ

47. ശ്രീ. രാജാജി മാത്യു തോമസ്

48. ശ്രീ. എൻ. രാജൻ

49. ശ്രീ. കെ. പി. രാജേന്ദ്രൻ

50. ശ്രീ. രാജു എബ്രഹാം

51. ശ്രീ. കെ. രാജു

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. സി. കെ. സദാശിവൻ

56. ശ്രീ. സാജു പോൾ

57. ശ്രീമതി കെ. എസ്. സലീഖ

58. ശ്രീ. വി. ശശികുമാർ

59. ശ്രീ. ആർ. സെൽവരാജ്

60. ശ്രീ. എസ്. ശർമ്മ

61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

62. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

63. ശ്രീ. വി. ശിവൻകുട്ടി

64. ശ്രീ. വി. സുരേന്ദ്രൻപിള്ള

65. ശ്രീ. വി. എൻ. വാസവൻ

66. ശ്രീ. എം. വിജയകുമാർ

67. ശ്രീ. പി. വിശ്വൻ

68. ശ്രീ. എ. എം. യൂസഫ്

680/2016

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ബി. ബാബു പ്രസാദ്
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. പി. സി. ജോർജ്
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. ജോസഫ് എം. പുതുശ്ശേരി
13. ശ്രീ. വർക്കല കഹാർ
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
16. ശ്രീ. കെ. പി. മോഹനൻ
17. ശ്രീ. മോൻസ് ജോസഫ്
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. അടൂർ പ്രകാശ്
21. ശ്രീ. ടി. എൻ. പ്രതാപൻ
22. ശ്രീ. യു. സി. രാമൻ
23. ശ്രീ. എൻ. ശക്തൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. കെ. കെ. ഷാജു

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. എ. എ. ഷുക്കൂർ

27. ശ്രീ. തോമസ് ചാഴികാടൻ

28. ശ്രീ. എം. ഉമ്മർ

29. ശ്രീ. പി. എം. എ. സലാം

അനുകൂലിക്കുന്നവർ : 68

പ്രതികൂലിക്കുന്നവർ : 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.47-ന് പിരിഞ്ഞു.)

അനുബന്ധം - I

[നക്ഷത്രചിഹ്നമിട്ട 1(*61)-ാം നമ്പർ ചോദ്യം കാണുക]

ക്രമ നമ്പർ	മാന്ദ്യ പാക്കേജിൽ അനുമതി നല്കിയ ബൈപ്പാസുകൾ	ഇപ്പോഴുള്ള പുരോഗതി
(1)	(2)	(3)
1	റാന്നി ബൈപ്പാസ് - I&II - 6 കോടി (പത്തനംതിട്ട ജില്ല)	വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2	മുണ്ടക്കയം ബൈപ്പാസ് - 2 കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
3	കോടിമത ചുങ്കം ബൈപ്പാസ്- 5-കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
4	പട്ടിത്താനം ഏറ്റുമാനൂർ, മണർക്കാട് - 10 കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
5	കാക്കനാട്-തങ്കളം - 5 കോടി (എറണാകുളം ജില്ല)	LA നടപടികൾ ആരംഭിച്ചു.
6	പെരുമ്പാവൂർ ബൈപ്പാസ് - 10 കോടി (എറണാകുളം ജില്ല)	കെ.എസ്.സി.സി.-യെ ഏൽപ്പിച്ചു.
7	യാക്കര-തിരുനെല്ലായി ബൈപ്പാസ് - 2.43 കോടി (പാലക്കാട് ജില്ല)	പ്രവൃത്തി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly